The greatest problem of the modern world is the problem of preserving international peace. There is no better way of ensuring the preservation of peace than that of making the peoples of the world get to know one anothr more closely than in the past. This can be done by encouraging as many people as possible to visit other countries, and get acquainted with their people. Statesmen and politicans, writers and preachers, businessmen and farmers, teachers and students, must be given every facility by their governments to visit foreign countries and establish friendship with foreign nationals. Travelling, therefore, is not merely a useful and plesant form of education to-day; it is a vital necessity.

# The National Cadet Corps

*( N. Thamby, P. U. C. )*

The National Cadet Corps is a healthy organization established for the benefit of the youth of our country. If education aims at the development of one's mind, character, and body, the N. C. C. plays a vital part in the sphere of education.

The aims of the N. C. C. are: to develop character, comradeship, spirit of service, and capacity for leadership among young men and women; to give service-training to young women and men so as to stimulate interest in the defence of the country; and to provide a potential reserve of officers to enable the armed forces to expand rapidly in a national emergency.

Prime importance is given in the N. C. C. to character formation. The future of our country depends upon the character of our youth. So the N. C. C. training is aimed at producing brave, honest, and patriotic young women and men. The N. C. C. inculcates in the

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

minds of her cadets respect for themselves, and for others. N. C. C. training enriches the cadets' capacity for leadership, which will ultimately contribute towards national welfare. The N. C. C. unites the youth of our nation for the noble purpose of rendering service to the country in a better way. Above all, it widens their outlook on life, and properly educates them to shoulder their responsibilities in their future life.

The Father of the Nation has shown us the path of non-violence. Still our nation requires adequate armed forces to safeguard our honour and our independence. So the N. C. C. imparts valuable military training to our young women and men and fills their hearts with a burning desire to defend our country and our national flag. Thus the N. C. C. provides a good number of well educated and properly trained reserve officers, whose services can be made use of in times of national emergency.

There are three wings in the N. C. C: Army, Navy and Air Force. The N. C. C. Army Wing is divided into three sections: the Senior Division for colleges; the Junior Division for girls and high schools; and the A. C. C. (Auxiliary Cadet Corps). The A. C. C. is meant for the lower age groups in the middle and high scools.

N. C. C cadets are expected to attend every parade and camp without fail. In the camp, they are given regular service-training. They are instructed how to use various weapons, such as rifles, light machine-guns, bayonets and grenades.

All the cadets are made to realize the dignity of labour and the high value of social service. Next to military training, social service is given the greatest importance. Every year, social service training camps are conducted all over the country.

Our Prime Minister has appealed to every young man and young woman of India to take active interest in the activities of the National Cadet Corps as it trains them to discharge their duties towards the country in a better way. There has been good response to his appeal, but the total number of cadets in the country is not impressive. This is because the N. C. C. is at present entirely voluntary, with no liability for service in the Armed Forces. It would be a good thing if the Government of India should decide to make membership of the N. C.C. compulsory for all able-bodied students of colleges and high schools in the country.

Some men wrest a living from nature; this is called *work*. Some men wrest a living from those who wrest a living from nature; this is called *trade*. Some men wrest a living from those who wrest a living from those who wrest a living from nature; this is called *finance*.

# India's Forest Wealth

*(J. Christudas, IV B. A.)*

THE total geographic area of India is 1,267,000 sq. miles. Of this about 22 per cent, or 280,000 sq. miles are covered with forests. This is a low proportion compared with most other countries of the world. According to experts, one-third of the total area of a country should be under forests in order to ensure good climatic conditions. The Forest Policy Resolution of 1952, therefore, suggested that India as a whole should aim at miantaining 33 per cent of its total land area under forests, the proportions being 60 per cent in the Himalayan and other mountain regions, and 20 per cent in the plains.

Indian forests may be divided into five types: evergreen, deciduous, dry, hill, and tidal or littoral forests. Evergreen forests flourish where the rainfall is between 80 and 120 inches per annum. They are found on the West Coast and in the Eastern Sub-Himalayan tracts. These forests contain many species of trees of great economic value, such as ebony, teak, rosewood, and ironwood. Bamboos, neem trees, tamarind trees, and others also grow here in abundance. Deciduous forests grow where the annual rainfall is between 60 and [illegible]0 inches. They are also known as monsoon forests. The trees that grow in these forests are teak, sal, paduk, redwood, sandalwood and others. The dry forests are found in the desert regions of Rajasthan and the Punjab, where the rainfall is between 30 and 40 inches. They consist mostly of shrubs and stunted trees. Much of the vegetation consists of leafless plants. Hill forests are found in South India in regions 5000 ft. or more above sea-level, and in the Himalayas in altitudes above 3000 ft. The trees that grow in these forests include oaks, pines, deodars, firs, chestnuts, walnuts, maples, elms, birches, poplars, and others. Littoral forests grow in the deltas of the Ganges, the Mahanadi, the Indus, and other great rivers and also to some extent in regions washed by the high tide and salt water. These forests are rich sources of fuel.

The Government of India has constituted a Central Board of Forestry with the following functions: co-ordination and integration of the policy pursued by States in the management of their forests; adoption of measures to conserve forest resources and soil; promotion of legislation cosidered necessary for various States for the management of private forests; regulation and development of forests in inter-state river valleys which are the concern of the Central Government; maintenance of adequate standards in the training of forest officers; co-ordination of forest research conducted in Central and State institutes; and any other matters affecting forestry, which are relevant to the objectives of the Board.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

Under the Constitutton, the jurisdiction over forests is vested in the States. The forest administration of the Government of India is carried on in their Department of Agriculture. To advise the Government on Forest matters there is an Inspector-General of forests For purposes of administration, the States are divided into one or more forest circles, with a Conservator of Forests in charge of each circle. In those States where three or more forest circles exist, there is also a Chief Conservator. Circles are divided into a number of Forest Divisions which are in the charge of members of the Superior Forest Service. Each Division is divided into a number of Ranges, in charge of Forest Rangers or Deputy Rangers. The Ranges are sub-divided into a number of rounds and beats.

Our forests are a source of considerable income to the country. There are about 450 varieties of trees which yield commercially valuable timber. Of these, the most important are Teak, Ajrun, Kusum, Ebony, Pine, Deodar, Rosewood, and Oak. Besides timber and great quantities of fuel, forests also supply wood from which an increasing variety of useful articles are manufactured today. Acetic acid, acetone, methyl, alcohol, certain oils, and creosote are some of the derivatives of wood. In addition, our forests yield a great variety of other products such as oils (for instance from sandalwood, neem, pine, deodar and kusum trees), vegetable dyes, tans, soap-berries, fibres, flosses, canes, and grasses. Animal products such as honey, wax, lac, hides, ivory and horns of various animals, which are all of great commercial value, are also supplied by our forests. Other minor forest-products are medicinal herbs, resins, starches, gums, and bamboos.

When we consider how necessary forests are to ensure good climatic conditions, and how profitable their various products, we will understand why the Government should pay so much attention to the job of preserving our forests. Denudation and wanton destruction of forests can have extremely serious consequences. Indeed, forests must be planted and reared continually in order to protect the soil from erosion, to refertilize the soil, to arrest aridity, and to ensure good climatic conditions

The Government of India has already undertaken a scheme for checking the spread of the Rajasthan Desert by means of planting trees on the present boundaries. In July, 1950, a compaign for the planting of new trees, known as the *Vana Mahotsava*, was launched by the Government. This has now become an annual national festival and it has given a great fillip to afforestation. A *Soil Conservation Board* was formed in 1953 to organize and co-ordinate schemes for soil conservation, to assist the States and River Valley Authorities in drawing up such schemes, to arrange for the training of technical personnel, and to recommend financial assistance to the States and the River Valley Authorities in putting into operation schemes of soil conservation. The Board has taken over the Desert Afforestation Research station at Jodhpur, and established four new research-cum-demonstration centres.

Forest research and education started in India as early as 1878, when the forest school at Dehra Dun was established under the auspices of the survey of India. This was the first school of

MAR IVANIOS COLLEGE DIGITAL REPOSITORY

the kind to be established in the British Commonwealth. This institution was the nucleus round which the present Forest Rerearch Institute and colleges were later built up.

The work of the Forest Research Institute is primarily research into problems connected with the rearing and preservation of forests. Secondly, the Institute studies ways and means for the more efficient and more profitable utilization of timber and other produces of the forest. Research is carried on at the Institute into such subjects as silviculture, botany, mycology, forest entomology, wood anatomy, wood seasoning, wood-preservation, timber mechanics, the manufacture of cellulose and paper, and the chemistry of forest products.

The Institute maintains four excellent museums. One of them, known as the timber museum, is devoted to a display of the great variety of India's timbers in the form of polished and unpolished boards. It also desplays demonstration models of wood-seasoning, wood-preserving, and timber-testing installations. The second museum is meant to give some idea of the infinite range of India's forest products and to indicate the methods of their extraction and utilization. The third museum houses large-scale models to demonstrate silvicultural practices and the evils of soil erosion. The forest museum draws attention to the great extent of the damage done to Indian trees and timber by insect pests.

The Indian Forest College at Dehra Dun is housed in the Forest Research Institute building. It is well equipped with lecture halls, common rooms, and biology and chemistry laboratories. Admission to the college is restricted to students who are deputed by the States and are assured of employment on completion of the course.

There is another Forest College at Coimbatore. This was taken over by the Government of India in 1948. It has since been greatly expanded.

Besides these institutions, there are also a Forest Rrangers' College at Dehra Dun, and a Forest Institute at Bangalore.

With these institutions supplying to the country, year after year, an increasing number of young men, well trained in forestry, and devoted to the service of the nation, we may reasonably hope that our forests will be managed better and better, and develop into a more and more important factor in the economy of the country, in the years to come.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

## A PRAYER FOR GUIDANCE

O GOD, plenteous Source of every good and perfect gift, shed the cheering light of Your grace into our hearts. O Spirtt of Love and Gentleness, we most humbly implore Your assistance. You know our faults, our failings, our necessities, the dullness of our understanding, the waywardness of our affections, the perverseness of our will. When, therefore, we neglect to practise what we know, visit us, we beseech You, with Your grace, enlighten our minds, rectify our desires, correct our wanderings, and pardon our omissions, so that by Your guidance we my be preserved from spiritual shipwreck and keep a good conscience, and may at length be landed safe in the haven of eternal rest.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# College Day Celebrations 1958-'59



Receiving H. E The Governor



Inspection of the Guard of Honour



Reading the annual report



Sri Kainikkara Kumara Pillai speaking



Presidential Address



Distribution of Prizes

## COLLEGE SOCIAL



The Patron with the Guest of Honour



Spread-out at the Social



Dr. Thankavelu Speaking

# Hostel Day Celebrations 1958 - '59



Receiving the Guest of Honour



The Social



Dr. P. K. Narayana Pillai Speaking



Proposing the Vote of Thanks



Fancy Dress Competitors



The Hostel Orchestra

# HOSTEL PICNICS (1958–'59)



At Cape Comorin



The Reservoir at Neyyar Dam
(Best Photo in Hostel Photographic Competition)



How sweet is this honey!

MAR IVANIOS COLLEGE DIGITAL REPOSITORY

# പ്രസ്താവന

തലസ്ഥാനനഗരിയിൽനിന്നു നാലഞ്ചു മൈലകലെ, പ്രകൃതിയുടെ പ്രദർശനശാലയായ ബെഥനിക്കുന്നുകളിലൊന്നിന്റെ മുകളിൽ സ്ഥാപിതമായിരിക്കുന്ന മാർ ഇവാനിയോസ് കലാലയം സന്ദർശിച്ചിട്ടില്ലാത്ത കേരളീയർ, അദ്ധ്യയനത്തിൽ ആ വിദ്യാക്ഷേത്രം പുലർത്തിപ്പോരുന്ന ഉന്നത നിലവാരത്തെക്കുറിച്ചു കേട്ടിരിക്കാനെങ്കിലുമിടയുണ്ട്. എന്നാൽ ആ മഹാകലാലയം ആദ്യമായി സന്ദർശിക്കുന്ന ഒരാളുടെ മനസ്സിൽ പെട്ടെന്നുദിച്ചേക്കാവുന്ന ചിന്ത, അതിനീ പ്രത്യേകസ്ഥാനം തിരഞ്ഞെടുക്കുവാൻ തൽസ്ഥാപകനായ ആ മഹാപുരുഷനെ പ്രേരിപ്പിച്ച കാരണമെന്താണെന്നായിരിക്കും. പ്രധാനവീഥിയ്ക്കരികിലുള്ള പടിയ്ക്കൽനിന്ന് ഉള്ളിലേക്ക് രണ്ടുമൂന്നു ഫർലോങ്ങ് ദൂരത്തോളം ഉയർന്നുയർന്നു പോകുന്ന കുന്നു നിരങ്ങിക്കയറി കലാലയത്തിന്റെ ചുവട്ടിലെത്തിക്കഴിയുമ്പോൾ കിതച്ചു വശാകുന്ന അദ്ധ്യാപകാദ്ധ്യേതാക്കൾക്കൊന്നു വിശ്രമിക്കണമെങ്കിൽ, പലപ്പോഴും ആ നാലുനിലക്കെട്ടിടത്തിന്റെ നാലാം നിലയിലെത്തിച്ചേർന്നെങ്കിലേ പറ്റൂ. ശബരിമലകയറ്റക്കാർക്കു സുകൃതവും വ്യായാമവും ഒപ്പം സിദ്ധിക്കുന്നുണ്ടെങ്കിൽ, ബെഥനിമലകയറ്റക്കാർക്ക് ഇവ രണ്ടിനും പുറമേ വിജ്ഞാനവും ഉപാർജ്ജിക്കാൻ കഴിയുമെന്നൊരു മെച്ചം കൂടുതലുണ്ട്. നഗരത്തിന്റെ നാനാമുഖങ്ങളായ വ്യഗ്രതകളിൽനിന്നകന്ന്, ഭൂമിയിലെ മദമാത്സര്യമലീമസമായ വിഷവായുക്കളിൽനിന്നുയർന്ന്, സ്വച്ഛമായ ഒരന്തരീക്ഷത്തിൽ, നാലു ഭാഗത്തും നിന്നു മാടി വിളിക്കുന്ന പ്രകൃതിയുടെ ലാവണ്യപ്പകിട്ട് കൺകുളിർക്കെക്കണ്ടാസ്വദിച്ചു കഴിഞ്ഞുകൂടുന്ന ഇവിടത്തെ വിദ്യാർത്ഥികൾക്കു മറ്റെന്തുവേണം സ്വച്ഛന്ദഭാവനാവിഹാരത്തിനു പ്രചോദനം നൽകുവാൻ? ആ ഭാവനാസന്താനങ്ങളിൽ ചിലതിനെയാണ് അടുത്തു വരുന്ന പുറങ്ങളിൽ ഞങ്ങൾ പ്രേക്ഷകസമക്ഷം പ്രദർശിപ്പിക്കുന്നത്. ഈ പങ്ക്തികളിൽ വിവിധ വിഷയങ്ങളെപ്പറ്റിയുള്ള പ്രബന്ധങ്ങൾ, കഥകൾ, കവിതകൾ എന്നിങ്ങനെ സാഹിത്യത്തിന്റെ ഭിന്നശാഖകളുടെ മാതൃകകൾ നിങ്ങൾക്കു കാണാം. നിരൂപകമാനദണ്ഡമനുസരിച്ചുള്ള ലക്ഷണപൂർത്തി അവയ്ക്കെല്ലാം വന്നിട്ടില്ലെങ്കിൽ, തൽകർത്താക്കൾക്കു വയസ്സിലും വിജ്ഞാനത്തിലും പരിപൂർത്തി വന്നിട്ടില്ലെന്നുള്ള സമാധാനം ആർക്കുമെളുപ്പം തോന്നുമല്ലോ.

സ്ഥലപരിമിതികൊണ്ടും നിലവാരത്തിന്റെ അപര്യാപ്തതകൊണ്ടും കൈവശം വന്ന ലേഖനങ്ങളിൽ പലതും ഖേദപൂർവ്വം ഉപേക്ഷിക്കേണ്ടിവന്നിട്ടുണ്ട്; ആദർശവൈകൃതംകൊണ്ടു മററു ചിലതും. ആത്മഹത്യാന്തങ്ങളായ ചില പ്രണയകഥകൾ ഞങ്ങൾ തിരസ്കരിച്ചതു്, പ്രണയത്തിനുവേണ്ടിയുള്ള ആത്മഹത്യ ഒരു ഫാഷനായിരുന്ന കാലം കഴിഞ്ഞുപോയെന്നുള്ള വിചാരത്താലത്രേ. വൃത്തബന്ധമുണ്ടെങ്കിലേ കവിത കവിതയാകൂ എന്ന ശാഠ്യം ഞങ്ങൾക്കില്ലെങ്കിലും വൃത്തമില്ലാത്ത ചില കവിതകൾ ഞങ്ങളുപേക്ഷിച്ചതു് തൽക്കാലം ഒരു വിപ്ലവം സൃഷ്ടിക്കാനുള്ള വൈമുഖ്യം കൊണ്ടാണ്. തിരസ്കൃതലേഖനങ്ങളുടെ കർത്താക്കൾ നൈരാശ്യപ്പെടേണ്ടതില്ലെന്നും, സ്ഥിരോത്സാഹത്താൽ അവർക്കു ഉത്തമോത്തരങ്ങളായ പ്രബന്ധങ്ങൾ നിർമ്മിക്കാൻ കഴിയുമെന്നും ഉപദേശിക്കുവാൻ ഈയവസരം ഞങ്ങൾ വിനിയോഗിച്ചുകൊള്ളട്ടെ.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

പ്രകൃതിയുടെ പരിലാളനത്താൽ മാത്രമല്ല, മാനുഷമായ സകലവിധ പ്രോത്സാഹനങ്ങളാലും അനുഗ്രഹീതരാണു് ഈ കലാലയത്തിലെ വിദ്യാർത്ഥികൾ. രൂപത്തിലും ഭാവത്തിലും മറ്റൊരു ക്രിസ്തുവെന്നാരും ശങ്കിച്ചുപോകുന്ന സർവ്വസമാരാധ്യനായ രക്ഷാധികാരിത്തിരുമേനിയുടെ വാത്സല്യത്തണലിൽ, കർമ്മകുശലന്മാരും നയകോവിദന്മാരുമായ ഒരു സംഘം വൈദികാധികാരികളുടെ ഹിതകരമായ ഭരണത്തിൽ, വിവിധവിഷയങ്ങളിൽ ഉപസ്ഥിതി സമാർജ്ജിച്ചിട്ടുള്ള അദ്ധ്യാപകന്മാരുടെ സ്നേഹശീതളമായ ശിക്ഷണത്തിൽ വളർന്നുവരുന്ന ഈ ഭവിഷ്യൽപൗരന്മാരെപ്പററി ഞങ്ങൾക്കുൽക്കണ്ഠയ്ക്കുവകാശമില്ല. അവരിൽ നില്ക്കുന്നവർക്കും പോകുന്നവർക്കും ഒന്നുപോലെ ഞങ്ങളുടെ ഭാവുകാശംസകൾ! പിരിഞ്ഞുപോകുന്നവർ നില്ക്കുന്നവരെയോർത്തു് സങ്കടപ്പെട്ടാൽ, കണ്വമഹർഷി ശകുന്തളയോടു സഖിമാരെപ്പററി പറഞ്ഞ വാക്കുകളാൽ ഞങ്ങളവരെ സാന്ത്വനപ്പെടുത്തും: 'ഇവരും (യൂണിവേഴ്സിററിക്കു) കൊടുക്കപ്പെടേണ്ടവരാണു്'.

പിരിഞ്ഞുപോയ അദ്ധ്യാപകന്മാരുടെ ഗണത്തിൽ ഒരാളുടെ നാമധേയം ഇവിടെ പ്രത്യേകം പ്രസ്താവാർഹമാണു്. ഇവിടത്തെ മലയാളം വകുപ്പിന്റെ അദ്ധ്യക്ഷനും, ഈ വാർഷികപ്രസിദ്ധീകരണത്തിലെ മലയാളവിഭാഗത്തിന്റെ പത്രാധിപരുമായിരുന്ന ശ്രീ വൈദ്യനാഥയ്യരവർകളെക്കുറിച്ചാണു ഞങ്ങൾ പറയുന്നതു്. ദീർഘപരിചയസമ്പന്നനായ അദ്ധ്യാപകൻ, ഗ്രന്ഥകാരൻ, സാഹിത്യഅക്കാദമി മെമ്പർ എന്നീ നിലകളിൽ പ്രശസ്തനും, നയവിനീതമായ പെരുമാററത്താൽ അദ്ധ്യേതാക്കൾക്കും അധികാരികൾക്കുമൊന്നുപോലെ പ്രീതിഭാജനവുമായിരുന്ന അദ്ദേഹം പ്രായാധിക്യത്താൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചിരിക്കുന്ന ഈയവസരത്തിൽ അദ്ദേഹത്തിനു ഞങ്ങൾ സുദീർഘവും സൗഭാഗ്യകരവുമായ ഒരു വിശ്രമകാലം പ്രാർത്ഥിച്ചുകൊള്ളുന്നു.

ലോകമൊട്ടുക്കൊരു ഞെട്ടലുണ്ടാക്കിയ സംഭവമാണല്ലോ ആ ധാർമ്മികസമ്രാട്ടിന്റെ—പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ തിരുമേനിയുടെ—നിര്യാണം. 'മാർ ഇവാനിയോസി'ന്റെ പ്രശാന്തമായ അന്തരീക്ഷത്തെയും അതു സന്താപതരംഗിതമാക്കാതിരുന്നില്ല. രക്ഷാധികാരിയായ ആർച്ചുബിഷപ്പു തിരുമേനിയുടെയും കലാശാലീയരുടെയും അനവരതപുരസ്സരമായ പ്രാർത്ഥനകളാൽ ഊഷ്മളമായിത്തീർന്ന ഇവിടത്തെ അന്തരീക്ഷം തെല്ലൊന്നു തണുത്തതു് പുതിയ മാർപ്പാപ്പാ സിംഹാസനാരൂഢനായെന്ന വാർത്ത ലഭിച്ചതോടെയാണു്. പുളകപ്രദമായ മറ്റൊരു സംഭവം ഇന്ത്യയുടെ കർദ്ദിനാൾ വലേറിയൻ ഗ്രേഷ്യസ് തിരുമേനിയുടെ സന്ദർശനമാണു്. അനവദ്യസുന്ദരമായ ആംഗലവാണിയിൽ നിരർഗ്ഗളമായി പ്രവഹിച്ചുകൊണ്ടിരുന്ന ആ വചോവിലാസം സദസ്യരെ ഏതാനും നിമിഷത്തേക്കു് ആനന്ദവിസ്മൃതിയിലാഴ്ത്തിക്കളഞ്ഞുവെന്നു പറയുന്നതിൽ അത്യുക്തിയില്ല. ഭാഷയിലെന്നപോലെ ഭാവത്തിലും സമ്പന്നമായിരുന്ന ആ പ്രസംഗം അത്യർക്കോത്തേജകമായിരുന്നു ശ്രോതാക്കൾക്കെല്ലാം.

ഞങ്ങളുടെ യുവവിദ്യാർത്ഥികളുടെ ഈ സാഹിത്യവ്യവസായഫലങ്ങളാൽ കൈരളിക്കു് അർഘ്യോപഹാരം ചെയ്യുകയേ ഇനി വേണ്ടൂ.

പി. സി.

# മൺമറഞ്ഞ ആ മനുഷ്യസ്നേഹി

(ഡി. അയ്യനേത്ത്)

ആയിരത്തിത്തൊള്ളായിരത്തിയൻപത്തെട്ട് ഒക്ടോബർ ഒൻപതിലെ പ്രഭാതത്തിന് ഏതോ ഒരു പ്രത്യേകതയുള്ളതുപോലെ ഏവർക്കും തോന്നി. പതിവുപോലെ സൂര്യൻ കിഴക്കുദിച്ചു. എന്നാൽ ഒരു പുണ്യനക്ഷത്രത്തിന്റെ അസ്തമനത്തിന് സാക്ഷ്യം വഹിക്കാനാണ് ദിനേശൻ അന്നുയർന്നു വന്നത്. ആ പ്രഭാതത്തിലെ ഇളംകാററിന് കുളിർമ്മയുണ്ടായിരുന്നു. പക്ഷേ, സകലത്തെയും സ്നേഹിക്കുന്ന സദാഗതിയോട് സദൃശനായ ഒരു സ്നേഹദൂതന്റെ വിയോഗം ആ തൈത്തെന്നൽ വിളിച്ചറിയിക്കുകയായിരുന്നു. കിളികൾ കളകൂജനം പുറപ്പെടുവിച്ചു. കുസുമങ്ങൾ സൗരഭ്യം വിതറി. എന്നാൽ അവയിലെല്ലാം ദുഃഖത്തിന്റെ ഒരു കരിനിഴൽ കലർന്നിരുന്നു. എന്തിന്, പ്രകൃതി മുഴുവനും ശോകമൂകമായി കാണപ്പെട്ടു. അല്പസമയത്തിനുള്ളിൽ ദുഃഖസാഗരത്തിൽ ആറാടാൻ പോകുന്ന അനേകായിരങ്ങളുടെ നേർക്ക് ആ മാതാവ് സഹതാപം രേഖപ്പെടുത്തുകയല്ലെന്ന് ആരറിഞ്ഞു?

വെള്ളയങ്കി ധരിച്ച ഒരു കൃശഗാത്രൻ ഇററലിയിലുള്ള വത്തിക്കാൻ കൊട്ടാരത്തിലെ ഒരു മുറിയിൽ കിടന്ന് അന്ത്യശ്വാസം വലിക്കുകയാണ്. ലോകത്തിന്റെ ശ്രദ്ധ മുഴുവനും അങ്ങോട്ടു തിരിഞ്ഞിട്ടുണ്ട്. അദ്ദേഹം രോഗശയ്യയെ പ്രാപിച്ചിട്ടധികനാളുകളായിട്ടില്ല. പ്രായം എൺപതു കഴിഞ്ഞു. എന്നാൽ അന്യർക്കുവേണ്ടിയുള്ള അത്യധ്വാനമാണ് അദ്ദേഹത്തെ അത്രവേഗം അവശനാക്കിയത്. സേവനമാകുന്ന യാഗപീഠത്തിൽ ആ വിലയേറിയ ജീവിതം അങ്ങനെ ആഹുതി ചെയ്യപ്പെട്ടതാണ്. എല്ലാ മനുഷ്യരേയും സ്നേഹിച്ച ഒരു വിശാലഹൃദയം ആ മെലിഞ്ഞ ശരീരത്തിൽ സ്ഥിതിചെയ്യുന്നുണ്ടായിരുന്നു. അഗാധമായ പാണ്ഡിത്യവും, പരിപക്വമായ വിജ്ഞാനവും അദ്ദേഹം സ്വായത്തമാക്കിയിട്ടുണ്ട്. പരിപാവനമായ ഒരു ജീവിതമായിരുന്നു ആ ത്യാഗമൂർത്തി നയിച്ചത്. ലോകനന്മയ്ക്കുവേണ്ടിയാണ് ആ മനുഷ്യസ്നേഹി അഗ്രഹിച്ചതും, യത്നിച്ചതും.

"സ്വർഗ്ഗീയ സമാധാനം" എന്നാണ് "പച്ചെല്ലി" എന്ന ഇററാലിയൻ കുടുംബപ്പേരിന്റെ വ്യുല്പന്നാർത്ഥം. കർദ്ദിനാൾ പച്ചെല്ലി മാർപ്പാപ്പായായപ്പോൾ "പീയൂസ്" എന്ന പേരു സ്വീകരിച്ചു. "ഉത്തമൻ, ഗുണവാൻ" എന്നൊക്കെ ആ പേരിന് അർത്ഥം പറയാം. ഈ പേരു രണ്ടും അന്വർത്ഥമാക്കിയാണ് അദ്ദേഹം ജീവിച്ചത്. സ്വർഗ്ഗീയസമാധാനം ഭൂമിയിൽ സ്ഥാപിക്കാൻ പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ആജീവനാന്തം യത്നിച്ചു. സമരോത്സുകരായ ആളുകളോട് അദ്ദേഹം സമാധാനത്തിന്റെ വിലയേറിയപാഠം ഉപദേശിച്ചു. യുദ്ധത്തിന്റെ കരിനിഴൽ ലോകാന്തരീക്ഷത്തിൽ വ്യാപിക്കുമ്പോഴൊക്കെയും ആ സമാധാനനക്ഷത്രം എല്ലായിടത്തും പ്രകാശം പരത്തുകയായി. ലോകത്തെ ചുട്ടുകരിക്കാൻ പോരുന്ന മാരകായുധങ്ങളുടെ ഉപയോഗത്തെ ആ സ്നേഹശീലൻ ആവോളം അപലപിച്ചു. "മനുഷ്യൻ മനുഷ്യന് ചെന്നായ്" എന്ന തത്വം ശരിയല്ലെന്നും, മനുഷ്യൻ മനുഷ്യന് സഹോദരനാണെന്നും, അതിനാൽ ഒരുവൻ തന്റെ സഹോദരനെതിരായി ആയുധമെടുക്കുന്നതു നീചനീചമായ പ്രവൃത്തിയാണെന്നും അദ്ദേഹം ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. പക്ഷേ, ആ സ്നേഹഗീതം വെറും വനരോദനമായിപ്പരിണമിക്കയാണു ചെയ്തത്. ആ സമാധാനദൂതന്റെ ഉപദേശം അനുസരിക്കാഞ്ഞതിന്റെ ഫലം ലോകം അനുഭവിക്കതന്നെ ചെയ്തു. വെന്തുവെണ്ണീറായ വെൺമാടങ്ങളും കത്തിക്കരിഞ്ഞ മനുഷ്യശരീരങ്ങളും കണ്ട് എല്ലാവരെയുംകാളധികം ഹൃദയം പൊട്ടി വിലപിച്ചതും ആ മനുഷ്യസ്നേഹി തന്നെയായിരുന്നു.

സത്യത്തിനും ധർമ്മത്തിനും വേണ്ടിയാണ് പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമേനി നി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ലംകൊണ്ടത്രേ. അതിനാൽ ധർമ്മത്തിനും നീതിയ്ക്കും എതിരായുള്ള എല്ലാററിനോടും അദ്ദേഹം ഒരു തീരാസമരം തന്നെ നടത്തി. സന്മാർഗ്ഗത്തെയും സംസ്കാരത്തെയും ചവിട്ടി മെതിക്കുന്ന ഏതു പ്രവണതയോടും, തത്വസംഹിതയോടും മല്ലിടാൻ തിരുമേനി മടിച്ചില്ല. ദൈവത്തിലുള്ള പരിപൂർണ്ണമായ ആശ്രയം എല്ലാ ആപത്തുകളും തരണം ചെയ്യാൻ അദ്ദേഹത്തെ സഹായിച്ചു. മാർപ്പാപ്പാ ആകുന്നതിനു മുൻപ് കർദ്ദിനാൾ പച്ചെല്ലി ജർമ്മനിയിൽ അംബാസിഡറായിരിക്കുമ്പോൾ, ക്രൂരനായ ഒരു സേനാനായകൻ അദ്ദേഹത്തിന്റെ നേർക്കു തോക്കു ചൂണ്ടി. അദ്ദേഹം സധൈര്യം തന്റെ മാറു കാട്ടിക്കൊടുത്തു. പടയാളിയുടെ തോക്കാണു താണതു്. ആ ധീരപുരുഷന്റെ നേർക്കു വെടിയുണ്ട പായിക്കുവാൻ അയാൾ മടിച്ചു. തന്നെ ആശ്രയിച്ച ആ പുണ്യപുരുഷനെ അങ്ങനെ ദൈവം രക്ഷിച്ചു.

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാ ഒരു മഹാപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ മാഹാത്മ്യം പല കാര്യങ്ങളിലാണ് സ്ഥിതിചെയ്യുന്നതു്. പരിണതപ്രജ്ഞൻ, കുശാഗ്രബുദ്ധി, അനേകം ഭാഷകളിൽ പാണ്ഡിത്യമുള്ളവൻ, നയതന്ത്രജ്ഞനായ ഭരണാധിപൻ, കളങ്കരഹിതവും ത്യാഗസമ്പന്നവുമായ ജീവിതം നയിച്ചവൻ, എന്നീ നിലകളിലെല്ലാം അദ്ദേഹം പ്രസിദ്ധനാണ്. ലോകസമാധാനത്തിനുവേണ്ടി ഈ മാർപ്പാപ്പാ ചെയ്ത മഹത്തായ സേവനമാണ് അദ്ദേഹത്തെ ലോകത്തിന്റെ മുഴുവനും ആരാധനാപാത്രമാക്കിത്തീർത്തതു്. "സമാധാനത്തിന്റെ പാപ്പാ"—അതാണ് ലോകം അദ്ദേഹത്തിനു നൽകിയ ഓമനപ്പേരു്.

സകലരുടെയും ആശാകേന്ദ്രമായ ആ തിരുമേനി പല പ്രാവശ്യം രോഗബാധിതനായിട്ടുണ്ട്. അപ്പോഴെല്ലാം ലോകം ഉൽക്കണ്ഠ പ്രദർശിപ്പിക്കുകയും ചെയ്തു. അത്ഭുതകരമാംവിധം മാർപ്പാപ്പാ രോഗവിമുക്തനാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ 1958 ഒക്ടോബറിൽ അദ്ദേഹത്തെ ബാധിച്ച രോഗം തീരാത്തതായിരുന്നു. തന്റെ അന്ത്യം ആസന്നമാണെന്ന് തിരുമേനിയ്ക്കും അറിയാമായിരുന്നു. എന്നാൽ അദ്ദേഹത്തിന് ഒരു ക്ലേശവും ഉണ്ടായിരുന്നില്ല. അടർക്കളത്തിൽ അടി തെററാതെ പയററിയ ഒരു പടയാളിക്കു് ആത്മസംതൃപ്തിക്കു മാത്രമേ വകയുള്ളുവല്ലോ.

ഒക്ടോബർ ഒൻപതിലെ സൂര്യോദയം അദ്ദേഹം ദർശിച്ചില്ല. സഹോദരസ്നേഹംകൊണ്ടു തുടിച്ച ആ ഹൃദയത്തിന്റെ സ്പന്ദനം നിലച്ചു. സകലരെയും അനുഗ്രഹിക്കാൻ ഉയർത്തിയിട്ടുള്ള ആ കരങ്ങൾ ഇനിയും ഇളകുകയില്ല. കരുണാകടാക്ഷങ്ങൾ ചൊരിഞ്ഞ ആ നേത്രങ്ങൾ നിഷ്പ്രഭങ്ങളായി. അന്യർക്കുവേണ്ടി അദ്ധ്വാനിച്ച ആ കൃശഗാത്രം ചൈതന്യരഹിതമായി. പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പാതിരുമേനി അന്തരിച്ചു. ആ മനുഷ്യസ്നേഹി എന്നേക്കുമായി ലോകത്തോടു യാത്ര പറഞ്ഞു.

ആ സങ്കടവാർത്ത അല്പസമയത്തിനുള്ളിൽ എല്ലായിടത്തും പരന്നു. അനേക ലക്ഷങ്ങളിൽ നിന്നു് ദീനരോദനമുയർന്നു. പത്രങ്ങളും വ്യക്തികളും മാർപ്പാപ്പാതിരുമേനിയുടെ വ്യക്തിവിലാസത്തെയും ഗുണങ്ങളെയും വാഴ്ത്തി പ്രസ്താവനകൾ പ്രസിദ്ധം ചെയ്തു. ആ ദീപം പൊലിഞ്ഞു; എങ്കിലും എന്നെന്നും ആ ദീപത്തിന്റെ പ്രകാശം ലോകത്തിലുണ്ടായിരിക്കും. മഹാനായ ആ മനുഷ്യസ്നേഹി കൺമറഞ്ഞു. അദ്ദേഹത്തിനു നൽകാൻ നമുക്കു കഴിയുന്ന ഏററവും വലിയ ബഹുമതി, അദ്ദേഹത്തിന്റെ കാലടികളെ പിൻതുടരുകയെന്നതാണ്. അന്യരെ സ്നേഹിക്കാനും, അന്യർക്കുവേണ്ടി ജീവിക്കാനും, സമാധാനത്തിനുവേണ്ടി പ്രയത്നിക്കാനും നാം തയ്യാറാകുന്നെങ്കിൽ പന്ത്രണ്ടാം പീയൂസ് തിരുമേനിയെ നാം അനുകരിക്കുകയും ആദരിക്കുകയുമായിരിക്കും ചെയ്യുക. മഹാനായ ആ മനുഷ്യസ്നേഹിയുടെ മഹത്തായ ആദർശങ്ങൾ നമുക്കു മാർഗ്ഗദർശനം നൽകട്ടെ!

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ശാസ്ത്രയുഗത്തിൽ മാനുഷികമൂല്യങ്ങളുടെ സ്ഥാനം

(എ. എം. ഇക്ബാൽ- IV B. Sc.)

ഒരു ശാസ്ത്രീയയുഗത്തിന്റെ സന്തതികളായ നാം ഇതുവരെ ജീവിച്ചിരുന്ന സകല ജീവികളിലുംവച്ചു ഉന്നതന്മാരാണെന്നു വിശ്വസിക്കുന്നു; അഭിമാനിക്കുന്നു. റോക്കറ്റിന്റെയും ആറ്റം ബോംബിന്റെയും ലോകത്തിൽ ജീവിക്കുന്ന നമുക്ക് ശാസ്ത്രവുമായി ബന്ധംപുലർത്താതെ, ശാസ്ത്രത്തിന്റെ പ്രാഥമികപാഠങ്ങളെങ്കിലും അറിഞ്ഞിരിക്കാതെ ജീവിതം പ്രയാസകരമായിത്തീർന്നിട്ടുണ്ട്. ലോകം മുഴുവനും ഇന്നു ശാസ്ത്രത്തിന്റെ നേട്ടങ്ങളെ പാടിപ്പുകഴ്ത്തുകയാണ്. രാഷ്ട്രങ്ങൾ സകല ശ്രദ്ധയും ശാസ്ത്രത്തിലേക്ക് കേന്ദ്രീകരിച്ചുകൊണ്ട്, വേണ്ട പ്രോത്സാഹനം നൽകിക്കൊണ്ടിരിക്കുന്നു. രാഷ്ട്രത്തലവന്മാരും, ബുദ്ധിജീവികളായ എല്ലാ നല്ല മനുഷ്യരും സയൻസ് കോൺഫറൻസിന്റെ തീരുമാനങ്ങളിലും പ്രവർത്തനങ്ങളിലും ഉററുനോക്കിക്കൊണ്ടിരിക്കുകയാണ്. അതിനു കാരണവുമുണ്ട്. ഇന്നു ലോകത്തിന്റെ ഭാവി സയൻസിന്റെ ചലനത്തെ ആശ്രയിച്ചാണ് നിലകൊള്ളുന്നതു്. പ്രപഞ്ചത്തെ ചുരുക്കരിക്കാനും, സ്വർഗ്ഗമാക്കി ഉയർത്താനും സയൻസിനു സാധിക്കുമെന്ന നിലയാണിന്നുള്ളതു്. അങ്ങനെ ശാസ്ത്രം വളർച്ചയുടെ പരമകോടിയിലെത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ നാം ശാസ്ത്രത്തെ താലോലിക്കുന്നതു് എത്രമാത്രം അർത്ഥവത്താണെന്നു നോക്കാം.

ലോകചരിത്രത്തിൽ നവവും അത്ഭുതാവഹവുമായ സംഭവങ്ങൾ സുവർണ്ണലിപികളിൽ രേഖപ്പെടുത്തിക്കൊണ്ട് കാലചക്രം കറങ്ങിക്കൊണ്ടിരിക്കുന്നു. ലോകാരംഭംമുതൽ ഇന്നുവരെ അതിനു യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. കാലം കഴിയുന്നതിനനുസരണമായി മനുഷ്യനും വളർന്നുകൊണ്ടിരിക്കുന്നു. സാംസ്കാരികം, സാമൂഹ്യം, സാമ്പത്തികം എന്നീ നിലകളിൽ മനുഷ്യനുണ്ടായിട്ടുള്ള പുരോഗതി അത്ഭുതാവഹമത്രേ. എന്നാൽ ഈ പുരോഗതിക്ക് മനുഷ്യനെ സഹായിച്ചതു് സയൻസിന്റെ നേട്ടങ്ങളാണെന്നു വസ്തുതചരിത്രം തെളിയിക്കുന്നു.

ആദിമകാലംമുതൽ ജീവിതം ആയാസലളിതവും സുഖകരവുമാക്കാൻ മനുഷ്യൻ ആഗ്രഹിച്ചിരുന്നു. ആഗ്രഹസാദ്ധ്യത്തിനുവേണ്ടി അവൻ പ്രവർത്തിച്ചുതുടങ്ങി. ദിനചര്യ പുരോഗമിപ്പിക്കുവാൻ പുതിയ മാർഗ്ഗങ്ങൾ ആരാഞ്ഞുതുടങ്ങി. അങ്ങനെ ആരംഭിച്ച അന്വേഷണം, അറിഞ്ഞോ അറിയാതെയോ, മനുഷ്യനെ ശാസ്ത്രീയമാർഗ്ഗങ്ങൾ സ്വീകരിക്കാൻ പ്രേരിപ്പിച്ചു. മനുഷ്യസഹജമായ ജിജ്ഞാസ പുതിയ കണ്ടുപിടുത്തങ്ങളിലേക്ക് മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി. അങ്ങനെ കാട്ടിൽ കല്ലുരച്ചു തീയുണ്ടാക്കിയിരുന്ന മനുഷ്യൻ ഇന്നു ഇലക്ട്രിക്ക് ഹീററർ ഉപയോഗിക്കുവാൻ പ്രാപ്തനായിത്തീർന്നു. കല്ലും കുന്തവും ഉപയോഗിച്ചു വേട്ടയാടിയിരുന്ന അപരിഷ്കൃതനായ മനുഷ്യൻ വെടിമരുന്നുശാലയിലെത്തി. മനുഷ്യന്റെ വളർച്ച, അല്ലെങ്കിൽ ശാസ്ത്രത്തിന്റെ വികാസം അവിടെയും നിന്നില്ല. പാദയാത്രചെയ്തിരുന്ന മനുഷ്യൻ ഇന്നു മേഘത്തിനിടയിലൂടെ പറക്കുന്നു, ജലത്തിനടിയിൽക്കൂടി സഞ്ചരിക്കുന്നു. അ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ങ്ങനെ, ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കും വഴിപ്പെട്ടുകൊണ്ട് ശാസ്ത്രം വളർന്നു റോക്കററിന്റേയും സ്പുട്ട്നിക്കിന്റേയും യുഗത്തിലെത്തിയിരിക്കുകയാണ്. അങ്ങനെ നോക്കുമ്പോൾ മനുഷ്യജീവിതത്തിൽ ശാസ്ത്രം ചെലുത്തിയ പ്രേരണയുടെ പ്രതിഫലനമാണ് മനുഷ്യന്റെ വികാസമെന്നു കാണാം.

മനുഷ്യന്റെ വളർച്ചയ്ക്ക് രൂപം കൊടുത്തുകൊണ്ടുള്ള സയൻസിന്റെ നേട്ടങ്ങളിൽ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വൈദ്യശാസ്ത്രത്തിലെ വ്യതിയാനങ്ങൾ. ക്ഷയം (Tuberculosis), ജ്വരം (Typhoid), അർബുദം (Cancer) തുടങ്ങി മനുഷ്യജീവിതത്തെ കാർന്നുതിന്നുകൊണ്ടിരുന്ന എത്ര രോഗങ്ങൾക്കാണിന്നു പ്രതിവിധിയുള്ളത്. അടുത്തകാലത്ത് ഡാക്ടർ ഫ്ളമിങ്ങ് കണ്ടുപിടിച്ച 'പെനീസിലിനും', അർബുദത്തിനുള്ള 'റേഡിയം' ചികിത്സയും മാനവസമുദായത്തിന് ശാസ്ത്രം നൽകിയ ഒരനുഗ്രഹമായി കണക്കാക്കാം.

വൈദ്യശാസ്ത്രത്തിലെന്നപോലെ മനുഷ്യജീവിതത്തിന്റെ ഇതരഭാഗങ്ങളിലും ശാസ്ത്രം കൈവരുത്തിയിട്ടുള്ള നേട്ടങ്ങൾ അത്ഭുതാവഹമത്രേ. കമ്പിയില്ലാക്കമ്പിയും, കമ്പിത്തപാലും മാനുഷികജീവിതത്തിനു നേടിക്കൊടുത്ത സൗകര്യങ്ങൾ വളരെ പ്രാധാന്യമുള്ളവയാണ്. അന്തരീക്ഷത്തിലൂടെ കടന്നുവരുന്ന വൈദ്യുതവീചികളെ ആഗിരണംചെയ്തു ശബ്ദവീചികളാക്കി മാററി നമ്മെ ആനന്ദിപ്പിക്കുന്ന റേഡിയോയും അനേകം മൈലുകൾക്കപ്പുറത്തു വസിക്കുന്ന ഒരു സുഹൃത്തിനെ നേരിൽ കണ്ട് സംസാരിക്കാൻ സഹായിക്കുന്ന 'ടെലിവിഷനും' എല്ലാം സയൻസിന്റെ നേട്ടങ്ങളാണെന്നറിയുമ്പോൾ നാം ശാസ്ത്രത്തെ താലോലിച്ചുപോകുന്നു.

ഇതുവരെയുള്ള ശാസ്ത്രത്തിന്റെ നേട്ടങ്ങൾ മനുഷ്യജീവിതത്തിന്റെ വികാസത്തിനും വളർച്ചയ്ക്കും മാർഗ്ഗദർശനമായിരുന്നു. ശാസ്ത്രം മനുഷ്യന്റെ നിയന്ത്രണത്തിനു വഴിപ്പെട്ടു ചലിച്ചുകൊണ്ടിരുന്ന ഒരവസ്ഥയാണന്നുണ്ടായിരുന്നത്. മനുഷ്യന്റെ മാനസികവികാസം ശാസ്ത്രത്തെ നിയന്ത്രിക്കാൻ പര്യാപ്തമായിരുന്നു. ഇന്നു മനുഷ്യനെ പിന്നിലാക്കിക്കൊണ്ട് ശാസ്ത്രം കുതിച്ചുപായുകയാണ്. ശാസ്ത്രത്തെക്കുറിച്ചു ഒരു വിധിയെഴുത്തു നടത്തേണ്ട ഘട്ടത്തിലാണ് നാമിന്നെത്തിയിരിക്കുന്നത്. ഇന്നു ശാസ്ത്രം അല്ലെങ്കിൽ അതിന്റെ നേട്ടങ്ങൾ മനുഷ്യരാശിയുടെ വളർച്ചക്ക് ഉപയോഗപ്രദമായിത്തീരുമോ? അതു നിർവ്വഹിക്കേണ്ടതു മനുഷ്യനാണ്, ശാസ്ത്രമല്ല. ഇവിടെയാണ് മാനുഷികമൂല്യങ്ങൾക്ക് വിലയിരുത്തേണ്ടത്. ശാസ്ത്രപുരോഗതിക്കൊപ്പം മാനുഷികമൂല്യങ്ങളായ സ്നേഹത്തെയും, സാഹോദര്യത്തെയുംകൂടി താലോലിച്ചു വളർത്തണമെന്നു നാമിന്നു മനസ്സിലാക്കേണ്ടിയിരിക്കുന്നു.

ഒരു ആററംയുഗത്തിന്റെ സന്തതികളായ നാം പുകഞ്ഞുകൊണ്ടിരിക്കുന്ന വെടിമരുന്നുകോട്ടകളുടെ മദ്ധ്യത്തിലാണിന്നു ജീവിക്കുന്നത്. ഏതു നിമിഷത്തിലും ആ കോട്ടയ്ക്കു തീപിടിച്ചേക്കാം. ഒരു പൊട്ടിത്തെറിക്കൽ സ്വാഭാവികമായി സംഭവിച്ചേക്കാം. അതിനു കാരണവുമുണ്ട്: ഒന്നാമതായി ഇന്നു അധികം പ്രാധാന്യമർഹിക്കുന്ന മാനുഷികമൂല്യങ്ങളായ സ്നേഹത്തിനും, സാഹോദര്യത്തിനും അധികം വില കല്പിക്കുവാൻ ലോകം തയാറാകുന്നില്ല. മറെറാരുവിധത്തിൽ പറഞ്ഞാൽ ശാസ്ത്രത്തിന്റെ വികാസത്തിനൊപ്പം മാനസികവളർച്ച എത്തിയിട്ടില്ല. രണ്ടാമതായി, സംഭരിച്ച ശക്തിയുടെ വില പ്രയോഗിച്ചറിയുവാനുള്ള ഒരു വെമ്പലാണ് സാർവ്വത്രികമായി കാണപ്പെടുന്നത്. ഈ കാരണങ്ങൾകൊണ്ടുതന്നെയാണ് ശാസ്ത്രം ഉപയോഗപ്രദമായ ഒരു ശക്തി എന്ന നില വിട്ട് മാരകായുധമായി പരിണമിച്ചേക്കുമോ എന്നു നാം ഭയപ്പെടുന്നത്.

ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ മതിമയങ്ങിയ രണ്ടു രാഷ്ട്രങ്ങളുടെ വെല്ലുവിളിയാണിന്ന് അന്തരീക്ഷത്തിൽ മുഴങ്ങുന്നത്. ആ വെല്ലുവിളിയുടെ

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ശബ്ദത്തിൽ മററു ലോകരാഷ്ട്രങ്ങൾ നടുങ്ങിപ്പോകുന്നു. ശക്തിപരീക്ഷണത്തിനുള്ള കളമൊരുക്കലിൻെറ വ്യഗ്രതയിൽ മാനുഷികമൂല്യങ്ങൾക്കു വിലകല്പിക്കുവാൻ കഴിയുന്നില്ല ലോകമേധാവിത്വത്തിനുവേണ്ടിയുള്ള ഒരു മത്സരമാണിന്നു കാണുന്നതു്. ഒന്നു് ഉരസിയാൽമതി, ഈ പ്രപഞ്ചം വെന്തു വെണ്ണീറായിപ്പോകും. ഈ പരിതഃസ്ഥിതിയിൽനിന്നു മുക്തിനേടണമെങ്കിൽ കട്ടിപിടിച്ച ഹൃദയങ്ങളിൽ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും സന്ദേശങ്ങൾ അലിഞ്ഞുചേരണം; മാനുഷികതക്കു് വില കല്പിക്കണം. നിർഭാഗ്യവശാൽ ഇക്കാര്യങ്ങളിൽ ലോകം അത്ര ശ്രദ്ധിക്കാറില്ല. നഭോമണ്ഡലത്തിലേക്കുള്ള ത്വരിതയാത്രയിലാണിന്നു ലോകത്തിൻെറ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നതു്. ആകാശത്തിനും ഭൂമിക്കും മദ്ധ്യേ അനേകായിരം മൈൽ ഉയരത്തിൽ ചുററി, അവിടത്തെ ചലനങ്ങൾ, സമ്മർദ്ദം എന്നിവയെക്കുറിച്ചു പഠനം നടത്തുവാൻ അനതിവിദൂരഭാവിയിൽ സാദ്ധ്യമാകുമെന്നു ശാസ്ത്രജ്ഞന്മാർ അഹങ്കാരത്തോടെ ഘോഷിക്കുന്നു.

മനുഷ്യൻെറ മാനസികവികാസം ശാസ്ത്രത്തോടൊപ്പം എത്തണം; മാനുഷികമൂല്യങ്ങൾ മതിക്കപ്പെടണം; സാമ്രാജ്യമോഹവും അഹങ്കാരവും നശിക്കണം. മനുഷ്യനെ ചുട്ടെരിക്കാനുപയോഗിക്കുന്ന ആററംശക്തി പർവ്വതം സമതലമാക്കാനും, വനങ്ങൾ പാടങ്ങളാക്കാനും, മണലരണ്യങ്ങൾ നദീതടങ്ങളാക്കാനുംവേണ്ടി ഉപയോഗിക്കണം. ശാസ്ത്രത്തിൻെറ നേട്ടങ്ങളിലൂടെ ദേവനാകാൻ കൊതിക്കുന്ന മനുഷ്യൻ, ആ ശക്തി ഉപയോഗിച്ചു സ്വർഗ്ഗസമാനമായ ഒരു ലോകം, സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും മാതൃകയായി കെട്ടിപ്പടുക്കണം അങ്ങനെ ശാസ്ത്രപുരോഗതിയിൽ ഉന്നതന്മാരെന്നഭിമാനിക്കുന്ന നമുക്കു്, മാനസികവികാസത്തിലും ശാസ്ത്രത്തോടൊപ്പം വളർന്നു എന്നഭിമാനിക്കാൻ കഴിയണം എങ്കിൽ നാം വിജയിച്ചു. അങ്ങനെ, ശാസ്ത്രത്തിനും മാനുഷികതക്കും തുല്യവില കല്പിക്കപ്പെടണം. അപ്പോൾ ശാസ്ത്രത്തെ താലോലിക്കുന്നതു് അർത്ഥവത്താകും.

അതു സാദ്ധ്യമല്ലെങ്കിൽ, മാനുഷികമൂല്യങ്ങൾ അവഗണിക്കപ്പെടുന്നുവെങ്കിൽ, അനുഭവം ഭയങ്കരമായിരിക്കും. ഒരു പ്രഭാതത്തിൽ, ഭീകരമായ വെല്ലുവിളിയിൽ വിറകൊള്ളുന്ന ലോകം സാമ്രാജ്യമോഹത്തിൻെറ അഗ്നിയിൽ വെന്തെരിയുന്നതു കാണാം. പൂർവ്വാംബരത്തിൽ ചെങ്കതിരുകൾ വീശി സൂര്യൻ മലകൾക്കു് മുകളിലൂടെ ഉളിഞ്ഞുനോക്കുമ്പോൾ, ഉണർന്നെഴുന്നേല്ക്കാൻ ആരെങ്കിലും ശേഷിച്ചിട്ടുണ്ടെങ്കിൽ, സൂര്യകിരണങ്ങൾ കടന്നുവരാൻ സാദ്ധ്യമാകാത്തവിധം ഈ ലോകം ആററംബോംബിൻേറയും ഹൈഡ്രജൻബോംബിൻേറയും പുകകൊണ്ടു മൂടിയിരിക്കുന്നതു് അവർക്കു കാണാം. മനോഹരമായ നെൽപ്പാടങ്ങളും, പച്ചപ്പരവതാനി വിരിച്ച പുൽത്തകിടികളും വാടിക്കരിഞ്ഞിരിക്കുന്നതു കാണാം. അങ്ങനെ ലോകത്തിൻെറ സൗന്ദര്യം കാർന്നുതിന്നുകൊണ്ടു് പുക മൂടിയ അന്തരീക്ഷത്തിലൂടെ ശാസ്ത്രത്തിൻെറ പതാക മനുഷ്യൻെറ വിവേകശൂന്യതയുടെനേരേ പല്ലിളിച്ചു പരിഹസിച്ചുകൊണ്ടിരിക്കും.

ഇതു സംഭവിക്കാതിരിക്കണമെങ്കിൽ, മനുഷ്യനു് ആത്മശാന്തിയോടെ ജീവിക്കണമെങ്കിൽ, ശാസ്ത്രം ഈ ലോകത്തിനു് ഉപയോഗപ്രദമായിത്തീരണമെങ്കിൽ, ഈ വെല്ലുവിളിയുടെ അന്തരീക്ഷം മാറണം. മാനുഷികമൂല്യങ്ങളായ സ്നേഹത്തിൻെറയും സൗഹോദര്യത്തിൻെറയും പതാക ശാസ്ത്രീയനേട്ടങ്ങളുടെ പതാകക്കൊപ്പം അന്തരീക്ഷത്തിൽ പാറിപ്പറക്കണം. ശാസ്ത്രീയനേട്ടങ്ങളുടെ പതാകയുമേന്തി പടവാളുയർത്തുന്ന കരങ്ങൾ പരസ്പരം ഹസ്തദാനം നടത്തണം. അപ്പോൾ ശാസ്ത്രത്തിൻെറ നേട്ടങ്ങൾ മാനവസമുദായത്തിനു് ഒരനുഗ്രഹമായിത്തീരും. അതുണ്ടാകട്ടെ എന്നു നമുക്കാശിക്കാം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# ആധുനിക മലയാളസാഹിത്യം
## [ഒരവലോകനം]

(വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള)
*(Old Student)*

ശരിക്കു പറഞ്ഞാൽ ആധുനിക ഭാഷാസാഹിത്യത്തിന്റെ യഥാർത്ഥചരിത്രം തുടങ്ങുന്നതു് ശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ കാലംമുതലാണു്. നിരണം കവിതയും, ചമ്പൂവും, കിളിപ്പാട്ടും, കഥകളിയും, തുള്ളലും, മണിപ്രവാളകാലവും എല്ലാം കടന്നുവന്ന ഭാഷാസാഹിത്യം കോയിത്തമ്പുരാന്റെ കാലത്തെത്തുമ്പോഴേക്കും ഒരു നവീനപഥത്തിലേയ്ക്കു പ്രവേശിക്കുന്നു. ഇംഗ്ലീഷുകാരുടെ അധിനിവേശം, അധികാരസ്ഥാപനം, ആംഗലഭാഷാപ്രചാരണം, പാശ്ചാത്യസാഹിത്യത്തിന്റെയും തത്വചിന്തയുടെയും സ്വാധീനത ഇങ്ങനെ നിരവധി കാരണങ്ങളുണ്ടു് അവയ്ക്കു പിന്നിൽ. ഭാവത്തിലും രൂപത്തിലും ശ്രദ്ധേയവും അഭിലഷണീയവും വിപ്ലവാത്മകവുമായ പരിവർത്തനങ്ങളാണു് ഈ ഘട്ടത്തിൽ കൈരളിക്കു കൈവന്നുകൊണ്ടിരുന്നതു്.

ഭാഷാസാഹിത്യത്തിലെ ഗദ്യസാഹിത്യശാഖ പ്രധാനമായിട്ടാരംഭിക്കുന്നതു് കേരളകാളിദാസന്റെ കാലംമുതലാണു്. പാശ്ചാത്യസാഹിത്യമാതൃകയിലുള്ള നിരവധി ഗദ്യലേഖനങ്ങൾ എഴുതിയും, ആവശ്യാനുസരണം തർജ്ജമചെയ്തും ഗദ്യസാഹിത്യത്തിന്റെ ശയ്യയും ശൈലിയും അദ്ദേഹം ആകർഷകമാക്കി. മലയാളഭാഷാ പാഠപുസ്തകക്കമ്മറ്റിയുടെ അദ്ധ്യക്ഷനായിരുന്ന കേരളവർമ്മയ്ക്കു് ഗദ്യസാഹിത്യപ്രപോഷണം വിദ്യാലയങ്ങളിൽക്കൂടി സുകരമായി നടത്തുവാൻ കഴിഞ്ഞു. കേരളവർമ്മയുടെ ഭാഗിനേയനും പണ്ഡിതാഗ്രേസരനുമായിരുന്ന ഏ. ആർ. രാജരാജവർമ്മയും തന്റെ സർവ്വപ്രകാരേണയുള്ള കഴിവു് ഭാഷാസാഹിത്യവികാസനത്തിനും പ്രചാരണത്തിനുമായി വിനിയോഗിച്ചു. കേരളപാണിനീയം, ഭാഷാഭൂഷണം, സാഹിത്യസാഹ്യം, വൃത്തമഞ്ജരി തുടങ്ങിയ ഈടുറ്റ ലക്ഷണഗ്രന്ഥങ്ങൾ ഭാഷാസാഹിത്യ പുരോഗതിയെ ത്വരിതപ്പെടുത്തി. ചുരുക്കത്തിൽ, ഏ. ആറും കേരളവർമ്മയുമാണു് ആധുനികഭാഷാസാഹിത്യത്തിന്റെ പ്രോദ്ഘാടകന്മാർ.

ഗൈർവാണിയോടുള്ള അകൽച്ചയും, ആംഗലവാണിയോടുള്ള അടുപ്പവും ഇക്കാലത്തിന്റെ സവിശേഷതകളത്രേ. എങ്കിലും, മധുരഗംഭീരങ്ങളായ പല മഹാകാവ്യങ്ങളും ഇക്കാലത്തു പുറത്തുവന്നു. അഴകത്തു പത്മനാഭക്കുറുപ്പിന്റെ 'രാമചന്ദ്രവിലാസം', കെ. സി. യുടെ 'കേശവീയം', പന്തളം കേരളവർമ്മയുടെ 'രുക്മാംഗദചരിതം' ഇവ അവയിൽ ചിലതത്രേ.

ഇക്കാലത്തെ രണ്ടു പ്രമുഖ ആഖ്യായികാകാരന്മാരാണു് സി. വി. യും, ചന്തുമേനവനും. അപ്പുനെടുങ്ങാടിയുടെ 'കുന്ദലത'യോടുകൂടി സമാരംഭിക്കപ്പെട്ട നമ്മുടെ നോവൽപ്രസ്ഥാനം ചന്തുമേനവന്റെ ശാരദ, ഇന്ദുലേഖ; സി. വി. യുടെ 'മാർത്താണ്ഡവർമ്മ', 'ധർമ്മരാജാ', 'രാമരാജബഹദൂർ', 'പ്രേമാമൃതം' മുതലായവ പുറത്തുവന്നതോടുകൂടി പരിപുഷ്ടമാകാൻ തുടങ്ങി.

തർജ്ജിമസാഹിത്യമാണു് അടുത്തതായി നമ്മുടെ ശ്രദ്ധയെ ആകർഷിക്കുന്നതു്. ഇതിനും മാതൃക കാണിച്ചതു് കേരളപാണിനിയും കേരള

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

കാളിദാസനും തന്നെയായിരുന്നു. കേരളവർമ്മയുടെ അക്ബർ, അന്യാപദേശശതകം, മണിപ്രവാള ശാകുന്തളം; ഏ. ആർ—ന്റെ മലയാള ശാകുന്തളം, കുമാരസംഭവം, മേഘദൂത്; ചാത്തുക്കുട്ടിമന്നാടിയാരുടെ ജാനകീപരിണയം, ഉത്തരരാമചരിതം; കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഭാരതം; ഏ. ബാലകൃഷ്ണപിള്ളയുടെ ചില നോവൽതർജ്ജമകൾ എന്നിവ വിവർത്തനസാഹിത്യത്തെ സമ്പുഷ്ടമാക്കി. വെൺമണിയും, ശീവൊള്ളിയും രസനിഷ്യന്ദികളും ചിന്താബന്ധുരങ്ങളുമായ നിരവധി മുക്തകങ്ങളും മണിപ്രവാള കവിതകളും ഇക്കാലത്തു കൈരളിക്കു കാഴ്ചവച്ചു.

ഗദ്യസാഹിത്യത്തിനെന്നപോലെതന്നെ പദ്യസാഹിത്യത്തിനും ഇംഗ്ലീഷുഭാഷ വളരെയധികം പ്രോത്സാഹനവും ഉത്തേജനവും നൽകി. സംസ്കൃതവൃത്തങ്ങളിൽ മാത്രം വാർത്തുവിടുന്ന കവിതാരീതി ആകപ്പാടേ മാറി. പ്രതിപാദനത്തിൽ മാത്രമല്ല, വൃത്തത്തിലും ഇതിവൃത്തത്തിലും അത്ഭുതകരവും അടിസ്ഥാനപരവുമായ മാററങ്ങൾ ഇക്കാലത്തുണ്ടായി. സാധാരണക്കാരന്റെ പ്രശ്നങ്ങൾക്കും സാഹിത്യവേദിയിൽ പ്രതിഷ്ഠ ലഭിക്കാൻ തുടങ്ങി.

മഹാകാവ്യത്തിന്റെ സ്ഥാനം ഖണ്ഡകാവ്യപ്രസ്ഥാനം കരസ്ഥമാക്കിയതു് ഇക്കാലത്തെ പല പ്രധാനസംഭവങ്ങളിൽ ഒന്നാണു്. ഉള്ളൂർ, വള്ളത്തോൾ, ആശാൻ തുടങ്ങിയവരുടെ സാഹിത്യസൃഷ്ടികൾ മലയാളസാഹിത്യത്തിൽ മഹാപരിവർത്തനങ്ങൾ വരുത്തിക്കൂട്ടി. കെട്ടിലും മട്ടിലും മഹാകവി ഉള്ളൂരിന്റെ 'ഉമാകേരളം' ഒന്നാംകിടയിൽത്തന്നെ ഇന്നും നിലനില്ക്കുന്നു. വള്ളത്തോളിന്റെ 'സാഹിത്യമഞ്ജരി' വിതറിയ മഞ്ജുളമഞ്ജിമ ഇന്നും മായാതെ നിലനിന്നുപോരുന്നു. മഹാകാവ്യം എഴുതാതെ, മഹാകവികളിലും മഹാകവിയായി ഉയന്ന ആശാൻ ഭാഷാസാഹിത്യത്തിലെ ഒരു വിപ്ലവഘട്ടത്തിന്റെ ഉദ്ഘാടകനാണു്.

ആശാന്റെ വീണപൂവു്, നളിനി, ലീല, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, ചിന്താവിഷ്ടയായ സീത, പ്രരോദനം, കരുണ മുതലായ വിശിഷ്ടകാവ്യശില്പങ്ങൾ കാലദേശാതീതമായി എന്നും നിലനില്ക്കുകതന്നെ ചെയ്യും. അവയുടെ രചനാവൈഭവവും, അവയിൽ കാണുന്ന ആശാന്റെ ലോകനിരീക്ഷണവിചക്ഷണതയും, അനന്യസാധാരണവും അപ്രതിമവുമത്രേ. ആദ്ധ്യാത്മികജ്യോതിസ്സിന്റെ കിരണകന്ദളങ്ങൾകൊണ്ടു് അനുവാചകഹൃദയാന്തരാളങ്ങളിൽ അമൃതസേചനം നടത്തുവാൻ ആശാൻകൃതികൾക്കുള്ള കഴിവു് അതിരററതും അത്ഭുതകരവുമാകുന്നു.

ഉള്ളൂർ ഒരു കവിയെന്ന നിലയിലേക്കാൾ അപ്രതിമപ്രഭാവനായ ഒരു പണ്ഡിതനെന്ന നിലയ്ക്കത്രേ അറിയപ്പെടുന്നതു്. മലയാളം, ഇംഗ്ലീഷ്, സംസ്കൃതം, തമിഴ് എന്നീ ഭാഷകളിൽ അപാരമായ പാണ്ഡിത്യം അദ്ദേഹത്തിനുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കർണ്ണഭൂഷണം, പിങ്ഗള, ഭക്തിദീപിക മുതലായ ഖണ്ഡകാവ്യങ്ങൾ എല്ലാംകൊണ്ടും മേലേക്കിടയിലുള്ളവയത്രേ. ഏഴു ഭാഗം വരുന്ന ബൃഹത്തായ സാഹിത്യചരിത്രവും, വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളുൾക്കൊള്ളുന്ന വിജ്ഞാനദീപികയും കൈരളിയുടെ അമൂല്യസമ്പത്തുമാത്രമല്ല, ഉള്ളൂരിന്റെ ഗവേഷണസാമർത്ഥ്യത്തിന്റെ നിദർശകങ്ങൾകൂടിയാണു്.

സാഹിത്യമഞ്ജരി (8 ഭാഗം), ഗണപതി, അനിരുദ്ധൻ, കൊച്ചുസീത, ഒരു വിലാപം, മഗ്ദലനമറിയം, ശിഷ്യനും മകനും തുടങ്ങിയ വള്ളത്തോളിന്റെ വ്യക്തിമുദ്രാവിലസിതങ്ങളായ ഖണ്ഡകാവ്യങ്ങൾ ഭാഷക്കൊരു മുതൽക്കൂട്ടാണു്. ദേശീയബോധത്തിന്റെ ദിവ്യസന്ദേശം പരശ്ശതം മലയാളികളുടെ ഹൃദയമണ്ഡലത്തിൽ എത്തിക്കുന്നതിനു് വള്ളത്തോൾ അക്ഷീണം യത്നിച്ചു; വാല്മീകിരാമായണം, ഋഗ്വേദം, പത്മപുരാണം മുതലായവ തർജ്ജമചെയ്തു. ഈ മഹാകവിത്രയം ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കു്

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

വേണ്ടത്ര സംഭാവനചെയ്തു. ഇവരോടടുത്തു ജീവിച്ചിരുന്ന വി. സി. യും ഒരു വിലാപം, നാഗാനന്ദം, വിശ്വരൂപം മുതലായവ കൈരളിക്കു കാഴ്ചവച്ചു സാഹിത്യത്തെ സംപുഷ്ടമാക്കി. നാലപ്പാടൻ, കുററിപ്പുറം, എം. ആർ. കൃഷ്ണവാര്യർ, ശാസ്തമംഗലം രാമകൃഷ്ണപിള്ള എന്നിവരും വേണ്ടത്ര സംഭാവനകൾ ഭാഷാസാഹിത്യത്തിനു നൽകി.

റീയലിസം, റൊമാൻറിസിസം, സിംബോളിസം, മിസ്റ്റിസിസം എന്നീ നവീന സാഹിത്യപ്രസ്ഥാനങ്ങൾ ക്രമേണ ഭാഷയിലേക്കു പകരാൻ തുടങ്ങി.

സർദാർ കെ. എം. പണിക്കർ പല നല്ല നോവലുകളും കൈരളിക്കു സംഭാവനചെയ്തു. ചരിത്രസാഹിത്യകാരന്മാരും നിരൂപകവിദഗ്ദ്ധന്മാരുമായ ഉള്ളൂർ, സാഹിത്യപഞ്ചാനനൻ, ആററൂർ, ആർ. നാരായണപ്പണിക്കർ, സി. അച്യുതമേനോൻ എന്നിവരെ ഒരിക്കലും മലയാളികൾക്കു് മറക്കാൻ കഴിയുകയില്ല. ശാസ്ത്രസാഹിത്യരംഗത്തു് എ. ആർ. രാജരാജവർമ്മയുടെ പേരു എടുത്തു പറയേണ്ടതാണു്. നിരൂപണസാഹിത്യമെടുക്കുമ്പോൾ ഉള്ളൂർ, പി. കെ., അപ്പൻ തമ്പുരാൻ, കേസരിമാർ ഇവരുടെ പേരുകൾ പ്രാധാന്യം അർഹിക്കുന്നു. മലബാർ കെ. സുകുമാരനും, ഈ. വി. യും, സഞ്ജയനും ഹാസസാഹിത്യമണ്ഡലത്തിലെ ഉജ്ജ്വലതാരങ്ങളാണു്. പ്രഹസനസാഹിത്യത്തിനു് സി. വി. യും, ഈ. വി. യും; നോവൽസാഹിത്യശാഖയ്ക്കു് കെ. ദാമോദരനും, കെ. സുകുമാരനും ധാരാളം സംഭാവനകൾ നൽകി. ഗദ്യസാഹിത്യത്തിൻെറ ഇക്കാലത്തെ പ്രപോഷകരിൽ അപ്പൻതമ്പുരാൻ, ആർ. ഈശ്വരപിള്ള, ടി. കെ. വേലുപ്പിള്ള, സി. വി. കുഞ്ഞുരാമൻ, ഐ. സി. ചാക്കോ, പി. കെ. പരമേശ്വരൻനായർ എന്നിവർ പ്രമുഖരാണു്.

കഴിഞ്ഞ ഇരുപത്തിയഞ്ചുകൊല്ലത്തെ ഭാഷാസാഹിത്യചരിത്രം പരിശോധിക്കുമ്പോൾ കാണുന്ന പറയത്തക്ക സംഭവം പുരോഗമനസാഹിത്യത്തിൻെറ ആവിർഭാവമാണു്. വിപ്ലവാത്മകങ്ങളായ നവീനാശയങ്ങൾ ഇക്കാലത്തു് ഭാഷയിൽ ധാരാളം സംക്രമിച്ചു. ഇതിനെ സാഹിത്യത്തിലെ ജനകീയയുഗത്തിൻെറ ആരംഭമായി ചിലർ ചൂണ്ടിക്കാട്ടുന്നു. കഥ, കവിത, നാടകം, നിരൂപണം തുടങ്ങിയവ ഇക്കാലത്തു് ദ്രുതഗതിയിൽ വളരാൻതുടങ്ങി.

ചങ്ങമ്പുഴയെയും, ഇടപ്പള്ളിയെയും, ദിങ്മാത്രമായെങ്കിലും സ്പർശിക്കാതെ ഈ ലേഖനം അവസാനിപ്പിക്കുന്നതു് യുക്തമല്ല. പാടാൻവേണ്ടി ജനിച്ചു്, പാടാൻവേണ്ടി ജീവിച്ചു്, പാടിപ്പാടി തൊണ്ട വരണ്ടു മരിച്ച ആ ഗാനകോകിലങ്ങളുടെ "കണ്ഠമുരളീഗളത്പഞ്ചമം" ഇന്നും മലയാളികളെ പുളകംകൊള്ളിക്കുന്നു. ഈ ലേഖനത്തിൽ അവരുടെ സാഹിത്യസേവനം ഒതുക്കാൻ ഞാൻ സാഹസപ്പെടുന്നില്ല.

തകഴി, ദേവു്, ബഷീർ, ഉറൂബ്, വർക്കി, റാഫി, കാരൂർ, കോവൂർ, പൊററക്കാട്ടു്, അന്തർജ്ജനം, മാരാർ, മുണ്ടശ്ശേരി, പോൾ, കുഞ്ഞിരാമൻനായർ, ജി, പാലാ, ഓ. എൻ. വി., വയലാർ... .... .... .... .... ഇങ്ങനെ നീണ്ടുപോകുന്ന ആ പട്ടികയിലെ ആളുകളെ മറന്നിട്ടല്ല, പ്രത്യുത ഈ ചെറു ലേഖനം അവരെ ഉൾക്കൊള്ളാൻ തികച്ചും അപര്യാപ്തമായതുകൊണ്ടാണു് അവരെ വിടുന്നതു്.

മഹാകാവ്യത്തിൻെറ സ്ഥാനം ഖണ്ഡകാവ്യവും, നോവലിൻെറ സ്ഥാനം ചെറുകഥയും, സംഗീതനാടകങ്ങളുടെ സ്ഥാനം പ്രഹസനവും കൈക്കലാക്കിയതാണു് ആധുനികഭാഷാസാഹിത്യത്തിലെ പ്രധാന സംഭവങ്ങൾ. അങ്ങനെ കൊണ്ടും കൊടുത്തുംകൊണ്ടു് ഭാഷാസാഹിത്യം മഹത്തായ ഒരു ജൈത്രയാത്ര നടത്തുകയാണു്. ഈ ജൈത്രയാത്ര ഹർഷപുളകിതഗാത്രത്തോടെയല്ലാതെ ഒരു സാഹിതീഭക്തനും നോക്കിനില്ക്കവയ്യ.

[അവലംബം— "Modern Malayalam Literature" *By* Sooranadu Kunjan Pillai.]

# നളന്ദ

ജവഹരക്കുറുപ്പ് *(Old student)*

ഓർമ്മതന്നൂർമ്മിയിലൂടെൻകലാലയ-
മോർമ്മിക്കയാണു ഞാനജ്ഞാതകൗതുകം.
രണ്ടാണ്ടുമുമ്പെഴും വിദ്യാർത്ഥിജീവിതം
തുണ്ടുതുണ്ടാക്കിത്തുടങ്ങുന്നു മാനസം.
അന്നത്തെയദ്ധ്യാപകാഗ്രേസരരൊക്കെയു-
മിന്നു മാറീട്ടു മററാളുകൾ വന്നതും,
അന്നത്തെയക്കൊച്ചുവിദ്യാർത്ഥിമിത്രങ്ങ-
ളൊന്നുമില്ലെല്ലാം നവാഗതരായതും,
ഓർക്കുന്നു ഞാനക്കലാലയമെപ്പൊഴു-
മോർക്കാമതെല്ലാം കിനാവുകൾമാതിരി!
വിദ്യാർത്ഥിചട്ടങ്ങൾവ്യത്യസ്തമാണന്യ-
വിദ്യാലയങ്ങളായ് തട്ടിച്ചുനോക്കുകിൽ!
ചുററും പുരോഹിതശ്രേഷ്ഠർതൻ സംസ്കാര-
മുററും പരിമളം പാറും കലാലയം,
ഓർമ്മിക്കുകിലാതുരമോർക്കും "നളന്ദ"ത-
ന്നാക്കം മഹത്തമമാം വിജ്ഞാനസാഗരം.
ചിട്ടകളൊക്കെയും നൂതനം, വിദ്യാർത്ഥി-
ചട്ടങ്ങളെല്ലാമനുസരിച്ചീടണം.
കർമ്മോന്മുഖമാണു ജീവിതം. ശാശ്വത-
ധർമ്മപുളകങ്ങളെങ്ങും പരന്നിടും!
പണ്ഡിതവൈദികവൃന്ദങ്ങളാൽ പ്രേമ-
മണ്ഡിതംതന്നെയാ വിജ്ഞാനമണ്ഡപം!
സ്നേഹമാർഗ്ഗത്തിലുയർച്ചതൻ ലക്ഷ്യമാ-
ണേകുന്നതെൻ കൊച്ചു വിദ്യാനികേതനം!
വെല്ക, നിൻകർമ്മം ജയിക്കട്ടെ, പാവന-
വൈദികനേട്ടങ്ങൾ പാറിടട്ടെങ്ങുമേ!
നീയുമന്നെന്നും "നളന്ദ"പോൽ വിജ്ഞാന-
പേയം പകരുന്ന 'നന്ദിനി'യാവണേ!
നിൻനേട്ടമെപ്പൊഴും കണ്ടുകണ്ടെൻമനം
നന്നായ് കുളിരണിപ്പൂഞ്ചാർത്തണിയണേ!!

# 'വീണപൂവി'ലെ തത്വചിന്ത

(ബി. കെ. നായർ-II D. C.)

എല്ലാ വസ്തുക്കൾക്കും മനുഷ്യഹൃദയത്തിൽ സ്വാധീനത ചെലുത്താൻ കഴിയുന്നുണ്ട്; സാഹിത്യത്തിന് അതിൽ പ്രമുഖസ്ഥാനവുമാണുള്ളത്. വിവിധരംഗങ്ങളിൽ വിവിധ പ്രതികരണങ്ങൾ സാഹിത്യം മനുഷ്യനിൽ ഉളവാക്കുന്നുണ്ട്. സാമൂഹികമായും, സാംസ്കാരികമായും, രാഷ്ട്രീയമായും, ആദ്ധ്യാത്മികമായും അതിൽനിന്ന് നാം പ്രചോദനം നേടുന്നു. "വൈരാഗ്യമേറിയൊരു വൈദികനാട്ടെ, യേററ വൈരിക്കുമുമ്പുഴറിയോടിയ ഭീരുവാട്ടെ" ആരായാലും തിരിഞ്ഞുനിന്നു ശ്രദ്ധിക്കുന്ന ആ 'വീണപൂവ്' ചില ആദ്ധ്യാത്മികകാര്യങ്ങൾ നമ്മോടു പറയുന്നുണ്ട്. എൻെറ ഹൃദയം അതു ശ്രദ്ധിക്കുന്നതിനുവേണ്ടി ഒന്നു തുറന്നുകൊടുക്കുക, അത്രമാത്രമാണ് ഈ ലേഖനത്തിൻെറ ഉദ്ദേശ്യം.

കണ്ണും കരളും കവരുന്ന ആ കാവ്യപ്രപഞ്ചത്തിൽ കടക്കുന്ന ഒരു കാവ്യാസ്വാദകൻ അവിടെ നടക്കുന്ന താത്വികപ്രസംഗങ്ങളിലല്ല ആദ്യം ശ്രദ്ധിക്കുന്നത്; മറിച്ച് ആ കാവ്യകലാസുഭഗതയിലായിരിക്കും. എന്നാൽ ദർശനമാത്രയിൽ ലഭിക്കുന്ന ആ രസാനുഭൂതിക്കുശേഷം ഏതൊരു സഹൃദയനും തിരിഞ്ഞുനിന്നൊന്നു ശ്രദ്ധിക്കും. അപ്പോൾ കേൾക്കാൻകഴിയും കവിയുടെ തത്വചിന്താപരമായ പ്രസംഗങ്ങൾ. "ശ്രീഭുവിലസ്ഥിര"യാണെന്നും പറഞ്ഞുകൊണ്ട് കവി തൻെറ തത്വചിന്ത ആരംഭിക്കുകയായി. സർവ്വാരാദ്ധ്യനായ ആ കവികുലഗുരുവിൻെറ "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം" എന്ന അഭിപ്രായവും, "ചക്രാരേന്ത പരിവർത്തന്തേ സുഖം ദുഃഖംച" എന്ന വിദുരോപദേശവും 'ശ്രീഭുവിലസ്ഥിരയാണെ'ന്ന ആശാൻെറ തീരുമാനവും എല്ലാം തീക്ഷ്ണമായ ജീവിതാനുഭവങ്ങളെ സമഗ്രമായി അപഗ്രഥിച്ചതിൽനിന്നുൽഭൂതമായ താത്വികാഭിപ്രായങ്ങളാണ്. അപ്പോൾ മഹാകവി തൻെറ പ്രകൃത്യനുഭവങ്ങളിൽനിന്നും ശ്രീഭുവിലസ്ഥിരയാണെന്ന ഒരനുമാനം കൈക്കൊള്ളുകയാണു ചെയ്തത്.

നിശാന്തവായു തട്ടി ഞെട്ടററു നിലംപതിച്ച പൂവിനോട് കവി പറയുന്നതു നോക്കുക:

"ഒന്നല്ലി നാമയി സഹോദരരല്ലി പൂവേ!
ഒന്നല്ലി കൈയിഹ രചിച്ചതു നമ്മെയെല്ലാം."

ദേഹങ്ങൾ പലതാണെന്നിരുന്നാലും അവയുടെ അന്തഃകരണത്തിനുള്ളിൽ പ്രകാശിക്കുന്ന ആ അലൗകികജ്യോതിസ്സ് അഥവാ ആത്മചൈതന്യം ഒന്നുതന്നെയാണെന്നല്ലേ കവി പറഞ്ഞതിൻെറ അർത്ഥം? ശ്രീ ശങ്കരനും ഇതേ അഭിപ്രായം തന്നെ "ത്വയി മയി സർവ്വത്രൈകോ വിഷ്ണു" എന്നു രേഖപ്പെടുത്തിയിട്ടുണ്ട്. മഹാകവി വീണ്ടും പറയുന്നു,

"ഒന്നിന്നുമില്ല നിലയുന്നതമായ കുന്നു-
മെന്നല്ലയാഴിയുമൊരിക്കൽ നശിക്കുമോർത്താൽ"

എന്ന്. ഒരുതരം മായാവാദമല്ലേ ഇതെന്ന് സംശയിച്ചുപോകും. കവിയുടെ ഇതേ ആശയംതന്നെയല്ലേ ചിലരുടെ ഭാഷയിൽ, നാമീക്കാണുന്ന പ്രപഞ്ചം നശ്വരമാണ്, അവാസ്തവികമാണ്, മായാമോഹിതനായ മനുഷ്യൻെറ തോന്നൽമാത്രമാണ് എന്നൊക്കെയായി മാറുന്നത്.

ആഗമങ്ങളുടെ കല്പനകൾ തത്വശാസ്ത്രത്തിൻെറ സാങ്കേതികമേഖലയിൽനിന്നു സാഹിത്യത്തിൻെറ സൗന്ദര്യമണ്ഡലത്തിലേയ്ക്കു പ്രവേശിച്ചപ്പോൾ—

"ഉൽപന്നമായതു നശിക്കു, മണുക്കൾനില്ക്കും
ഉൽപന്നനാമുടൽ വെടിഞ്ഞൊരു ദേഹിവീണ്ടും,
ഉൽപത്തി കർമ്മഗതിപോലെ വരും ജഗത്തിൽ"

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ചിരിയും കരച്ചിലും

([illegible]ച്ചിയൂർ കെ. ജി.)

1

"കണ്ണുകൾ പൊത്തിക്കരയുകയോ, യെൻ
കൺമണിയല്ലേ, ചിരിതൂകൂ!
നീലനഭസ്സിൽ ശശികല കണ്ടോ
പാലൊളി തൂകി ലസിയ്ക്കുന്നു
താരകൾകൊണ്ടൊരു താലിയൊരുക്കി-
ക്കാർമുകിലേണിയാൻ പോകുന്നു.
മഞ്ഞപ്പൂക്കളിലിക്കിളി പാകാൻ
കുഞ്ഞിക്കാറ്റൊന്നണയുന്നു.
അകലത്തുള്ളൊരു തേന്മാവിൽനി-
ന്നൊരു കുയിൽനാദമുയർന്നിട്ടും,
കണ്ണുകൾ പൊത്തിക്കരയുകയോ, യെൻ
കൺമണിയല്ലേ ചിരിതൂകൂ!"

2

"കണ്ണീർ വീഴ്ത്തിക്കരയുക തോഴീ,
കണ്ടില്ലയോ എരിചിതകൾ?
കരയുകയാവാം മഞ്ഞു പൊഴിച്ചി-
ത്താരകളെല്ലാം രാവിൽ
അമ്പിളിപോലും കരിമുകിൽകൊണ്ടു-
കണ്ണുകൾ പൊത്തിക്കരയുന്നു.
കുഞ്ഞിക്കാറ്റിക്കഥകളുരയ്ക്കേ,
മഞ്ഞപ്പൂക്കൾ വിറയ്ക്കുന്നു.
കാതരയായൊരു രാക്കിളിപോലും
മൂകതയാർന്നു കഴിഞ്ഞീടെ
കണ്ണീർ വീഴ്ത്തിക്കരയുക തോഴീ
കണ്ടില്ലയോ എരിചിതകൾ?"

3

"ചിരിയും കരച്ചിലും ചേർന്നതാണീ ജീവിത"-
മു ചെയ്യാരോ, കഷ്ടം! കേട്ടതില്ല കാമുകർ.

എന്ന രീതിയിൽ ഭാവത്തിനു തക്ക രൂപം കൈക്കൊള്ളുകയാണു ചെയ്തത്. ഏതാണ്ട് ഇതേ ആശയംതന്നെ ഉൾക്കൊള്ളുന്നുണ്ട് "വാസാംസി ജീർണ്ണാനി യഥാ വിഹായ" എന്നു തുടങ്ങുന്ന ഗീതാശ്ലോകവും. പക്ഷേ രണ്ടിനും തമ്മിലുള്ള വ്യത്യാസം എന്താണ്? ഒന്ന് താത്വിക മണ്ഡലത്തിൽനിന്നുകൊണ്ടുള്ള താത്വികചിന്ത, മറേറത് പ്രായോഗികജീവിതത്തിലെ തീക്ഷ്ണാനുഭവങ്ങൾ മനുഷ്യനെ താത്വികചിന്തയിൽ അഭയംപ്രാപിപ്പിക്കുന്നതിന്റെ പരിണതഫലമായ കലാരൂപം. ദേഹിദേഹസംയോജനവിശേഷസ്വഭാവമായ ജീവിതത്തെയല്ല മഹാകവി,

"ചൈതന്യവും ജഡവുമായ് കലരാം ജഗത്തി-
ലേതെങ്കിലും വടിവിലീശ്വരവൈഭവത്താൽ"

എന്നാക്കി മാററിയത്.

ക്ലേശിക്കുന്നത് അജ്ഞതായോഗ്യമാണെന്നു പറഞ്ഞശേഷം കവി ത[illegible]ന്റെ ചിന്തകൾ ഉപസംഹരിക്കുന്നത് "മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ" എന്നു പറഞ്ഞാണ്. രക്തമജ്ജാസ്ഥിമാംസ സമ്മിളിതമായ ദേഹമാകട്ടെ പഞ്ചഭൂതനിർമ്മിതമാണെന്നുള്ള താത്വികാഭിപ്രായത്തെ സാഹിത്യഭാഷയിലൂടെ അവതരിപ്പിച്ചപ്പോഴല്ലേ "മണ്ണാകുമീ മലരു വിസ്മൃതമാകുമിപ്പോൾ" എന്നായി മാറിയത്.

ഇങ്ങനെ, കാവ്യാത്മകത്വം തുളുമ്പുന്ന ഈ ഖണ്ഡകാവ്യത്തിൽ പല സ്ഥാനങ്ങളിലും കവിയുടെ ഭാവന ദുരവഗാഹങ്ങളായ താത്വികമണ്ഡലങ്ങളിലേക്ക് വ്യാപരിച്ചതിന്റെ ബഹിഃസ്ഫുരണങ്ങൾ കാണാവുന്നതാണ്. ചുരുക്കത്തിൽ നശ്വരവും ക്ഷണികവുമായ ഈ പ്രാപഞ്ചികജീവിതത്തിനുമതീതമായി അനശ്വരവും, ശാശ്വതശാന്തി നിറഞ്ഞതുമായ ഒരലൗകികജീവിതം ഉണ്ടെന്നുള്ള കവിയുടെ വിശ്വാസവും പ്രകടമാകുന്നുണ്ട്.



MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# നീറുന്ന ഓർമ്മകൾ

രാമചന്ദ്രൻ, മാവേലിക്കര (സീനിയർ ബി. കോം.)

ആ ഊറിയ നിലാവിൽ, ഒരു നേരിയ പാട്ട് അവൻെറ സിരാതന്തുക്കളിലൂടെ ഒലിയിട്ടു. എന്നിട്ടും അവനനക്കമില്ല. കായൽക്കരയിൽ, ജലനിരപ്പിനു വളരെ അടുത്തു്, അവൻ കൂനിക്കൂടി ഇരിക്കുകയാണ്. അവനിപ്പോൾ വേറൊരു ലോകത്തു സഞ്ചരിക്കയാണ് — ഈ ഭൂമുഖത്തു നിന്നും അങ്ങകലെ.... ... "ഓ, ഇതിനു വരണമെന്നില്ലായിരുന്നു.... ...." അവൻ ആലോചിച്ചു. അവൻെറ കണ്ണുകൾ നിറഞ്ഞു തുളുമ്പിനിന്നു. നേരിയ നിലാവു്. ചന്ദ്രൻ വീണ്ടും കാർമേഘപടലങ്ങളിലേക്കു് ഊഴ്ന്നിറങ്ങി. അങ്ങകലെ നിന്നും ഒരു കാററു വീശി. വൃക്ഷശിഖരങ്ങളിലും വെള്ളിപൂശിയ പുല്പരപ്പിലും അതു കൊച്ചലകൾ സൃഷ്ടിച്ചു.

പൊടുന്നനെ കായലിലെ ജലനിരപ്പുയർന്നു് ചിറവക്കിൽ ആഞ്ഞടിച്ചു. അവൻ ഞെട്ടിയുണർന്നു. അവൻെറ ശരീരമാകെ കായൽവെള്ളം. അവൾ!.... ....മേരിക്കുട്ടി... അവൻെറടുത്തിരുന്നു വിങ്ങിക്കരയുകയാണ്.

"ഇതിനാണോ, ഞാൻ തീർച്ചയായും വരണമെന്നു നീ എഴുതിയതു്?"

"അതേ." അവൾ സമ്മതിച്ചു.

"എങ്കിൽ ഇനി എനിക്കു പോകാമല്ലോ?" അവൾ ഒന്നും മിണ്ടിയില്ല.

ഒരു നിശ്ശബ്ദത.... .... തിങ്ങിവിങ്ങിയ നിശ്ശബ്ദത. ഹൃദയംപോലും വളരെ സൂക്ഷിച്ചു ശബ്ദമുണ്ടാക്കുന്നതുപോലെ.

"അങ്ങു് നീറുന്ന ഒരു ഹൃദയത്തിനു് മാപ്പു തരില്ലേ?.... ...."

"ഇല്ല...." അവൻ അത്ര ഉറച്ചു പറയുമെന്നു കരുതിയിരുന്നില്ല.

രണ്ടുമൂന്നു കെട്ടുവള്ളങ്ങൾ നിറയെ ആളുകൾ, ബഹളമുണ്ടാക്കിക്കൊണ്ടു കടന്നുപോയി. അവരെന്തിനു വേദനയറിയുന്നു? അവർക്കു് സുഖമായ ഒരു സദ്യമാത്രം. ഇനി ഏതാനും മണിക്കൂറുകൾകൂടി മാത്രമുണ്ടു്, അവൾ വേറൊരാളെ 'പരിചരിക്കാം' എന്നുള്ള ഏററുമൂളലിനു്.

അവർ നിശ്ശബ്ദരായി ആ വള്ളങ്ങളെ നോക്കിക്കൊണ്ടിരുന്നു. വള്ളങ്ങൾ അടുത്തുള്ള തുരുത്തിൽ അടുത്തു. ആളുകളെല്ലാം ഇറങ്ങി ബഹളംകൂട്ടുന്നു. പട്ടികൾ വീട്ടുമുററത്തുനിന്നു് ഉച്ചത്തിൽ കുരച്ചു.

ചന്ദ്രൻെറ രശ്മികൾ ശ്വാസംമുട്ടിക്കഴിയുകയാണ്. ഒരു പക്ഷേ മനഃപൂർവ്വം അദ്ദേഹമിതു കാണേണ്ടെന്നുവച്ചിരിക്കുമോ? അങ്ങനെ വരില്ല. ഇങ്ങനെ എത്രയെത്ര കണ്ണുനീർത്തുള്ളികൾക്കു സാക്ഷ്യം വഹിച്ചു് തഴമ്പിച്ച ഒരു പടുവൃദ്ധനാണദ്ദേഹം.

രണ്ടു ഹൃദയങ്ങൾ നിശ്ശബ്ദരായി സംസാരിച്ചു. അവരുടെ തെററുകൾ ഏററുപറഞ്ഞു. പക്ഷേ രാജൻ അവൻ സമാധാനപ്പെട്ടില്ല. വീണ്ടും അവിടെ നിശ്ശബ്ദത.

"രാജാ.... .... രാജനെന്തു സ്നേഹമായിരുന്നെന്നോടു്.... ആ ഹൃദയത്തിനെങ്കിലും മാപ്പുകൊടുക്കൂ രാജാ...." അവൾ പൊട്ടിക്കരഞ്ഞു. രാജൻ കുനിഞ്ഞിരിക്കുകയാണ്. അവനനക്കമില്ല. അവൾ അവനെ പിടിച്ചു കുലുക്കി. ഇല്ല.... അനക്കമില്ല. ആ ഹൃദയവും മനസ്സും ഉറഞ്ഞുകൂടിപ്പോയിരിക്കണം. അവൻെറ ശരീരം തണുത്തു വിറങ്ങലിച്ചിരുന്നു. അവൾ കരഞ്ഞു. മതിയാവോളം കരഞ്ഞു. അവളുടെ കണ്ണുനീർത്തുള്ളികൾ അവൻെറ ശരീരത്തുകൂടിയൊഴുകി. അവൻ പി

ടഞ്ഞെഴുന്നേററ് അവളെത്തുറിച്ചുനോക്കി. മനുഷ്യശരീരങ്ങൾ നീറി ദഹിച്ചുപോകുന്ന നോട്ടം! അവൾ അവന്റെ കാലിൽ കെട്ടിപ്പിടിച്ചു കരഞ്ഞു. "എനിക്കു മാപ്പുതരില്ലേ രാജാ.... ഇല്ലെങ്കിൽ.... ഇതു നടക്കുകയില്ല."

"എന്തു! നിന്റെ വിവാഹം നടക്കയില്ലെന്നോ....?" പിടയുന്ന ഹൃദയത്തിന്റെ ഉള്ളറയിൽനിന്നുള്ള ഒരു ചോദ്യം. അവൻ ചിരിച്ചു; പൊട്ടിച്ചിരിച്ചു. "എങ്കിൽ....എങ്കിൽ....ഞാൻ ഭാഗ്യവാൻ...." അവൾ പേടിച്ചു വിറച്ചു. അതാ, അവന്റെ മുഖഭാവം മാറുന്നു. അവൻ അവളെ പിടിച്ചു കുലുക്കിക്കൊണ്ടു ചോദിച്ചു. "എന്തു്.... ഞാനെന്തെങ്കിലും.... പറഞ്ഞോ.... ....?" അവൾ കരയുകയാണു്. അവൾക്കറിയാം അവനെ അതു സാരമായി ബാധിച്ചിട്ടുണ്ടെന്നു്. "ക്ഷമിച്ചു.... ഞാനെല്ലാം ക്ഷമിച്ചു....നീ പോകൂ.... എഴുന്നേററു പോകൂ... നീയെങ്കിലും ജീവിക്കൂ...." അവൻ തിരിഞ്ഞോടാൻ ശ്രമിച്ചു. അവൾ അവനെ മുറുകിപ്പിടിച്ചു. "രാജൻ പോകരുതു്. എനിക്കു പലതും പറയാനുണ്ടു്." അവൾ വീണ്ടും കരഞ്ഞു. "രാജാ.... അപ്പച്ചൻ.... നന്ദിനിയെക്കൊല്ലിച്ചു" വീണ്ടും പൊട്ടിക്കരച്ചിൽ.

രാജൻ ഓർത്തു. അവൾ ഓമനിച്ചുവളർത്തിയ ഒരു പശുക്കുട്ടിയാണവൾ. അവൾ അതിനെ ഈ ലോകത്തിൽവച്ചെല്ലാം ഏററവുമധികം സ്നേഹിച്ചിരുന്നു. തള്ള കുഞ്ഞിലേ ചത്തുപോയ അതിനെ വളർത്താൻ അവൾ അനുഭവിച്ച കഷ്ടപ്പാടിൽ അവനും ഭാഗഭാക്കാണു്. ഹൌ! എന്തൊരു ചൊട്ടച്ചൊടിപ്പുള്ള പശുക്കുട്ടിയായിരുന്നവൾ! "എന്തിനാണവരതിനെക്കൊല്ലിച്ചതു ?"

"വേറേ കാളക്കുട്ടിയെ വാങ്ങാൻ അപ്പച്ചന്റെ കയ്യിൽ രൂപായില്ലെന്നു." അവൻ സ്തബ്ധനായിപ്പോയി പക്ഷേ എന്തുചെയ്യാം. അവന്റെ തലയിലും എഴുതിയതു് കോലുകൊണ്ടായിപ്പോയി.

മേരിയുടെ വീട്ടിൽ അവളെ അന്വേഷിക്കുന്ന ബഹളമാണു്. നോക്കാൻ ഒരിടവുമില്ല. "അ പെൺകുട്ടിയെവിടെപ്പോയോ?.... ഞാനന്നേരമേ അറിയാതെനോട്ടു പറഞ്ഞതാ.... അവൾക്കു സമ്മതമില്ലാത്ത ഒരു കാര്യമാ.... .... ഇതു വേണ്ടാന്നു്." ഒരോതച്ചേടത്തി സമാധാനപ്പെടുത്തി. "അയ്യോടാ, അവളങ്ങോട്ടോ ഇങ്ങോട്ടോ എറങ്ങിയതല്ലിയോ. ഇപ്പോ ഇങ്ങു വരും."

"എന്റെ കർത്താവേ... ....എന്നും എന്റെ കുഞ്ഞിനെ രക്ഷിക്കണമേ." തോശാച്ചേടത്തി ആകാശത്തിലേക്കു നോക്കിക്കൊണ്ടു പറഞ്ഞു.

ചന്ദ്രൻ വീണ്ടും മുക്തനായി. നിലാവിൽ രണ്ടു രൂപങ്ങൾ നില്ക്കുന്നതു് എവിടെനിന്നും കാണാം. രാജൻ അവളെ പിടിച്ചെഴുന്നേല്പിച്ചു, പോകാൻ പറഞ്ഞു. പക്ഷേ അവൾ പോകുന്നില്ല. "ഉം.... പോകാൻപറഞ്ഞാൽ....!" അതൊരലർച്ചയായിരുന്നു.

"രാജൻ പോകുമോ എന്നറിഞ്ഞെങ്കിലേ ഞാൻ പോകൂ."

"ഇല്ല" കുറച്ചാലോചിച്ചിട്ടാണവൻ മറുപടി പറഞ്ഞതു്.

"എങ്കിൽ വീട്ടിലേക്കു വരൂ."

"നീ പോകൂ....ഞാൻ വന്നേയ്ക്കാം."

തിരിഞ്ഞു നോക്കി നോക്കി അവൾ ആ നിലാവിലൂടെ ഓടിപ്പോയി. അവൻ പിന്നെയും അവിടെത്തന്നെയിരുന്നു. അവൻ ഓർത്തു. എന്തു സ്നേഹമായിട്ടാണവർ ജീവിച്ചതു്. അവൾ പലപ്പോഴും പറഞ്ഞിട്ടുണ്ടു്, രാജനില്ലായിരുന്നെങ്കിൽ അവൾ മരിച്ചുപോകുമായിരുന്നെന്നു്. രാജനും നന്ദിനിയുമാണു് അവളുടെ എല്ലാം. അവളെ അപ്പച്ചനും അമ്മച്ചിയും വഴക്കുപറയുമ്പോഴും അടിക്കുമ്പോഴുമെല്ലാം അവളുടെ രാജനും നന്ദിനിയുമാണു് ഒരു സമാധാനം. പക്ഷേ, തീർന്നു, എല്ലാം തീർന്നു—രാജനോർത്തു.

മേരി തോരാതെ കരയുകയാണു്. അവൾ ജനാലകളിലൂടെ നോക്കി, രാജനവിടെയുണ്ടോയെന്നു്. അവളുടെ രാജനും നന്ദിനിയും അവളോടു പിരിഞ്ഞുകഴിഞ്ഞു. അവൾക്കിനി ആരുമില്ല. അവളിനി അവരെ കാണുകയില്ല. പെണ്ണു

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

നിന്നു കരയുന്നതുകണ്ട് തോശാമ്മച്ചേടത്തി അരിശംകൊണ്ടു. പക്ഷെ, എന്തു പറയാനാണ്, പുതുപ്പെണ്ണല്ലേ!

രാജൻ ഓർക്കുകയാണ്. അവന് എല്ലാം നശിച്ചു. എങ്കിലും അവനു ചില കടമകളുണ്ട്. അവളെ ഒരുക്കി പള്ളിയിലേക്കു വിടേണ്ടതുവരെ അവന്റെ ചുമതലയാണ്. അവൾ അവന്റേതാണ്. പക്ഷേ, വിവാഹം! അതവനു കാണാൻ സാദ്ധ്യമല്ല. അവന്റെ ഹൃദയത്തെ മറ്റൊരാൾ അപഹരിക്കുക. അവൻ എഴുന്നേററു നടക്കാൻ നോക്കി. ഒരു പക്ഷെ അവൻ പോയതവളറിഞ്ഞാൽ — അതവനെ തടഞ്ഞു. അവൻ വീണ്ടും അവിടെത്തന്നെയിരുന്നു. ഒന്നു മയങ്ങിപ്പോയതു പോലെ തോന്നുന്നു. അവന്റെ ഓർമ്മകൾ! ഓളത്തിലാടുന്ന ഒരു കൊച്ചു തോണിപോലെ, ആടിക്കുഴഞ്ഞ് ആ മറ നീങ്ങി. അവന്റെ ജീവിതത്തിൽ ഇതുവരെ അഭിനയിച്ച ഭാഗങ്ങൾ ഒന്നുകൂടി അഭിനയിക്കപ്പെടുകയാണ്. ഓർമ്മകൾ! അവൻ കാണുകയാണ്. അതാ.... അന്നവർ രണ്ടു കുഞ്ഞുങ്ങളാണ്. ഒന്നിച്ചാണു സ്കൂളിൽ പോവുക. അവർക്കെന്നും ഓണമാണ്. നെല്ലിപ്പൂവും മുക്കുററിപ്പൂവും ഇലഞ്ഞിപ്പൂവും എല്ലാം അവർക്കോണം വരുത്തി. എന്നും വരും, ഓണപ്പക്ഷി. അവരുടെ മുററത്തു അവ തത്തിക്കളിക്കും. അവരേക്കൂടി കളിക്കാൻ മുററത്തേക്കിറങ്ങിച്ചെല്ലാൻ വിളിക്കുകയാണെന്നു തോന്നും അതു കണ്ടാൽ. അവർക്കെന്നും ഓണമാണ്. എങ്ങും പൂക്കൾ; എങ്ങും മാന്തളിർത്തൊത്തുകൾ. കുയിലുകൾക്കും ഓണമാണ്. കൂവിക്കൂവി കുയിലുകൾ തളർന്നു. കിഴക്കുപുറത്തുള്ള കിളിമരച്ചില്ലയിൽ ഇരുന്നു കുരുവികൾ പാടും, 'ഉണരൂ.... ഉണരൂ' എന്ന്. നേരം വെളുത്തുകഴിഞ്ഞാൽ സ്കൂളിൽപ്പോക്കാണവരുടെ പ്രധാന ജോലി. അതിനിടയിൽ മേരി ചിലപ്പോൾ രാജനെ ഒന്നു സന്ദർശിച്ചെങ്കിലുമായി. പുള്ളിഫ്രോക്കും, കൊച്ചു സഞ്ചിയുംതൂക്കി ഒരുങ്ങി അവൾ സ്കൂളിലേക്കു തിരിക്കും. രാജന്റെ പടിയ്ക്കൽവന്നു വിളിക്കും, "രാജോ....ാ...." വാ നിറയെ പലഹാരങ്ങൾ തിരുകിക്കയററിക്കൊണ്ടിരിക്കുന്ന അവൻ വിളികേൾക്കും; "....വരുവാ...." അതവൾ കേട്ടുകാണുകയില്ലെന്ന മട്ടിൽ അവന്റെയമ്മ വിളിച്ചുപറയും. "അവൻ കാപ്പികുടിക്കുവാ മോളേ" സ്കൂളിലേക്കു തിരിച്ചാൽ വഴിയിൽക്കാണുന്ന പൂക്കളൊക്കെ അവൾക്കു പറിച്ചുകൊടുക്കണം. ചിത്രശലഭത്തിനെ പിടിച്ചുകൊടുക്കണം. ബെല്ലടിച്ചുകഴിഞ്ഞേ അങ്ങു ചെല്ലുകയുള്ളു. അതൊരു നിർബ്ബന്ധമാണ്.

നാളുകൾ കഴിഞ്ഞുകൊണ്ടിരുന്നു. പുതിയതു പലതും സംഭവിച്ചു. പഴയതു പലതും വാടിക്കൊഴിഞ്ഞു മണ്ണടിഞ്ഞു. അതിനോടൊപ്പം ഒന്നുകൂടി സംഭവിച്ചു. മേരി ഇനീം പള്ളിക്കൂടത്തിൽ പോകണ്ടാന്ന് അപ്പൻ ഒരുത്തരവിട്ടു. മനഃപൂർവ്വമാണെന്നു തോന്നുന്നില്ല; ഗതിയില്ലാത്തതുകൊണ്ടായിരിക്കണം. തന്നെയുമല്ല; തോശാമ്മച്ചേടത്തിയ്ക്ക് അടുക്കളയിൽ ഒരു കൂട്ടുമായി.

പിന്നീടു മേരി രാജനേക്കണ്ടപ്പോൾ വാവിട്ടു കരഞ്ഞുപോയി. കാരണംചോദിച്ചപ്പോഴാണു അപ്പച്ചൻ പറഞ്ഞ കാര്യം അവൾ പറഞ്ഞത്. അവൾ പലതും നോക്കി. രണ്ടുദിവസം വീട്ടിൽ നിന്നൊന്നും കഴിച്ചില്ല. ആരോടും മിണ്ടിയുമില്ല. പക്ഷേ, ഫലമില്ല. അങ്ങനെ, അക്കൊല്ലം ആദ്യംമുതൽ നിഴൽപോലെ നടന്നിരുന്ന ആ സ്നേഹവും സ്കൂളിൽപ്പോക്കും നിലച്ചു.

അവനും വളരെക്കരഞ്ഞു. പക്ഷേ, എന്തുചെയ്യാം. എല്ലാം സംഭവിച്ചുകഴിഞ്ഞു. കായൽക്കരയിൽക്കൂടി പോകുമ്പോൾ അവരുടെ നിഴൽ വെള്ളത്തിൽ പതിയുന്നതുനോക്കി അവൻ രസിക്കുമായിരുന്നു. പക്ഷേ ഇന്നാരുമില്ല. ആ നിറപ്പകിട്ട് ഇന്നു വെള്ളത്തിനില്ല. അവനാരോടു പറയും! അവനും ഹൃദയവും മാത്രം സംസാരിച്ചു. അവന്റെ അമ്മ ചോദിച്ചു "നിനക്കെന്താടാ ഈയ്യിടെ ഒരു ഗ്ലാനത....?"

"ഓ....ഒന്നുമില്ലമ്മച്ചീ." അവൻ ചിരിവരുത്തി മറുപടി പറഞ്ഞു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

നാളുകൾ പലതും ആ വൃക്ഷച്ചുവട്ടിൽ കൊഴിഞ്ഞുവീണു. ജീവിതത്തിലെ ഏററവും ഹൃദയഹാരിയായിരുന്ന ആ നാളുകളെ ഓർത്തു് അവൻ കണ്ണുനീർ പൊഴിച്ചു. ഇനി അതു വരില്ലേ? അവരുടെ പൂന്തോപ്പിൽ പുഷ്പങ്ങളണിയാൻ, ഇനി ആ വസന്തം വരില്ലേ? വൃക്ഷക്കൊമ്പുകൾതോറും വസന്തത്തിന്റെ സന്ദേശമറിയിക്കാൻ ആ പുള്ളിക്കുയിലു് ഇനി വരില്ലേ? അവൻ വളരെനാളുകൾകൊണ്ടു കൊതിക്കുന്ന ആ കുയിലുകളോടൊന്നേററുകൂവാൻ. പക്ഷേ മാവു് തളിർത്തുമില്ല; കുയിലുകൾ വന്നുമില്ല. ഒരുപക്ഷേ ആ കുയിലുകൾ വന്നെന്നിരിയ്ക്കട്ടെ; കൂവിയെന്നുമിരിക്കട്ടെ. അവനെങ്ങനെയൊന്നേററുകൂവും? അവൻ ഇന്നു വളർന്നുപോയില്ലേ?

നല്ല നിലാവുള്ള രാത്രികളിൽ രാജൻ പതുക്കെ വെളിയിലിറങ്ങും. കായൽക്കരയിലേക്കു നടക്കും. അവൻ കായലിലേക്കു നോക്കി. ശാരദരാത്രിയു്. ഓണനിലാവും. അവന്റെ ഹൃദയം കിക്കിളികൊണ്ടു. അങ്ങു കിഴക്കു് ആ മൊട്ടക്കുന്നു് മിനുത്ത കഷണ്ടിത്തലപോലെ നിലാവിൽ തിളങ്ങുന്നു. വിജനമാണാ സ്ഥലം. അവിടെയിരുന്നു സ്വതന്ത്രമായി ചിന്തിയ്ക്കാൻ, സ്വതന്ത്രമായി എന്തും ചെയ്യാൻ പററിയതാണു്. ഒരു കലോപാസകനായ അവന്റെ ഹൃദയത്തിൽ മായാത്ത പാട്ടുകൾ സൃഷ്ടിച്ചു ആ രംഗം. അങ്ങു ദൂരെക്കൂടി ഒരു കേവുവള്ളം നിരങ്ങിനിരങ്ങി മാറുന്നു. മീൻവീശുകാർ ചുററിത്തിരിയുന്നു. കറുത്തിരുണ്ട നിഴലുകളിൽ ഏതോഒക്കെ സാവധാനം നീങ്ങി. കായൽക്കരയിൽക്കിടന്ന കൊച്ചുവള്ളം അവൻ തള്ളിനീക്കി, ആ മൊട്ടക്കുന്നിനു നേരേ തുഴഞ്ഞുവിട്ടു.

അവൻ അതിന്റെ അടിവാരത്തിലെത്തി, അവിടെയിരുന്നു ചിന്തിച്ചു. ജീവിതത്തിന്റെ ഇരുൾനിറഞ്ഞ വശങ്ങൾ, കറുത്തിരുണ്ട രൂപങ്ങൾ അവന്റെ മനസ്സിലൂടെ കടന്നുപോയി. അവൻ എത്രനേരം അവിടിരുന്നോ എന്തോ! മിക്കവാറും ദിവസങ്ങളിൽ അവൻ അവിടെപ്പോകും, അവന്റെ ആ കൊച്ചുവള്ളവുമായി. അവന്റെ സ്നേഹിതന്മാർ അവനെ വിലക്കി. "അവിടാ മാക്കീഴിലെ അന്തോനിച്ചൻ നൈരാശ്യംകൊണ്ടു് കെട്ടിത്തൂങ്ങിയതു്." പക്ഷേ അവൻ പിന്നെയും പോയി.

നാളുകൾ വീണ്ടും നീങ്ങി. ഇതിനിടെ പലപ്രാവശ്യം കായലിൽ വെള്ളമേററമുണ്ടായി. പാവപ്പെട്ട കുടുംബങ്ങൾ കലവും പാത്രങ്ങളും പെറുക്കി താമസംമാററി. വളരെയാളുകൾ മരിച്ചു. മീൻപിടിയ്ക്കാൻപോയ വറീതും ചാത്തുവും കടലിൽ വള്ളംമുങ്ങിച്ചത്തു. എല്ലാം, എല്ലാം നടന്നു. ഇതെല്ലാം രാജൻ നിന്നിമേഷനായി നോക്കിക്കണ്ടു.

അവനു് കടലിൽ പോകാൻ രസമാണു്. എങ്കിലും അമ്മ അവനെ തടഞ്ഞു. അവൻ പഠിക്കുന്നവനാണു്. അവന്റെ തലയിൽ ഉപ്പുവെള്ളം കയറിയാൽ ബുദ്ധിയില്ലാതായിപ്പോകും. അവനും വിചാരിച്ചു: വറീതും ചാത്തുവും ചത്തു. ഈ കടൽ മനുഷ്യനുമായി അത്ര രമ്യതയുള്ളതല്ല. കായലിനും കടലിനും ഇടയ്ക്കു് താമസിക്കുന്ന രാജനു് അതു നല്ലവണ്ണമറിയാം. അവൻ കണ്ടിട്ടുണ്ടു് പലപ്പോഴും, കോപിച്ചലറുന്ന കടൽ മരവും വെള്ളവുമെല്ലാം എടുത്തു കിഴക്കാൻതൂക്കായി എറിയുന്നതു്. ഹൌ! അതിൽ നില്ക്കുന്ന മനുഷ്യർ! പക്ഷേ അവരുടെ കാര്യത്തേക്കാൾ കഷ്ടമാണു് ഇങ്ങു കരയിൽ നിന്നുകൊണ്ടു് അതു നോക്കി നിൽക്കുന്ന അവരുടെ സ്ത്രീകളുടെ കാര്യം. അവർ വാവിട്ടു നിലവിളിക്കും. ഇനിയും അയാളെ കടലിൽ വിടുകയില്ലെന്നു് അവർ ശപഥംചെയ്യും. പക്ഷേ എന്തുചെയ്യാനാണു്!

ഇതെല്ലാം അവന്റെ മനസ്സിൽ ഒരിക്കലും മായാത്ത എന്തോ സൃഷ്ടിച്ചു. അവൻ ജീവിതത്തെ കണ്ണുനീരായിമാത്രം കണ്ടു. അവൻ പലപ്പോഴും അതു മേരിയോടു പറഞ്ഞിട്ടുണ്ടു്. അപ്പോഴെല്ലാം അവൾ അവനെ സമാധാനിപ്പിച്ചു. എങ്കിലും അവൻ അതിലൊന്നിലും വിശ്വസിച്ചില്ല.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഒരു നിലാവുള്ള രാത്രി. അവൻ അവന്റെ കൊച്ചുവള്ളം ഉന്തിവിട്ടു. പുറകിൽനിന്നാരോ വിളിച്ചതുപോലെ. ആ പരിചിതമായ വളകിലുക്കവുമായി ആ നാണംകുണുങ്ങിപ്പെണ്ണ്. എവിടെപ്പോകുകാണെന്നറിയണം, അവൾക്ക്. അവൻ പറഞ്ഞു. പക്ഷേ അവൾ വിശ്വസിക്കുന്നില്ല. അവൾക്കറിയാം അന്തോനിച്ചേട്ടൻ കെട്ടിത്തൂങ്ങിയതു് ആ സ്ഥലത്താണെന്നു്. അതുകൊണ്ടു് അവിടെയല്ലേ പോകുന്നതെന്നാണവളുടെ സംശയം. ഏതായാലും, അവൾകൂടെ പോകുന്നെന്നു് നിർബ്ബന്ധിച്ചു. അവൾ ശാഠ്യക്കാരിയാണു്. എന്തു ചെയ്യാനാണു്! ഒരാളിന്റെ ഭാരംമാത്രം താങ്ങാൻ കഴിവുള്ള ആ കൊച്ചുതോണി ഒരാളിനെക്കൂടി വഹിച്ചു. അവർ പലതും പറഞ്ഞുകൊണ്ടാണു് പോയതു്. അവളുടെ പൊട്ടിച്ചിരികളും വളകിലുക്കവും കായൽപ്പരപ്പിലൂടെ ഓളം തല്ലി. പെട്ടെന്നു്, ഒരു മോട്ടോർബോട്ട് അടുത്തുവരുന്നു. വള്ളം ഇപ്പോൾ മുങ്ങും. ഒരു നിമിഷംമാത്രം. അവൻ പതുക്കെ വെള്ളത്തിൽ ചാടി വള്ളം പിടിച്ചുനിറുത്തി.

രാജൻ അവളോടു് എല്ലാം, എല്ലാം പറഞ്ഞിട്ടുണ്ടു്. അവന്റെ ജീവിതത്തിൽ ഇനി ഒരു പഴുതുമില്ല. അവളും പലതും പറഞ്ഞു. പക്ഷേ അവനെപ്പോഴും സംശയമാണു്. അവനതൊന്നും തൃപ്തിയായില്ല. അന്തോനിച്ചേട്ടൻ തൂങ്ങിച്ചത്ത കഥ അവൻ അവളെ ഓർമ്മിപ്പിച്ചു. അവൾ കരയാൻ ഭാവിച്ചു. പക്ഷേ അവൻ അതു വെറുതേ പറഞ്ഞതാണെന്നു പറഞ്ഞു.

പെട്ടെന്നാണതു സംഭവിച്ചതു്. രാജന്റെ താമസം മാറേറണ്ടതായിവന്നു. വളരെ ദൂരെ, അങ്ങു മലവാരത്തിൽ. അവന്റെ ജീവിതത്തിൽ അതു് ഇരുട്ടുവിതച്ചു. ഒരുപക്ഷേ മേരി അവനെ മറന്നേക്കും. അവൻ ചിന്തിച്ചു. എങ്കിലും അവനെ സ്നേഹിക്കുന്നുണ്ടെന്നകാര്യത്തിൽ അവനു വിശ്വാസക്കുറവില്ല. നാളുകൾ നീങ്ങി. ചിലപ്പോഴൊക്കെ അവൻ മേരിക്കു കത്തയക്കാറുണ്ടു്.

അവന്റെ ഹൃദയത്തിൽ വല്ലാത്തൊരു വേദന. അവനുടനേ മേരിയെക്കാണണം. അവൻ പോയി. അവൻ അവളെക്കണ്ടു. അവൾ ആകെ മാറിപ്പോയിരിക്കുന്നു. അവൾ അവന്റടുത്തു് അധികം നില്ക്കാൻ ഭയപ്പെടുന്നു. അവളങ്ങു വളർന്നുപോയതുകൊണ്ടായിരിക്കണം. അതോ, അതിൽ എന്തെങ്കിലും കാര്യമുണ്ടോ? അവൾ ആരെയെങ്കിലും സ്നേഹിക്കുന്നുണ്ടോ? അല്ലെങ്കിൽ അവളുടെ ജീവിതത്തിൽ പുതിയതായി എന്തോ ഒന്നു സംഭവിച്ചു; തീർച്ച. അവൾ എന്തോ അവനിൽ നിന്നു മറച്ചുപിടിച്ചു.

അവന്റെ ജീവിതം നിരാശതയുടെ അടിവാരത്തിലേക്കു തള്ളിയിടപ്പെട്ടു. ചിന്തകൾ! ഒരിക്കലും ഒടുങ്ങാത്ത ചിന്തകൾ! അവന്റെ കണ്ണുകൾ നിറഞ്ഞു. അവളതു കണ്ടെന്നുതോന്നുന്നു. അവൾ എല്ലാം പറഞ്ഞു. അവൾക്കാരോ ഒരു എഴുത്തു കൊടുത്തു.

"എങ്ങനെ തന്നു?"

"ഒരു പുസ്തകത്തിൽവെച്ചിട്ടുപോയി."

"ആ എഴുത്തെവിടെ?"

"ഞാൻ കീറിക്കളഞ്ഞു."

"ഹും .... കീറിക്കളഞ്ഞു .... .... ഉം.....ം" അവൾ നിശ്ശബ്ദയായിരുന്നു. അവൻ നീറുകയാണു്. അവനെല്ലാം വേഗം അറിയണം.

"എന്നിട്ടു നീ അയാൾക്കെഴുതിയില്ലേ?"

".... ഇല്ല ...."

അവനെഴുന്നേറ്റു് അവൾക്കൊരടികൊടുത്തു. അവൾ കരഞ്ഞു. അവളുടെ കണ്ണുനീർ! അതെ, അതിതുവരെ അവൻ കണ്ടിട്ടില്ല. പ്രത്യേകിച്ചു് അവൻമുഖാന്തരം. അതിനിമേലിലും കാണരുതെന്നു് അവൻ കരുതി, ആത്മാർത്ഥമായി കൊതിച്ചു, അവനവിടെ നില്ക്കാൻ കഴിഞ്ഞില്ല. അവൻ ഇറങ്ങി നടന്നു. ആ കായലരികിലേക്കു നടന്നു. അവന്റെ പരിചിതമായ സ്ഥലം. അവിടെ ഇരുന്നു. അങ്ങു ദൂരെ, പുലിമുട്ടിടാൻ കരിങ്കൽത്തുണ്ടുകളുംകയററി വള്ളങ്ങൾ പോകുന്നു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

കാററു ശക്തിയായി വീശി. കടലും കായലും ഒപ്പം ഇരമ്പിമറിഞ്ഞു. ആ വള്ളങ്ങളിൽ ഒന്നിനെ കായൽ വാപിളന്നു വിഴുങ്ങിക്കഴിഞ്ഞു. നിസ്സഹായരായ മനുഷ്യർ എന്തെല്ലാം അനുഭവിക്കണം. പക്ഷെ കായൽ തൃപ്തിപ്പെട്ടില്ല. വീണ്ടും വലിയ ഓളങ്ങൾ ഉയൎന്നു. വക്കുവരെ വെള്ളം മുട്ടിനിൽക്കത്തക്കവണ്ണം ഭാരംകയററിയ ആ വള്ളങ്ങളിൽ ഓളങ്ങൾ പിന്നെയും ഉന്നംവെച്ചു.

അവന്റെ മനസ്സിൽ എന്തോ ഒരു നോവ്. അവൻ ഓർക്കുകയാണ്. അവൻ അവളെ ഇതിനു മുൻപും ഉപദ്രവിച്ചിട്ടുണ്ട്. പക്ഷെ അവൾ കരഞ്ഞിട്ടില്ല. ഇന്നവൾ കരഞ്ഞു. അവൻ സ്വയം പഴിച്ചു. എങ്കിലും അവന്റെ ഹൃദയം ഗർജ്ജിച്ചു. "അവൾ എന്നെ സ്നേഹിക്കുന്നില്ല." അവന്റെ കണ്ണുകൾ നിറഞ്ഞു തുളുമ്പി, ഒരു സാധാരണ സംഭവമെന്നോണം.

അവന്റെ ശരീരത്തിൽ രണ്ടു തണുത്ത കൈകൾ ഉരുമ്മി. "രാജാ" അവൾ അവനെ കുലുക്കി വിളിച്ചു. "രാജാ.... ...." അവനനങ്ങിയില്ല. "ഞാനെല്ലാം പറയാം.... ഞാനയാൾക്കെഴുതി... ഇനി എഴുതുകയില്ല.... .. എന്നെ ഒന്നുകൂടി വിശ്വസിക്കൂ...." അവൾ പൊട്ടിക്കരഞ്ഞു.

എന്ത്! ഇനി അവളെ വിശ്വസിക്കുക. ഇല്ല, അതു സാദ്ധ്യമല്ല. അവന്റെ ഹൃദയം ദ്രുതഗതിയിൽ മിടിച്ചു. അവന്റെ ജീവിതം വീണ്ടും കരിനിഴൽകൊണ്ടു മൂടിയതു് അവൻ കണ്ടു.

അവന്റെ അമ്മ പലപ്പോഴും അവനോടു ചോദിച്ചു. അവന്റെ ഈ മാററത്തിൽ അവർ ദുഃഖിച്ചു. അവൻ എല്ലാററിലും വിരക്തികാണിച്ചു. അവൻ ചിരിച്ചതുകണ്ടിട്ടു വളരെനാളുകളായി. അവൻ എപ്പോഴും ചിന്തിക്കും. ചിലപ്പോഴൊക്കെ സമയംകിട്ടിയാൽ ചിത്രങ്ങൾ വരക്കും; കുരിരുട്ട്, കാർമേഘങ്ങൾ. അവന്റെ അമ്മ അവനെ ശകാരിച്ചു, ശപിയ്ക്കുകൂടിച്ചെയ്തു. അമ്മ എല്ലാം അറിഞ്ഞതുപോലെ.

ആകസ്മികമായി അവൻ ചിരിച്ചു. അവന്റെ ഹൃദയം കുളിർത്തു. അവനു വന്ന എഴുത്തിന്റെ മേൽവിലാസമെഴുതിയിരുന്ന കയ്യക്ഷരം, അവൻ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. അതേ, അതുതന്നെ. വളരെനാളുകളായി അതൊന്നു കണ്ടിട്ട്. പക്ഷെ അവൻ അതു വായിച്ചപ്പോൾ അവന്റെ കണ്ണുകൾ കുഴഞ്ഞു. സ്വപ്നമാണോ? അല്ല. പിന്നെ? പരമാർത്ഥങ്ങൾ. അക്ഷരങ്ങൾ കുറേശ്ശയായി മാഞ്ഞു. ഇല്ല. തീരെ കാണുന്നില്ല. തുളുമ്പിനിന്ന കണ്ണുനീർ അടൎന്നു താഴോട്ടിറങ്ങി.... ....അവളുടെ വിവാഹം.... അതെ.... അതവർ നിശ്ചയിച്ചെന്ന്. അവളുടെ അപ്പച്ചൻ വാക്കുകൊടുത്തുപോയെന്നു്.... അവൾക്കതു ചെയ്യാതെ സാദ്ധ്യമല്ലെന്നു്.... അവളുടെ കൈ കുഴയുന്നെന്നു്.... .... അവൾ തളൎന്നുപോകുന്നെന്നു്.... നിറുത്തി.... അവൾക്കവനെ എത്രയും വേഗം ഒന്നു കാണണമെന്നുകൂടി.... .... അവൻ തരിച്ചിരുന്നുപോയി. ആകെ ഒരു വെരുപ്പു്. അവന്റെ തല ചുററുന്നെന്നു തോന്നുന്നു. അടുത്തിരുന്ന ചാക്കോ ചോദിച്ചു: "എന്താടാ, നിന്റെ ജീവിതസഖി കെട്ടിത്തൂങ്ങിയോ?" അവർ എല്ലാവരുംകൂടിയിരുന്നു് പല്ലിളിച്ചു രസിച്ചു. മൃഗങ്ങൾ! നിങ്ങൾക്കെന്തറിയാം ഒരു ഹൃദയത്തിന്റെ വേദന?" രാജന് അതുറച്ചു പറയണമെന്നു തോന്നി. അവർ വീണ്ടും എന്തൊക്കെയോ പറഞ്ഞു ചിരിച്ചു.

അവൻ അവളുടെ വീട്ടിൽ പോയി. അവനുടനേ അവളെ ഒന്നു കാണണമെന്നു തോന്നിയതുകൊണ്ടുമാത്രമാണ്. കണ്ണുനീർകൊണ്ടു മൂടിയ നേരിയ വെളിച്ചത്തിൽ അവൻ കണ്ടു ആ നവോഢയെ.... .... അവൻ പല്ലുഞെരിച്ചുകൊണ്ടു മുറുമുറുത്തു. "അതെ.... .... അവർ അതു നിശ്ചയിച്ചു.... ഹൃദയമില്ലാത്ത.... ...." അവൻ ഞെട്ടി എഴുന്നേററു. അവന്റെ ചുററും നാലഞ്ചു പട്ടികൾ നിന്നു കുരച്ചു. മേരിയുടെ വീട്ടിൽ വിവാഹത്തിന്റെ ഒരുക്കങ്ങൾ തകൃതിയായി നടക്കുന്നു. എത്രനേരമായി അവിടെയിരിക്കുന്നു എന്നവനോർമ്മയില്ല.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ജീവൻ എപ്പോൾ, എങ്ങനെ ആവിർഭവിച്ചു?

(ഫിലിപ്പ് ജെ., കുപ്പശ്ശേരിൽ—കുറിച്ചി.)

അഗാധമായ സമുദ്രത്തിന്റെ അടിത്തട്ടിലും, ചുട്ടുപഴുത്ത മണലരണ്യത്തിന്റെ നടുവിലും, അംബരചുംബികളായ പർവ്വതശൃംഗങ്ങളുടെ മുകൾപ്പരപ്പിലും 'ജീവൻ' അതിന്റെ വൈവിധ്യത്തോടും വൈപരീത്യത്തോടുംകൂടി പ്രത്യക്ഷപ്പെടുന്നുണ്ട്. ജന്തുലോകത്തിൽത്തന്നെ അതീവസൂക്ഷ്മങ്ങളായ അമീബാമുതൽ അതിഭയങ്കരവും ഭീമാകാരവുമായ തിമിംഗലംവരെ ഏതാണ്ട് 8000ത്തിൽപ്പരം ജാതികൾ (Species) ഉണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സസ്യലോകത്തിലെ സ്ഥിതിയും ഒട്ടുംവിഭിന്നമല്ല. ഒരു ബുദ്ധിജീവിയെന്നഭിമാനിക്കുന്ന മനുഷ്യന് സ്വാഭാവികമായുണ്ടാകുന്ന ഒരു സംശയമാണ് "ജീവൻ എപ്പോൾ, എങ്ങനെ ആവിർഭവിച്ചു" എന്നുള്ളതു്.

ജീവസംരക്ഷണത്തിനു് ഏററവും അത്യാവശ്യമായിട്ടുള്ള ഘടകം ഊഷ്മാവാണു്. ഒരു നിശ്ചിതമാനത്തിൽ ഊഷ്മാവു് ഉൾക്കൊള്ളുന്ന ഒരു അന്തരീക്ഷത്തിൽ മാത്രമേ ജീവന് നിലനിൽക്കുവാൻ സാദ്ധ്യമാവൂ. ലോകത്തിന്റെ ഉൽപ്പത്തി "നെബുല" (Nebulae) എന്ന ഒരുതരം മേഘം തണുത്തു് സംഭവിച്ചിട്ടുള്ളതാണു് എന്നാണു് "ലാപ്ലാസസ്സ് തീയറി" (Laplace's theory) സിദ്ധാന്തിക്കുന്നതു്. അതിനാൽ ഭൂമിയുടെ ഉൽപ്പത്തിയുടെ ആദ്യദശകങ്ങളിൽ ജീവസന്ധാരണംചെയ്യത്തക്ക ഊഷ്മാവിലാണു് അതു് സ്ഥിതിചെയ്തിരുന്നതു് എന്നു് അനുമാനിക്കാവുന്നതാണു്. കാലക്രമേണ ഭൂമി തണുത്തു് ജീവൻ നിലനിറുത്തുവാൻ മതിയായ ഊഷ്മാവിനെപ്രാപിച്ചപ്പോൾ ജീവൻ തനിയേ ഉണ്ടായതായിരിക്കണം; അല്ലെങ്കിൽ ജീവന്റെവിഷയത്തിൽ ഭൂമിയെ അതിശയിക്കുന്ന ഏതെങ്കിലും ഗ്രഹത്തിൽനിന്നും ജീവൻ സംവഹിക്കപ്പെട്ടതായിരിക്കണം എന്നും രണ്ടുതരത്തിലുള്ള അഭിപ്രായഗതികൾ ശാസ്ത്രജ്ഞന്മാരുടെയിടയിൽ ഇന്നും നിലനിന്നുപോരുന്നുണ്ടു്.

ജീവൻ തനിയേ ഉണ്ടായി എന്നു പറയുന്ന ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായത്തെ ആദ്യമായി പരിശോധിക്കാം. ഈ വിഷയത്തിൽ അതിപ്രാചീനമായ ഒരു അഭിപ്രായം, ബാക്ടീറിയം

---

അവനെന്തൊക്കെയോ സ്വപ്നങ്ങൾ കണ്ടു. അവൻ വേഗത്തിൽ നടന്നു. അവളിപ്പോഴും അവന്റേതുമാത്രമാണു്. അവളെ ഒരുക്കി പള്ളിയിലേക്കയയ്ക്കുന്നതുവരെ അവന്റേതാണു്. ഇതുവരെ അവന്റേതുമാത്രമായിരുന്നെന്നും അവൻ വിശ്വസിക്കുന്നു.

കൈ നിറയെ റോസാപ്പൂക്കളുമായി ഒന്നുകൂടി മേരി അവനെ കണ്ടു. അതിൽ ഒന്നു് അവൻ തന്നെ ആ മുടിയിൽ തിരുകിക്കൊടുത്തു. അവൾ കുനിഞ്ഞുനിന്നു. ഒരു കാമുകന്റെ അന്ത്യോപഹാരം! അവൻ എങ്ങോട്ടോ ഓടിമറഞ്ഞു.... ....

അവൾ പിന്നെ അവനെക്കണ്ടു.... ഒന്നുകൂടി.... അവനെ നോക്കി കയ്യും കാലും ഇളക്കിച്ചിരിച്ച അവളുടെ ഓമനപ്പുത്രനെ, അവളുടെ അമ്മയുടെ കയ്യിൽനിന്നും പിടിച്ചുവാങ്ങി മാറോടണച്ചു് നിറുകയിൽച്ചുംബിച്ച വേദനിക്കുന്ന ഒരു ഹൃദയത്തെ,.... ....ഒരു വികൃതരൂപിയെ.... ....അതെ.... ആ കുഞ്ഞെന്തുപിഴച്ചു.... .... ....?



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഈറോഴ്സ്" (Bacterium eaters) എന്നു പറയുന്ന, അതിശക്തിമത്തായ സൂക്ഷ്മദർശിനിക്കു പോലും അഗോചരമായ, ഒരുതരം അണുക്കളിൽനിന്നും ജീവൻ പ്രത്യക്ഷപ്പെട്ടു എന്നുള്ളതാണ്. കടൽത്തീരത്തുള്ള ചെളിയുമായി സൂര്യരശ്മി പ്രതിപ്രവർത്തനം നടത്തിയതിന്റെ ഫലമായി ജീവൻ ഉണ്ടായി എന്ന് നെപ്പോളിയൻ എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നു. പ്രൊഫ: ജെ. ബി. എസ്സ്. ഹാൽഡെയിൻ ഈ വിഷയത്തെപ്പററി അഭിപ്രായപ്പെടുന്നത് ഇപ്രകാരമാണ്: "ലോകചരിത്രത്തിലെ ആദ്യത്തെ 'അൾട്രാ വൈലററ്' (Ultra violet) രശ്മികൾ സചേതനവസ്തുക്കളുമായിച്ചേർന്ന് പ്രവർത്തിച്ചതിന്റെ ഫലമായി ജീവൻ ആവിർഭവിച്ചിരിക്കണം." ഈ അഭിപ്രായം നെപ്പോളിയന്റെ അഭിപ്രായത്തോട് ഏറെക്കുറെ യോജിക്കുന്നുണ്ട്.

ജീവൻ മറേറതെങ്കിലും ഗ്രഹത്തിൽനിന്നും സംവഹിക്കപ്പെട്ടിരിക്കണം എന്ന മറേറ അഭിപ്രായത്തിനും ചില അടിസ്ഥാനതത്വങ്ങൾ ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിക്കുന്നുണ്ട്.

ഗ്രഹങ്ങളുടെ നിലപാടിനെപ്പററി ചിന്തിക്കുമ്പോൾ സൂര്യനോട് ഏററം അടുത്തു നില്ക്കുന്നത് മെർക്കുറിയും (Mercury) ഏററവും അകന്നു നില്ക്കുന്നത് നെപ്ട്യൂണും (Neptune) ആണെന്നു കാണാം. സൂര്യനിൽനിന്നും അടുത്തു മൂന്നാമതു നില്ക്കുന്നത് മാഴ്സും (Mars) ആണ്. ഈ മാഴ്സിൽനിന്നും ജീവൻ ഭൂമിയിലേക്ക് ആവഹിക്കപ്പെട്ടിരിക്കണമെന്നത്രേ ശാസ്ത്രജ്ഞമതം.

ഈ അഭിപ്രായം സ്വീകരിക്കുന്നപക്ഷം ഭൂമിയിൽ ജീവൻ ഉണ്ടാകുന്നതിനു വളരെ മുൻപുതന്നെ മാഴ്സിൽ ജീവൻ ഉണ്ടായിരുന്നു എന്ന് സമ്മതിക്കണം. മാഴ്സ് ഭൂമിയെക്കാൾ വളരെ തണുത്ത സ്ഥിതിയിലാണ് ഇപ്പോൾ വർത്തിക്കുന്നതെന്നാണ് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നത്. ഒരുകാലത്ത് ജീവസന്ധാരണം സാദ്ധ്യമായിരുന്ന നിലയിൽ മാഴ്സ് സ്ഥിതിചെയ്തിരുന്നു എന്നും, ഓരോ ഗ്രഹവും അനുദിനം തണുത്തുകൊണ്ടിരിക്കുകയാണെന്നുള്ള നിയമം അനുസരിച്ച് ഈ സ്ഥിതിയിൽ ആയിത്തീർന്നിട്ടുള്ളതാണെന്നുമത്രേ ശാസ്ത്രജ്ഞന്മാർ വാദിക്കുന്നത്. മാഴ്സിനെ അപേക്ഷിച്ച് സൂര്യനുമായി അടുത്തു സ്ഥിതിചെയ്യുന്ന ഭൂമിക്ക് ഇന്നു മാഴ്സിനേക്കാൾ വളരെ അധികം ഊഷ്മളതയുള്ളതിനാൽ, മാഴ്സിന് ഇന്നു ഭൂമിക്കുള്ള ഔഷ്മളതയുണ്ടായിരുന്നപ്പോൾ ഭൂമി ജീവസന്ധാരണസാദ്ധ്യമല്ലാത്തവിധം ചുട്ടുപിടിച്ചിരുന്നു എന്നും കരുതാവുന്നതാണ്.

മാഴ്സിൽനിന്നും ജീവൻ എങ്ങനെ ഭൂമിയിലേക്കു വന്നു എന്നുള്ളത് ഇന്നും ശാസ്ത്രജ്ഞന്മാരുടെയിടയിൽ ഉത്തരം കിട്ടാത്ത ഒരു പ്രശ്നമായി അവശേഷിക്കുകയാണ്. മാഴ്സിൽനിന്നും വന്ന ഒരു ഉൽക്ക (Meteorite) ഭൂമിയിൽ പതിക്കുവാൻ ഇടയായി എന്നും, അതിൽ ഉണ്ടായിരുന്ന ജീവാണുക്കൾ ഭൂമിയിൽ ജീവനെ ബീജാവാപംചെയ്യുവാൻ ഇടയായി എന്നുമാണ് കെൽവിൻ (Kelvin) എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നത്. അതിശീഘ്രം വായുവിൽക്കൂടി പ്രയാണംചെയ്യുന്ന ഒരു വസ്തു നിരന്തരമായ ഉരസൽമൂലം ചുട്ടുപഴുക്കാൻ ഇടയാകുമെന്നും ചിലർ അഭിപ്രായപ്പെടുന്നു. എന്നാൽ അറിനസ് എന്ന ശാസ്ത്രജ്ഞൻ അഭിപ്രായപ്പെടുന്നത്, മാഴ്സിൽനിന്നും ജീവാണുക്കൾ പ്രകാശസമ്മർദ്ദത്താൽ ഭൂമിയിൽ പതിക്കാൻ ഇടയായി എന്നാണ്. ഈ രണ്ടഭിപ്രായങ്ങളും കേവലം അഭ്യൂഹങ്ങളായി ഇന്നും നിലകൊള്ളുകയാണ്.

ജീവൻ മാഴ്സിൽനിന്നും സംവഹിക്കപ്പെട്ടതാണെങ്കിൽ മാഴ്സിൽ അത് എപ്രകാരം ഉണ്ടായി?, മാഴ്സിൽ സ്വയം ഉണ്ടായതാണെങ്കിൽ സഹോദരീഗ്രഹമായ ഭൂമിയിൽ എന്തുകൊണ്ട് അപ്രകാരം സംഭവിച്ചുകൂടാ? ജീവന്റെ മൂലവസ്തു പ്രോട്ടോപ്ലാസമാണെന്നും, അതിന്റെ അനുപാതം ഓരോന്നിലും എത്രയെന്നും കണ്ടുപിടിക്കു

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# പ്രഭാതം

(ഫ്രാൻസിസ് സേവിയർ പീററർ, I B. A.)

യാമിനി യാത്രപറഞ്ഞു പിരിഞ്ഞുപോയ്;
മോഹിനീ, കണ്ണു തുറക്കുക നീ.
അംബരത്താമരപ്പൊയ്കയിൽ ചന്ദ്രനാം
പൊൻകുടം മുക്കുന്നു കാല്യലക്ഷ്മി.
പൂങ്കുളിർകാററിലിളകുന്നുഷസ്സിൻെറ
ചെങ്കുറയാകിന മേഘജാലം
ചക്രവാളത്തിൽനിന്നെത്തിനോക്കീടുന്നി-
താഗ്നേയചക്രമാം ഭാനുബിംബം.
പൂത്തിരിപോലതു വീശുന്ന ഭാസുര-
ദീപ്തികൾ താവിത്തിളങ്ങീടവേ,
മഞ്ഞുപുതച്ചു മരവിച്ചുറങ്ങിയ
മന്നിനു ചൈതന്യം കൈവരുന്നു.
സുപ്രഭാതോദയം പ്രാണനിലേററിയോ-
രത്ഭുതകാവ്യപ്രചോദനത്താൽ,
ഉൾക്കൈരവം തളിത്താമോദസംഗീത-
നിർഝരി തൂകുന്നു കോകിലങ്ങൾ.

---

വാൻകഴിഞ്ഞ മനുഷ്യന് എന്തുകൊണ്ട് അതു പരീക്ഷണശാലയിൽ തയാറാക്കിക്കൂടാ? ഈവക ചോദ്യങ്ങൾക്ക് ഇന്നും ഉത്തരം കിട്ടിയിട്ടില്ല. ഈ അവസരത്തിൽ ഡോ. റേ ലാങ്കസ്റ്ററുടെ വാക്കുകൾ സ്മരണീയമാണ്. "പ്രകൃതി എവിടെനിന്ന് ഉത്ഭവിച്ചു എന്നോ, എന്തിനുവേണ്ടി നിലകൊള്ളുന്നുവെന്നോ നമുക്കു മനസ്സിലാക്കാൻ സാധിക്കുകയില്ലെന്നുമാത്രമല്ല, അതു അറിയാമെന്നു നമുക്കു ഊഹിക്കുവാൻകൂടി സാധ്യമല്ല. ഇതൊന്നും ശാസ്ത്രം നമുക്കു വെളിപ്പെടുത്തിത്തന്നിട്ടില്ല. അതിനു ശാസ്ത്രത്തിനു സാദ്ധ്യവുമല്ല."

മേഘങ്ങളുടെ ഗംഭീരഗർജ്ജനത്തിനിടയിൽക്കൂടി സ്വച്ഛന്ദം വിഹരിക്കുവാൻകഴിയുന്ന മനുഷ്യനെ പരാശക്തിയുടെ മുന്നിൽ കൂപ്പുകൈയോടെ നിറുത്തിക്കൊണ്ട്, ശാസ്ത്രത്തിനു പരിമിതി ഉണ്ടെന്ന് ആണയിട്ടു പറയിക്കുന്ന ഒരു 'കീറാമുട്ടി' പ്രശ്നമായി ജീവോല്പത്തിയുടെ രഹസ്യം ഇന്നും വിജയിക്കുകയാണ്.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY



Senior B. Sc. (Zoology) Group (1958–'59)



Senior B.Com. Group (1958–'59)

## Newly Commissioned



2/Lt A. J. Varghese



Cpl. T. K. P. Thampi



# Dr. A. P. Mathew

Professor of Zoology
Winner of the Sir Dorab Tata Gold Medal for outstanding research work in Zoology during the period 1955-'57

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY



V. P. Pillai who represented the State in Table Tennis 1958-'59



Senior Champion 1958-'59
P.C. Thomas



Junior Champion 1958-'59
G. Chathurbhujan

# പൂക്കാത്ത വസന്തം

(കെ. എസ്. വാര്യർ, IV B. Sc.)

ഓമനയുടെ ചരമാനന്തരം ഒരു വർഷം തികയുകയാണിന്ന്. മുററത്തെ ഉദ്യാനത്തിലുള്ള ഓരോ സുമത്തിലും വാസന്തസൗന്ദര്യം നൃത്തം വയ്ക്കുന്നു. തെന്നൽ വന്നു താലോലിക്കുന്ന കൊച്ചുചെടികൾ ആനന്ദത്താൽ ആടിയുലയുന്നു. ദൂരെയിരിക്കുന്ന ഒരു കുരുവി അതിന്നു താളംപിടിക്കുന്നു. സോമൻ ഒരു നെട്ടുവീർപ്പോടെ കുസാലയിൽ കിടന്നു നോക്കി. അതാ, ആ ഉദ്യാനത്തിലുള്ള ഒരു പിച്ചിപ്പൂച്ചെടിമാത്രം, ഞാനിതൊന്നും അറിഞ്ഞില്ല എന്ന മട്ടിൽ, നിശ്ചലമായി കുണ്ഠിതത്തോടെ നിലകൊള്ളുന്നു. സോമൻ അതിലേക്കുതന്നെ ഉററുനോക്കിക്കൊണ്ടിരുന്നു. ഓമനയുടെ കൈകൾകൊണ്ടു നട്ടുവളർത്തിയുണ്ടാക്കിയതാണ് ആ പിച്ചിപ്പൂച്ചെടി. അവൾ ഈ ലോകത്തോട് യാത്രപറഞ്ഞിട്ട് കൊല്ലം ഒന്നുകഴിഞ്ഞു. പിന്നെയെന്താണ് ആ പിച്ചിപ്പൂച്ചെടിയുടെ ശോകത്തിൽ അത്ഭുതപ്പെടാനുള്ളത്? വിങ്ങിപ്പൊട്ടുന്ന അയാളുടെ ഹൃദയത്തിലൂടെ ഓർമ്മകൾ ഓടിപ്പോയിക്കൊണ്ടിരുന്നു. ആ പിച്ചിപ്പൂച്ചെടിയിൽനിന്നും പൂ പറിച്ചുകൊണ്ടിരിക്കുന്ന ഓമനയുടെ രൂപമാണ് അയാൾക്ക് ആ അവസരത്തിൽ ഓർമ്മ വന്നത്. ഇന്നാവട്ടെ, പിച്ചിപ്പൂവുമില്ല, ഓമനയുമില്ല. ചിന്താശതങ്ങളുടെ നീർച്ചുഴികൾ അയാളുടെ ഹൃദയത്തെ ഇളക്കിമറിച്ചു.

ആ ബാല്യം—അതു് നിത്യവസന്തമായിരുന്നില്ലേ? അസ്തമിക്കയില്ലെന്ന പ്രതീക്ഷയോടെ ആഹ്ലാദിച്ച നിമിഷങ്ങളായിരുന്നു അവ. ഓമനയും താനും ഒരുമിച്ചായിരുന്നു അന്ന് പള്ളിക്കൂടത്തിൽ പൊയ്ക്കൊണ്ടിരുന്നത്. അപ്രതീക്ഷിതമായാണ് ആ ചിത്രശലഭം അയാളുടെ പ്രഭാതദശയിലേക്കു് പറന്നുവന്നത്. ഒരു ദിവസം അയാൾ സ്കൂളിൽനിന്നു വന്നപ്പോൾ അച്ഛൻ പറഞ്ഞു: "സോമാ, നിനക്ക് നാളെമുതൽ സ്കൂളിലേക്കു പോകുവാൻ ഒരു കൂട്ടുണ്ട്." "ആരാണച്ഛാ?" സോമൻ ജിജ്ഞാസയോടെ ചോദിച്ചു. "അതോ, നമ്മുടെ വക്കീൽസാറിന്റെ വീട്ട് ഒരു പുതിയ സാറു വന്നു് വാടകയ്ക്കു് താമസിച്ചിട്ടുണ്ട്. അയാൾക്ക് ഒരു കൊച്ചുമകളുണ്ട്—ഓമന; ഓമനത്തം തുളുമ്പുന്ന ഒരു കൊച്ചു്."

അടുത്ത ദിവസം സോമൻ പതിവുള്ള നേരത്തിനു കുറച്ചു മുമ്പുതന്നെ പുസ്തകവുമേന്തി സ്കൂളിലേക്കു പുറപ്പെട്ടു. പടിക്കൽ വന്നു കാത്തുനോക്കിത്തുടങ്ങി, വക്കീൽസാറിന്റെ വീട്ടിൽനിന്നു വല്ല കുട്ടികളും സ്കൂളിലേക്കു പുറപ്പെടുന്നുണ്ടോ എന്ന്. അല്പനേരം കഴിഞ്ഞപ്പോഴേക്കുമുണ്ട് ഒരു കൊച്ചുബാലിക സഞ്ചിയും തോളിലിട്ട് സ്കൂളിലേക്കു പോകുന്നു. മഞ്ഞനിറത്തിലുള്ള വെൽവെററ് ജായ്ക്കററും പുള്ളിപ്പാവാടയും ധരിച്ചു് പോകുന്ന അവളെക്കണ്ടപ്പോൾ സോമനു് കണ്ണഞ്ചിപ്പോയി. പക്ഷെ, അവൾ എങ്ങോട്ടും നോക്കാതെ നേരേ നടന്നുപോവുകയായിരുന്നു. സോമനും വേഗം നടന്നു. അവളെ ഒന്നു വിളിച്ചു നിറുത്തിയാലോ എന്നവൻ വിചാരിച്ചു. പക്ഷെ, ലജ്ജകൊണ്ടും ഭയംകൊണ്ടും ഒന്നും മിണ്ടാൻ കഴിഞ്ഞില്ല. അടുത്തെത്തിയപ്പോൾ അറിയാതെതന്നെ സോമൻ വിളിച്ചുപോയി—"ഓമനേ." അവൾ പെട്ടെന്ന് പരിഭ്രമത്തോടെ തിരിഞ്ഞു നോക്കി. സോമൻ ചൂളിപ്പോയി. എന്തിനായിട്ടാണ് താനവളെ വിളിച്ചതെന്നു് അവൻ അത്ര ഓർത്തില്ല; അങ്ങനെ വിളിച്ചെന്നുമാത്രം.

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സോമനെക്കണ്ടപ്പോൾ ഓമന പരിഭ്രാന്തയായി. ഒരപരിചിതനായ ബാലൻ തന്നെ വിളിക്കുന്നു! അവൾ പരിഭ്രമത്തോടേ ചോദിച്ചു: "എന്തിനാ എന്നെ വിളിച്ചതു്?" "വെറുതേ." സോമൻ സലജ്ജം പറഞ്ഞു. അവൾ തിരിഞ്ഞു നടന്നു. സോമനും പോയി. സ്കൂളിലെത്താറായപ്പോൾ സോമൻ വേറേ വഴിയിലൂടെ അകന്നു പോയി. വല്ല ചങ്ങാതികളും കണ്ടാൽ കളിയാക്കിയാലോ എന്നവൻ വിചാരിച്ചു.

അന്നു വൈകുന്നേരം മണിയടിച്ചയുടൻ സോമൻ ഗേററിൽ ചെന്നുനിന്നു. നോക്കിയപ്പോൾ ഓമന മുമ്പേ പോകുന്നു. സോമനും വേഗം വീട്ടിലേക്കു തിരിച്ചു. അടുത്തദിവസം സോമൻ നേരത്തേ പുറപ്പെട്ടു് വഴിയിൽത്തന്നെ പോയി നിന്നു. പിൻപിലോട്ടു് ഇടക്കിടെ തിരിഞ്ഞു നോക്കി. അതാവരുന്നു ഓമന. അവൾ ഇന്നു് പുറകിലാണു്, തന്നെ കണ്ടിട്ടുണ്ടാകും.

അങ്ങനെകഴിഞ്ഞു നാലഞ്ചുദിവസങ്ങൾ. ആ ഞായറാഴ്ച ഓമനയും അവളുടെ അമ്മയുംകൂടി അയൽപക്കത്തിലെ സോമന്റെ വീട്ടിലേക്കു വന്നു. അവരുടെ വർത്തമാനം കേൾക്കാൻ സോമൻ അമ്മയുടെ അരികേ പററിക്കൂടി. പക്ഷേ, ഇന്നയാളുടെ സ്മരണയിൽവരുന്നതു് അവർ സംസാരിച്ച വിഷയങ്ങളല്ല; നേരമറിച്ചു്, അവരുടെ പിറകിൽ ഒളിഞ്ഞിരുന്നു് നോക്കുന്ന ഓമനയാണു്.

സാഹചര്യംകൊണ്ടു സ്നേഹം വർദ്ധിക്കുന്നു. അതുതന്നെയാണു് സോമനും ഓമനക്കും സംഭവിച്ചതു്. പക്ഷേ, അഞ്ചാംക്ലാസ്സു കഴിഞ്ഞപ്പോഴേക്കും അവർക്കു് ഒരു സ്കൂളിൽനിന്നു് പിരിയേണ്ടിവന്നു. ഓമന ഗേൾസ് ഹൈസ്കൂളിലേക്കു് മാറി. അവൾ ദിവസങ്ങൾ കഴിയുന്തോറും വളർന്നുവന്നു—എങ്കിലും സോമൻ ഇപ്പോഴും മിക്ക ദിവസങ്ങളിലും അവളുടെകൂടെയാണു് സ്കൂളിലേക്കു് പോവുക. ഒരുദിവസം സ്കൂളിൽനിന്നു് വരികയായിരുന്നു. പകുതിവഴി എത്തിക്കഴിയുന്നതിനുമുമ്പുതന്നേ ശക്തിയായ ഒരു മഴവന്നു. സോമനു് കുടയുണ്ടായിരുന്നില്ല; പിന്നെ ഉണ്ടെങ്കിൽത്തന്നേ അതെടുക്കുക എന്നു പതിവുമില്ല. കുറച്ചോടിയപ്പോൾ ഓമന സാവധാനത്തിൽ പോകുന്നു. അവനു് ലജ്ജ തോന്നി. പക്ഷേ അവൻ ആൺകുട്ടിയല്ലേ, പിന്നെ എങ്ങനെ അവളുടെ കുടയിൽ നിൽക്കും? പോരെങ്കിൽ പിന്നെ സ്കൂൾകുട്ടികൾ ആരെങ്കിലും പുറകേ വരുന്നുണ്ടെങ്കിലോ; കേമമായി! പിറേറദിവസം സ്കൂളിൽ എല്ലാ ഡസ്കിന്റെയും മുകളിൽ 'ഓമന + സോമൻ' എന്നു് രസികന്മാർ എഴുതിവിടും. ഇതിനെല്ലാം ഇടകൊടുക്കുന്നതിലുംഭേദം കുറച്ചു മഴ കൊള്ളുകതന്നെയാണു്. പക്ഷേ, അഞ്ചാറടി ഓടിയപ്പോഴേക്കും പെട്ടെന്നൊരു ചിലമ്പൊലി അയാൾ കേട്ടു—"സോമാ, ആ പുസ്തകം ഇങ്ങു തന്നേക്കൂ, ഞാൻ കൊണ്ടുപൊയ്ക്കൊള്ളാം" ഓമന വിളിച്ചുപറയുകയാണു്. അവനല്പം ലജ്ജതോന്നി. പുറകോട്ടു തിരിഞ്ഞുനോക്കി; ആരും വരുന്നില്ല. പുസ്തകം അവളുടെ കയ്യിൽ കൊടുത്തിട്ടു് വേഗം ഓടിപ്പോയി.

അങ്ങനെ പലദിവസങ്ങളും പിന്നിട്ടുപോയി. ഓമന ആ നാട്ടുകാരിയായിട്ടു് ആറുവർഷം കഴിഞ്ഞു. അതിനിടയിൽ ആ പിഞ്ചു ഹൃദയങ്ങൾ—സോമന്റേയും ഓമനയുടേയും—ഇണങ്ങിച്ചേർന്നു കഴിഞ്ഞിരുന്നു.

പക്ഷേ, ആ ജീവിതവസന്തം ഏറിയനാൾ നീണ്ടുനിന്നില്ല. ഒരുദിവസം സോമൻ ഓമനയെ പതിവുപോലെ കണ്ടില്ല. പിറേറദിവസം ജിജ്ഞാസാപൂർവ്വം അവൻ ചോദിച്ചു—"എന്താ ഓമനേ, ഇന്നലെ കണ്ടില്ലല്ലോ?" കുറച്ചുനേരത്തേക്കു് അവൾ ഒന്നും ഉരിയാടിയില്ല. പിന്നീട്ടു് പറഞ്ഞു—"അച്ഛനു് സ്വദേശത്തേക്കു് ട്രാൻസ്ഫർ ആയിരിക്കുന്നു. ഞങ്ങൾ നാളെ പോകുന്നതാണു്. ഇന്നു് ഞാൻ സർട്ടിഫിക്കററ് വാങ്ങിക്കാൻ പോവുകയാ." സംസാരത്തിന്റെ അവസാനഭാഗം ഗദ്ഗദത്തോടെയാണു് പറഞ്ഞുതീ

MAR IVANIOS COLLEGE DIGITAL LIBRARY REPOSITORY

ത്തു്. സോമൻ അന്ധാളിച്ചുപോയി. എന്തു്! ഓമന നാളെ പോകുകയെന്നോ! അവളുടെ വിരഹം അത്രക്കു് മർമ്മഭേദകമായിത്തോന്നി സോമന്നു്. "എപ്പോൾ മടങ്ങും സ്കൂളിൽനിന്നു?" സോമൻ ചോദിച്ചു. "ഉച്ചക്കു്"—എന്നു പറഞ്ഞു് അവൾ നടന്നു.

ഉച്ചക്കു് പന്ത്രണ്ടുമണിയായപ്പോൾ ഒരു ക്യാമറായുംകൊണ്ടു് സോമൻ വഴിയിൽ കാത്തു നില്പായി. അന്നു് കുറുപ്പുസാറിന്റേയും കൃഷ്ണൻനായരു് സാറിന്റേയും ക്ലാസ്സുകൾ ഉപേക്ഷിച്ചിട്ടാണു് വന്നിരിക്കുന്നതു്. അതിലും വലിയ, ജീവിതത്തെ സ്പർശിക്കുന്ന കാര്യമല്ലേ ഇപ്പോൾ തനിക്കഭിമുഖമായി നില്ക്കുന്നതു്? ഒന്നരമണിയായപ്പോളുണ്ടു് ഓമന സാവധാനത്തിൽ വരുന്നു. വരുന്ന വരവിൽത്തന്നെ സോമൻ ഒരു സ്നാപ്പ് പിടിച്ചു. "സോമാ, ഇന്നു് ക്ലാസില്ലേ?" "ഉണ്ടു്" "പിന്നെ എന്താണു് പോകാത്തതു്?" "എയ്, അതു സാരമില്ലെന്നേ." "അതു പററിയില്ലല്ലോ; എന്തിനാ വെറുതേ ക്ലാസ്സു മുടക്കുന്നതു്? ഞാൻ നാളെമാത്രമേ പോകുന്നുള്ളു. ഇന്നു വൈകുന്നേരം കാണാമല്ലോ!" അവർ തല്ക്കാലത്തേക്കു് പിരിഞ്ഞു. സോമൻ സ്കൂളിലേക്കു് നടന്നു. അവന്നു് മനസ്സിന്നു് വല്ലാത്ത വിഷമം അനുഭവപ്പെട്ടു. ഓമന പോവുകയായി; തന്റെ ജീവിതത്തിൽ അവ്യക്തമായ ആശകളുടെ നാമ്പുകൾ പുറപ്പെടുവിച്ചതു് ആ പെൺകൊടിയാണു്. അവൾ ഒരു മാലാഖതന്നെയല്ലേ!

വൈകുന്നേരം സ്കൂളിൽനിന്നും വന്നയുടൻ സോമൻ ഓമനയുടെ വീട്ടിലെത്തി. ഓമന മുററത്തെ ഉദ്യാനത്തിലുള്ള പിച്ചിപ്പൂക്കൾ പറിക്കുകയാണു്. "അച്ഛനെവിടെ?" സോമൻ ചോദിച്ചു. "അച്ഛൻ റിലീവിംഗ് ഓർഡർ വാങ്ങിക്കാൻ പോയിരിക്കയാ; കുറച്ചുകഴിഞ്ഞാൽ വരും" "അമ്മയോ?" "അമ്മ അകത്തു് സാധനങ്ങളൊക്കെ ശരിയാക്കിവെക്കുകയാ." സോമൻ മുററത്തു നിന്നുകൊണ്ടുതന്നെ പൂവു് ചുംബിച്ചുകൊണ്ടു നില്ക്കുന്ന അവളുടെ ഒരു സ്നാപ്പു് പിടിച്ചു. "ഓഹോ! സോമൻ ക്യാമറായൊക്കെക്കൊണ്ടാണു വന്നിരിക്കുന്നതു്. ആ, പിന്നെ ഞങ്ങൾ നാളെ രാവിലെതന്നെ പോകും കേട്ടോ." അതു പറഞ്ഞുകൊണ്ടു് അവൾ കുനിഞ്ഞുനിന്നു. സോമന്റെ മുഖവും മ്ലാനമായി കാണപ്പെട്ടു. അയാൾ പറഞ്ഞു: "ഞാൻ തരപ്പെട്ടാൽ അങ്ങോട്ടൊക്കെ വരും കേട്ടോ." "അതിനെന്താ സോമാ, നാളെ ഞങ്ങളുടെകൂടെത്തന്നെ പോരുന്നോ?" "ഉം, പിന്നെ എഴുത്തൊന്നും അയക്കാൻ മറക്കരുതു് കേട്ടോ?" അവൾ ഒന്നും മിണ്ടിയില്ല; കയ്യിലിരുന്ന ഒരു പിച്ചിപ്പൂവു് ചുംബിച്ചുകൊണ്ടിരുന്നു. "ഓമനേ, എന്നാൽ ഞാൻ പോകട്ടെ, ആരൊക്കെയോ വരുന്നുണ്ടെന്നു തോന്നുന്നു; ദൈവം നമ്മളെ കടാക്ഷിക്കട്ടെ!" സോമൻ നടന്നകന്നു. തിരിവിൽ എത്തിയപ്പോൾ അയാൾ പുറകോട്ടു് നോക്കി. ആ ഉദ്യാനത്തിലുണ്ടു് അവൾ തന്നെ ഉററുനോക്കിക്കൊണ്ടു നില്ക്കുന്നു.

നാലുദിവസങ്ങൾ കഴിഞ്ഞപ്പോഴേക്കും സോമന്നു് ഓമനയുടെ കത്തു ലഭിച്ചു. എത്ര സന്തോഷത്തോടെയാണെന്നോ അയാളതു് വായിച്ചുതീർത്തതു്! അവസാനം എഴുതിയിരിക്കുന്നു—'എന്നു് സ്നേഹപൂർവ്വം ഓമന.' സോമൻ അതു് ഒരു പത്താവൃത്തി വായിച്ചു—'എന്നു് സ്നേഹപൂർവ്വം ഓമന.'

സോമന്റെ അച്ഛൻ വക്കീൽസാറുമായി ആലോചിച്ചു് അയാളുടെ കെട്ടിടം വിലക്കു വാങ്ങി. സോമന്നും അതു് വളരെ ഇഷ്ടപ്പെട്ടു. ഓമന മുമ്പു് താമസിച്ചിരുന്നതാണു് ആ വീടു്! അവൾ നനച്ചുവളർത്തിയതാണാ പിച്ചിപ്പൂച്ചെടികൾ! എങ്കിലും സാരമില്ല; ഓമനക്കു തന്റെപേരിലുള്ള സ്നേഹം വളർന്നുവരികയല്ലേ ചെയ്യുന്നതു്.

വസന്തകാലമായി. ഉദ്യാനം പുഷ്പങ്ങൾകൊണ്ടു നിറഞ്ഞു. സോമൻ പത്രവുംവായിച്ചുകൊണ്ടു് കസാലയിൽ കിടക്കുകയാണു്. "ഹാളിഡോൾ കഴിച്ചു മരണമടഞ്ഞവർ—" അയാൾ വായിച്ചു. പത്തോളംപേരുകൾ വിവിധസ്ഥല

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# സൂര്യനും താപവും

(എബെലിയൂസ്, I D. C.)

ജനറൽ ഇലക്ട്രിക്ക് റിസർച്ച് ലാബൊറട്ടറിയിലെ ഒരംഗമായ ഡോ. വോൾനി വിൽസൻ കണ്ടുപിടിച്ച 'തെർമിയോണിക്ക് കൺവേർട്ടർ' എന്ന ഉപകരണം വൈദ്യുതലോകത്തിൽ വിപ്ലവാത്മകങ്ങളായ മാററങ്ങൾ സംഭവിപ്പിക്കുമെന്നു് ശാസ്ത്രജ്ഞന്മാർ അഭിപ്രായപ്പെടുന്നു. ഒരു 'ന്യൂക്ലിയർ റിയാക്ടറി'ൽ ഉല്പാദിപ്പിക്കപ്പെടുന്ന ചൂടിനെ ഈ പുതിയ ഉപകരണമുപയോഗിച്ച് നേരിട്ടു വിദ്യുച്ഛക്തിയായി മാററാമെന്നുള്ളതാണ് ഇതിൻെറ പ്രത്യേകത. ഈ വിധത്തിൽ നമുക്കു ധാരാളമായി സൂര്യനിൽനിന്നും മററു പ്രവർത്തനമണ്ഡലങ്ങളിൽനിന്നും ലഭ്യമാകുന്ന ചൂടിനെ വളരെയധികം ചെലവില്ലാതെ വൈദ്യുതിയായി മാററാവുന്നതാണ്.

എല്ലാ ജീവജാലങ്ങൾക്കും ജാതിവർഗ്ഗഭേദമെന്യേ ഒന്നുപോലെ ചൂടിനെ പ്രദാനംചെയ്തു് സംതൃപ്തിയോടുകൂടി വാണരുളുന്ന സൂര്യൻെറ മണ്ഡലത്തിൽ നടക്കുന്ന പ്രതിപ്രവർത്തനത്തേയും അദ്ഭുത സംഭവവികാസങ്ങളേയുംകുറിച്ചു് സസൂക്ഷ്മം പഠിച്ചു മനസ്സിലാക്കാൻവേണ്ടി ജിജ്ഞാസുക്കളായ ശാസ്ത്രജ്ഞന്മാർ തലയും പൊക്കി മേല്പോട്ടുനോക്കിയിരിക്കുകയാണ്. ഊർജ്ജാദിവസ്തുക്കളുടെ അന്വേഷണം പ്രാബല്യത്തിൽ വന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ അന്വേഷണകുതുകിയായ മനുഷ്യൻെറ മനസ്സ് താപഭണ്ഡാഗാരമായ സൂര്യനിൽ പതിയുന്നതു് സ്വാഭാവികം മാത്രമാണ്.

സൂര്യൻ അനേകായിരം കോടി വരുന്ന താരാരാജിയിലെ ഒരു സാധാരണ അംഗം മാത്രമാണ്. ഭൂമിയിൽനിന്നും സൂര്യൻെറ ഒരു പ്രത്യേകസ്ഥാനത്തേയ്ക്കു 91 400,000 മൈലും വേറൊരിടത്തേയ്ക്കു് 40,800,000 മൈലും ദൈർഘ്യമുണ്ടെന്നു പറയപ്പെടുന്നു. എന്നാൽ ഭൂമിയും സൂര്യനും തമ്മിലുള്ള അകലം 93,400,000 മൈലാണെന്നു വിശ്വസിക്കുന്നവരുമുണ്ടു്. ആയിരം മൈൽ വേഗത്തിൽ സഞ്ചരിക്കുന്ന ഒരു വസ്തുവിനു് ഇവിടെനിന്നും സൂര്യനിലെത്താൻ പത്തു വർഷത്തിൽ കൂടുതൽ വേണ്ടിവരും. ഒരു ഘനമൈൽ ഭൂമിക്കു് 22270 ടൺഭാരമുണ്ടു്. ഇതു് ഒരു ഘനമൈൽ വെള്ളത്തിൻെറ 5.527 കൂടുതലാണ്. അതുകൊണ്ടു്

---

ങ്ങളിലേതായി അയാൾ വായിച്ചു. ഒടുവിൽ കണ്ടു—"നായർസമാജം ഹൈസ്കൂളിൽ പഠിച്ചിരുന്ന ഓമന എന്നു പേരുള്ള ഒരു വിദ്യാർത്ഥിനി ഇന്നലെ വിഷാംശം ഭക്ഷിച്ചതുമൂലം മരണമടഞ്ഞിരിക്കുന്നു." സോമനു് കണ്ണിലാകെ ഇരുൾ വ്യാപിച്ചതുപോലെ അനുഭവപ്പെട്ടു.

ഓമനയുടെ മരണാനന്തരം ഒരു വർഷം തികയുകയാണിന്നു്. സോമൻ കസേരയിൽ കിടന്നു് ഡിക്ഷ്നറി നോക്കിക്കൊണ്ടിരിക്കുമ്പോൾ ഒരു കത്തു് അതിൽനിന്നു് താഴെ വീണു. നിവർത്തി നോക്കിയശേഷം നെടുവീർപ്പോടെ ആ അവസാന വാചകം അയാൾ വായിച്ചു—"എന്നു് സ്നേഹപൂർവ്വം ഓമന." മുൻവശത്തുള്ള ഉദ്യാനത്തിലേക്കു് അയാൾ നോക്കി. വസന്തം വന്നുകഴിഞ്ഞിട്ടും ഒരു പിച്ചിപ്പൂച്ചെടിമാത്രം പൂക്കാതെ നില്ക്കുന്നു!

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ഭൂമിയുടെ സാന്ദ്രത **5.527** ആകുന്നു. എന്നാൽ സൂര്യന് ഭൂമിയുടെ ഭാരത്തിന്റെ മൂന്നു ലക്ഷത്തിൽപ്പരം ഭാരവും ഭൂമിയുടെ $\frac{1}{4}$ സാന്ദ്രതയുമാണുള്ളതു്. ഭൂമിയുടെ ആകർഷണശക്തിയിൽനിന്നും **28** മടങ്ങു അധികമാണ് സൂര്യന്റെ ആകർഷണശക്തി. സൂര്യനിൽ നാം ശ്വസിക്കുന്ന വായുവിന്റെ **100** കോടി മടങ്ങു മർദ്ദമുണ്ട്. ഇവിടത്തേതിൽനിന്നും ഏകദേശം **3000** ഇരട്ടി കാന്തശക്തി സൂര്യനിൽ അനുഭവപ്പെടുന്നു.

സൂര്യൻ തിളച്ചു മറിഞ്ഞുകൊണ്ടിരിക്കുന്ന ഒരു ഗോളമാണെന്നു പറയപ്പെടുന്നു. സൂര്യന്റെ ഉപരിതലോഷ്മാവ് **6000°c** ആണെന്നും അന്തർഭാഗത്തുള്ള ഊഷ്മാവ് **20,00,000°c** (200 ലക്ഷം°c) ആണെന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.

ദിവസേന സൂര്യനിൽനിന്നും അനേകായിരം ഡിഗ്രി ചൂട് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നുവെങ്കിലും എന്തുകൊണ്ടാണ് സൂര്യന്റെ ചൂടിനും പ്രകാശത്തിനും ശമനം വരാത്തതു് എന്നറിയുന്നതു് വളരെ രസാവഹമായിരിക്കും. ചൂട് ഈ വിധത്തിൽ നഷ്ടപ്പെടാത്തതു് ചില പ്രത്യേക പ്രതിപ്രവർത്തനങ്ങൾ സൂര്യനിൽ നടക്കുന്നതുകൊണ്ടാണെന്നു വിശ്വസിക്കപ്പെടുന്നു. ആ പ്രതിപ്രവർത്തനങ്ങൾ എന്താണെന്നു നോക്കാം.

ഒരു മൂലകത്തിന്റെ ഏറ്റവും ചെറിയ തന്മാത്രയെ അണു (ആറ്റം) എന്നു വിളിക്കുന്നു. ഏതാനും വർഷങ്ങൾക്കുമുമ്പുവരെ ആറ്റം അവിഭാജ്യഘടകമാണെന്നു ശാസ്ത്രം യുക്തിയുക്തം വാദിച്ചിരുന്നു. എന്നാൽ റുതർഫോർഡു (Lord Rutherford) പ്രഭുവിന്റെ കാലത്തോടുകൂടി ആറ്റം വിഭജിക്കപ്പെടാവുന്ന വസ്തുവാണെന്നു തെളിയിക്കപ്പെട്ടു. ഒരു അണുവിന്റെ മദ്ധ്യരേഖയ്ക്കു ഒരു ഇഞ്ചിന്റെ പത്തു കോടിയിലൊരംശം ദൈർഘ്യമേയുള്ളൂ. ഇതിൽനിന്നു ഒരണുവിന്റെ ദൈർഘ്യം സങ്കല്പിക്കാവുന്നതാണ്. ആറ്റം നിർമ്മിക്കപ്പെട്ടിട്ടുള്ളതു് ന്യൂക്ലിയസ് എന്ന ബീജകേന്ദ്രത്തെക്കൊണ്ടും അതിനെ പ്രദക്ഷിണം ചെയ്യുന്ന എലക്ട്രോൺ എന്നു പേരായ മറ്റൊരു വസ്തുവിനെക്കൊണ്ടുമാണ്. ന്യൂക്ലിയസ്സിൽ പ്രോട്ടോൺ എന്നും ന്യൂട്രോൺ എന്നും പേരായി ഏകദേശം തുല്യഭാരമുള്ള രണ്ടു പദാർത്ഥങ്ങൾ കൂടെയുണ്ട്.

ആറ്റത്തിൽ മേൽ പ്രസ്താവിച്ച വസ്തുക്കൾ കൂടാതെ പോസിറ്റിവു എലക്ട്രോൺ (Positive electron) അഥവാ പോസിട്രോൺ എന്നും മിസോൺ എന്നും പേരുള്ള രണ്ടു പദാർത്ഥങ്ങൾ കൂടി അടങ്ങിയിരിക്കുന്നുവെന്നു ഈ അടുത്ത കാലത്തു തെളിഞ്ഞിട്ടുണ്ട്. എന്നാൽ ഇവ എല്ലാ അണുക്കളിലും കാണുകയില്ല. ചില പ്രത്യേക അണുക്കളിൽമാത്രമേ അവ കാണുകയുള്ളു.

ഒരു മൂലകത്തിലെ അണുകസംഖ്യയെ കണക്കാക്കുന്നതു് ആ മൂലകത്തിലുള്ള അണുവിലെ പോസിട്രോണിന്റെ എണ്ണത്തെ ആശ്രയിച്ചാണ്. ന്യൂട്രോണുകളുടെയും പ്രോട്ടോണുകളുടെയും ആകെക്കൂടിയുള്ള എണ്ണത്തിന്റെ തുകയായിരിക്കും ഒരു മൂലകത്തിന്റെ അണുഭാരം. എലക്ട്രോൺ അണുവിൽ Negative ആയിട്ടാണ് സ്ഥിതിചെയ്യുന്നതു്. ഇതു കേന്ദ്രബിന്ദുവിനു് ചുറ്റും ഒരു സെക്കണ്ടിൽ **6,00,0000** തവണ ചുറ്റി സഞ്ചരിക്കുന്നു. ഒരു എലക്ട്രോൺ ചുറ്റിത്തിരിയുന്ന വേഗതയിൽ അതിനെ നേരെ പോകാൻ അനുവദിക്കുകയാണെങ്കിൽ, ഇൻഡ്യയുടെ പടിഞ്ഞാറേ തീരത്തുനിന്നും കിഴക്കേത്തീരത്തു പോകാൻ ഏതാനും സെക്കണ്ടുകൾ മാത്രം മതിയാകുന്നതാണ്.

ന്യൂക്ലിയസ്സിലുള്ള പ്രോട്ടോണിന്റെ എണ്ണത്തെ ആശ്രയിച്ചാണ് ഒരു മൂലകം വേറൊന്നിൽനിന്നും വ്യത്യസ്തമായിരിക്കുന്നതു്. ഈ കാരണത്താൽ ഒരു മൂലകത്തെ വേറൊന്നായി രൂപാന്തരപ്പെടുത്തണമെങ്കിൽ അതിലെ പ്രോട്ടോണിന്റെ എണ്ണത്തിനു മാറ്റം വരുത്തിയാൽ മതിയെങ്കിലും ചില പ്രായോഗിക തടസ്സങ്ങൾ മൂലം അതു് എളുപ്പമുള്ളതല്ല.

MAR IVANIOS COLLEGE DIGITAL LIBRARY
DIGITAL REPOSITORY

# "അവരം ഒരു സുന്ദരിയായിരുന്നു"

(പി. വി. ജോസഫ്, IV B. Sc.)

ജന്നലുകൾക്കിടയിലൂടെ പൂനിലാവ് ഇരച്ചു കയറുന്നുണ്ട്. നനുനനുത്ത മഞ്ഞ് പുറത്ത് പെയ്യുകയാണ്. ഈറനായ ഒരു ചെറിയ കാററും മുററത്തുള്ള പ്ലാവിന്റെ ഇലകൾക്കിടയിലൂടെ ഓടിക്കിതയ്ക്കുന്നുണ്ട്. അകെപ്പാടെ സുഖമുള്ള ഒരന്തരീക്ഷം.

ഞാൻ എന്റെ ചാരുകസേരയിൽ ചാരിക്കിടക്കുകയാണ്. പകുതിയെരിഞ്ഞ സിഗററ്റ് വിരലുകൾക്കിടയിലിരുന്ന് നീറിപ്പുകയുന്നുണ്ട്. വെളുത്ത് കട്ടിപിടിച്ച പുക വട്ടത്തിൽ കറങ്ങിയാണ് മുകളിലേക്ക് പോകുന്നത്. ഞാൻ അതു നോക്കിക്കൊണ്ടാണ് കിടക്കുന്നതെങ്കിലും എന്റെ മനസ്സ് അവിടെയെങ്ങുമല്ല, ഒരിടത്തുമല്ല—എന്റെ തലയ്ക്ക് മത്തുപിടിച്ചിരിക്കുകയാണ്. ഭ്രാന്താണോ? അല്ല. ഒരു സാഹിത്യകാരന്റെ വികാരവിചാരങ്ങളുടെ അലയടിയാണോ തലയ്ക്കകത്തുള്ളത്? അതു ഒരു വികാരവും ഭ്രാന്തും, സുഖവും ഒന്നുമില്ലാത്ത അവസ്ഥ എന്നൊന്നുണ്ടെങ്കിൽ അതാണ്.

ഇന്നു കാലത്തെ എഴുന്നേററപ്പോൾത്തന്നെ എന്തോ ഒരു സുഖമില്ലാത്ത അന്തരീക്ഷമാണ് എന്നെ അഭിവാദ്യംചെയ്തത്. ഞാൻ കുറച്ചു താമസിച്ചാണ് എഴുന്നേററത്. പക്ഷേ, അതു കൊണ്ടൊന്നും അല്ല. ഞാനങ്ങനെ എത്രപ്രാവശ്യം ഒൻപതുമണിവരെക്കിടന്നുറങ്ങിയിരിക്കുന്നു! എന്നാൽ അന്നൊന്നും ഇങ്ങനെ സംഭവിച്ചിട്ടി

---

ഈ വിധത്തിൽ ഒരു മൂലകം വേറൊന്നായി രൂപാന്തരപ്പെടുമ്പോൾ ആകെയുള്ള ഊർജ്ജത്തിനു വ്യത്യാസം സംഭവിക്കുന്നു. സൂര്യമണ്ഡലത്തിലുള്ള ഹൈഡ്രജൻ കാലക്രമേണ സമീപവാസികളായ കാർബൺ, നൈട്രജൻ എന്നിവയുടെ സാന്നിദ്ധ്യത്തിൽ ഹീലിയം എന്ന വേറൊരു മൂലകമായി രൂപാന്തരപ്പെടുമ്പോൾ വളരെയധികം ഊർജ്ജം വിസർജ്ജിക്കുന്നു. ഇങ്ങനെ ബ്രഹ്മാണ്ഡമായി ലഭിക്കുന്ന ഊർജ്ജം നിമിത്തമാണ്, വളരെയധികം ഊർജ്ജം സൂര്യനിൽ നിന്നും നഷ്ടപ്പെട്ടുകൊണ്ടിരുന്നിട്ടും അതിന്റെ ഊഷ്മാവിന് ഗണ്യമായ മാററമൊന്നും സംഭവിക്കാത്തത്. ഇങ്ങനെ ഒരു പ്രവർത്തനം പൂർത്തിയാക്കുന്നതിന് ഏകദേശം 50 ലക്ഷം കൊല്ലങ്ങൾ വേണ്ടിവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. സൂര്യനിലുള്ള ഹൈഡ്രജന്റെയും ഹീലിയത്തിന്റെയും കണക്കുനോക്കിയാൽ ഇതേ ഊഷ്മാവോടും പ്രകാശത്തോടുംകൂടി ഇനിയും 3 ലക്ഷം കോടി വർഷത്തോളം നിലനിൽക്കുമെന്നു കാണാം. സൂര്യന്റെയും ഭൂമിയുടെയും ജനനദിവസം ഒന്നാണെന്നു സങ്കല്പിക്കുകയാണെങ്കിൽ സൂര്യൻ ഇപ്പോഴും ഒരു കുട്ടിയേപ്പോലെ ഓടിച്ചാടി നടക്കുകയാണെന്നു പറയുവാൻ കഴിയും.

പ്രകൃതി മനുഷ്യരാശിയുടെ പുരോഗതിയ്ക്കും നിലനില്പിനും അദ്ഭുതാവഹമായ പല സംഗതികളും ചെയ്തുകൊണ്ടിരിക്കുന്നുവെങ്കിലും സ്പുട്നിക്കിന്റെയും സീട്ടായുടെയും കാലമായ ഇന്നു മനുഷ്യൻ സ്വയം നശിക്കാതെ സൂക്ഷിക്കുകയാണ് അഭികാമ്യമായിട്ടുള്ളത്.

ല്ല. ഉഗ്രമായ വെയിൽ. ഒരു തീക്കട്ടപോലെ സൂര്യൻ തീ തുപ്പിക്കൊണ്ടു് നീങ്ങുകയാണു്. പക്ഷെ, ആ സൂര്യനൊന്നുമല്ല എനിക്കു് ആ അന്തരീക്ഷം സൃഷ്ടിച്ചതു്. എനിക്കങ്ങനെ സംഭവിച്ചു എന്നുമാത്രം. അന്നു ക്ലാസ്സിൽ ചെന്നപ്പോൾ സാർ ചോദ്യങ്ങൾ വർഷിക്കുകയാണു്—ചോദ്യങ്ങളുടെ ഒരു ബഹളം. ഞാൻ കുനിഞ്ഞിരുന്നു് നോക്കി. പക്ഷെ സാർ എന്നെ വിട്ടില്ല. എന്നോടും ചോദിച്ചു. ഞാൻ ഉത്തരംപറഞ്ഞില്ല. "ഒരുപേജ് നോട്ട് മുഴുവനും നൂറുപ്രാവശ്യം എഴുതിക്കൊടുക്കണം"—ഇതായിരുന്നു ശിക്ഷ. എന്റെ തലയ്ക്കു് മരവിപ്പ് കയറി. ഞരമ്പുകളിൽക്കൂടി ഒരുകൂട്ടം എറുമ്പുകൾ അരിക്കുന്ന ഒരു പ്രതീതി. ഞാൻ എന്തൊക്കെ പിറുപിറുത്തു. എന്താണെന്നു് എനിക്കുതന്നെ നിശ്ചയമില്ലായിരുന്നു.

അങ്ങനെ ക്ലാസ്സു കഴിഞ്ഞു് ലോഡ്ജിൽ വന്നു് എന്റെ മുറിയിൽ കയറിയിരിക്കുമ്പോഴാണു്, എന്റെ അടുത്ത മുറിയിലെ തോമസ് കയറിവരുവാനൊരു സമയം കണ്ടതു്—!

"എന്താ, ഹേ.... ....?" ചോദിക്കുകമാത്രമല്ല, കൈപ്പലകയ്ക്കു് ഒരൊററ അടിയും.

എന്റെ തലയിലേക്കു് രക്തം കുതിച്ചുകയറി. ഞാൻ ദേഷ്യംകൊണ്ടു് അടിമുടി വിറയ്ക്കുകയായിരുന്നു. "ഠോ!" അവന്റെ ചെകിട്ടത്തുതന്നെ കൊടുത്തു ഒരെണ്ണം.

അവനു് ദേഷ്യത്തിലേറെ സങ്കടമായിരുന്നു വന്നതു്. പക്ഷെ, എനിക്കു് ദേഷ്യവും സങ്കടവും ഒന്നും അതു കണ്ടപ്പോൾ ഉണ്ടായില്ല. ആ പഴയ ഭ്രാന്തുമാത്രം ഒരു പെരുങ്കള്ളനെപ്പോലെ തലയിൽ ഒളിച്ചൊളിച്ചു് നടക്കുന്നുണ്ടായിരുന്നു.

അവന്റെ കണ്ണിൽനിന്നും മലവെള്ളംപോലെ കണ്ണുനീർ ഒഴുകിവീഴുന്നതു് ഞാൻ കാണുകയും ചെയ്തു. എന്നിട്ടും ഒന്നുമൊന്നും സംഭവിക്കാത്തപോലുള്ള ആ ഇരിപ്പു്....! എനിക്കു് എന്നെത്തന്നെ നിയന്ത്രിക്കണമെന്നു് തോന്നി. പക്ഷെ.... എന്തോ.... എനിക്കതു സാധിച്ചില്ല.

അവനെഴുന്നേററു് അവന്റെ മുറിയിലേയ്ക്കു് പോയി. സ്നേഹത്തിന്റെ നിറകുടംപോലെ അമ്പിളിയമ്മാവൻ ജന്നലിൽക്കൂടി എന്നെയൊന്നു പാളിനോക്കി. ഞാനപ്പോഴും വെറുതേ ഇരിക്കുകയാണു്—ആ നിർവ്വികാരമായ അവസ്ഥയിൽ. കൂട്ടംകൂടി നക്ഷത്രങ്ങൾ എന്റെനേരേ കണ്ണിറുക്കി ചിരിച്ചപ്പോഴും എനിക്കു് സന്തോഷം തോന്നിയില്ല, സങ്കടവും വന്നില്ല—ഒന്നും തോന്നിയില്ല. ആ പഴയ സ്ഥിതി. ആകാശത്തിൽ ഈ നശിച്ച ലോകം വെള്ളിമേഘങ്ങൾ നിരത്തിവച്ചപ്പോൾ ഞാനൊന്നു നോക്കി. അപ്പോഴും പുറത്തു് മഞ്ഞു് ശക്തിയായി പെയ്യുന്നുണ്ടായിരുന്നു. അതിന്റെ കൂടെ ഒരു തൈതെന്നലും കെട്ടിപ്പിടിച്ചോടി നടക്കുന്നുണ്ടു്. അന്തരീക്ഷത്തിനാകെ തണുപ്പു്. പക്ഷെ, എന്റെ തലമാത്രം അഗ്നിപർവതം പോലെ പുകയുകയാണു്. ആ നനുനനുത്ത മഞ്ഞും അമ്പിളിയമ്മാവന്റെ വലത്തെക്കയ്യും അതിലെയെല്ലാം മിന്നിച്ചാടി നടക്കുന്നുണ്ടു്. ആ കുളിരുള്ള അന്തരീക്ഷത്തിലും ഞാൻ വിയർത്തു. എന്നെ ആശ്വസിപ്പിക്കുവാൻ ഇനി ആരും വരികയില്ല. ഞാൻ താമസിക്കുന്ന ലോഡ്ജിലെ ആകെ താമസക്കാർ ഞങ്ങൾ രണ്ടുപേരുമാണു്—ഞാനും തോമസും. തോമസിനെ അടിച്ചതുകൊണ്ടു് അവനും വഴക്കു പിടിച്ചു് കിടക്കുകയായിരിക്കും. ഇനി ആരും വർത്തമാനം പറയുവാൻ പോലും വരികയില്ല. പശ്ചാത്താപവും ദേഷ്യവും സങ്കടവും എല്ലാം കൂടി കുഴഞ്ഞു മറിയുകയാണു്. ഭ്രാന്തിന്റെ ആ മാറാലയ്ക്കുള്ളിൽ അവയെല്ലാമുണ്ടു്.

അപ്പോഴാണു് പാതിരാവിന്റെ കനത്ത നിശ്ശബ്ദതയിൽ നിന്നും ആ പള്ളിയിലെ മണിനാദമുയർന്നതു്. പരിശുദ്ധമായ വായുവിലിഴുകിച്ചേർന്നു്, അതും ആ ജന്നലിൽക്കൂടി അകത്തേക്കു് ആഞ്ഞു കയറി. പത്തുമണിയായെന്നു് ഉൽഘോഷിച്ചുകൊണ്ടു് അപ്പോഴും ചന്ദ്രക്കല എന്റെ നേരേ നോക്കിച്ചിരിക്കുകയാണു്. നക്ഷത്രങ്ങൾ എന്നെ നോക്കി കണ്ണിറുക്കുന്നു

ണ്ടു്—എങ്കിലും അവയ്ക്കു കുറച്ചു സൗന്ദര്യം കൂടിയിട്ടുണ്ടു്. അതു ഞാൻ കുറച്ചൊന്നു് സൂക്ഷിച്ചു. എവിടെയോ?—എന്തോ? ഒരു വിശുദ്ധിയുടെ ആത്മാവു് പതഞ്ഞു പൊങ്ങുന്നതുപോലെ....

എന്റെ ചുണ്ടിൽ വേറൊരു സിഗററ്റുകൂടി എടുത്തു വച്ചു. തികച്ചും ഒരാസ്വാദ്യതയുള്ള അന്തരീക്ഷം എന്നെ മാടി വിളിക്കുകയാണു്. എന്റെ തലയിലെ ആ ഭാരം ഇറക്കി വയ്ക്കുന്നതിനു് എന്നെ സഹായിക്കുവാൻ. തലയിലേക്കു ഒരു കഷണം വെളിച്ചം കയറിയതു് അപ്പോഴാണു്.

“ഇന്നത്തെ കഷ്ടകാലം ഇത്രയുംകൊണ്ടു തന്നെയെങ്കിലും തീർന്നല്ലോ.” ഞാനാശ്വസിക്കുവാൻ ശ്രമിച്ചു.

എങ്കിലും, ആ ദുഷിച്ചവായു എന്റെ തലയിൽ നിന്നിറങ്ങിപ്പോയിട്ടില്ല — ആ പിരുപിരുപ്പും ദുഃഖവും, ദേഷ്യവുമെല്ലാം ഇപ്പോഴുമുണ്ടു്. അതിന്റെ കാഠിന്യം കുറച്ചു കുറഞ്ഞെന്നുമാത്രം.

ഞാൻ പുറത്തേക്കു നോക്കി. അതു് മനഃപൂർവമായിരുന്നു. പടർന്നു പന്തലിച്ച ആ പ്ലാവിനൊരു തറയുണ്ടു്.—ഒരു ഭംഗിയുള്ള തറ. അതിനടുത്തു് നിറയെ വെളുവെളുത്ത മുല്ലപ്പൂക്കളുണ്ടു്. ചക്രവാളത്തോടുമ്മവച്ചു് നിൽക്കുന്ന വെള്ളിമേഘങ്ങൾ—അവയുടെ അരികിനു് ഒരു നീലനിറമുണ്ടു്. അതും ഞാൻ കണ്ടുപിടിച്ചു. ഞാൻ മനഃപൂർവം ആസ്വദിക്കുവാൻ ശ്രമിക്കുകയാണു്. വീപ്പക്കുററിയെക്കാൾ ഭയങ്കരമായ ആ ഭാരത്തെ എന്റെ തലയിൽ നിന്നിറക്കുവാൻ ശ്രമിക്കുകയാണു്.

ഞാൻ കസേര തള്ളി ദൂരെമാററിയിട്ടു ഒരു ടോർച്ചുമെടുത്തു് പുറത്തേയ്ക്കൊന്നിറങ്ങി—മൂകമായ ഒരന്തരീക്ഷമാണു്. എങ്കിലും ആ മൂകത വാചാലമാണു്. ആ മൂകത പൊട്ടിച്ചിരിക്കുന്നെന്നു തോന്നും; അത്രയ്ക്കാസ്വാദ്യതയുണ്ടതിൽ.

പ്ലാവിന്റെ തറയിൽ ഞാനിരുന്നു.

“ച്ലം, ച്ലം” മഞ്ഞുതുള്ളി വീഴുന്ന ശബ്ദം മാത്രം.

ആ പ്ലാവിന്റെ ശിഖരത്തിലിരുന്നു് കണ്ണു തുറിച്ചു കാണിച്ചു മൂങ്ങാ ചിറകടിച്ചുകൊണ്ടു് പറന്നുപോയി. ഞാനൊന്നു് ഞെട്ടിപ്പോയി. സാരമില്ല. ഞാൻ നെഞ്ചിൽകയ്യൊന്നു വെച്ചുനോക്കി.

പെട്ടെന്നാണു് ഞാനോർത്തതു്, ആ പ്ലാവിന്റെ ശാഖയിൽ ഒരു സ്ത്രീ തൂങ്ങിമരിച്ചതു്. പോരെങ്കിൽ ഇന്നു വെള്ളിയാഴ്ചയുമാണു്—പാതിരായാകാറുമായി.

ടോർച്ചു് തറയിൽ വച്ചിട്ടു് ഞാനവിടെ ഇരുന്നു. എന്തോ അങ്ങനെയൊരു വാശി തോന്നി. ഒരു വാഴയുടെ ഉണക്കയില ‘കിരുകിരാന്നു’ ശബ്ദമുണ്ടാക്കിക്കൊണ്ടു ഒന്നു് ഞെരിഞ്ഞു. ഞാൻ പേടിച്ചോ? ഇല്ല—എങ്കിലും നെഞ്ചിനൊരിടിപ്പുണ്ടു്. പിന്നെയും ഉറപ്പിച്ചിരിക്കുകയാണു്. എന്റെ ചിന്ത ഒരിടത്തു് കേന്ദ്രീഭവിക്കുന്നില്ല—ഒന്നും പൂർണ്ണമാകുന്നുമില്ല. അങ്ങകലെയുള്ള മഞ്ഞു പുതച്ച കുന്നിൻ പുറം ഒരു സുന്ദരിയുടെ തലമുടിപോലെ കറുത്തിരുണ്ടുപോയി—നിലാവു് തീർന്നു. എങ്കിലും ഒരു നാട്ടുവെളിച്ചം അങ്ങുമിങ്ങും തളം കെട്ടി നിൽക്കുണ്ടു്. വീണ്ടും അന്തരീക്ഷം മങ്ങുകയാണു്—ആകാശം കരിയുടെ പുകപോലെ കറുത്തു പോകുകയാണു്. ഒരു നീണ്ട കാററും ഊതിയടിക്കുന്നുണ്ടു്.

കാററിനു് ശക്തി കൂടിവരികയാണു്. എങ്ങുനിന്നോ ഓടിക്കിതച്ചുകൊണ്ടു് ഒരു കൊട്ടം കാററു് ഓടിവന്നു. പ്ലാവിന്റെ തലപ്പു് അടികൊണ്ട ഒരു വണ്ടിക്കാളയുടെ പുറംപോലെ കുഞ്ഞിപ്പോയി. എന്റെ ടോർച്ചു് ഉരുണ്ടുപോകുകയും ചെയ്തു. അതു് ഞാൻ അവിടെയെല്ലാം തപ്പിനോക്കി. പക്ഷേ, കയ്യിൽ കിട്ടിയില്ല. എന്തോ ഭീകരത അങ്ങുമിങ്ങും നിന്നു് കണ്ണുമിഴിക്കുംപോലെ. എന്റെ തലയിൽ കുറേശ്ശെ ബോധത്തിന്റെ ഞെക്കുവിളക്കു് മങ്ങി പ്രകാശിക്കുവാൻ തുടങ്ങി. ഇന്നു് വെള്ളിയാഴ്ചയാണു്. ഞാൻ ചാടി എഴുന്നേററു. കാററുകൊണ്ടു് ഒരടി നീങ്ങുവാൻ പാററുന്നില്ല. തോമസിനെ വിളിച്ചിട്ടു് ഒട്ടു് കേൾക്കുന്നുമില്ല. പോരെങ്കിൽ, കൂ

ത്ത അന്ധകാരം. ഞാൻ ആകാശത്തിലേക്കു നോക്കി. അമ്പിളിയമ്മാവനും നക്ഷത്രങ്ങളും ഒന്നും അവിടില്ല. പിശാചിന്റെ ഇരുണ്ട മുഖംപോലെ കറുകറുത്തതാണ് ആകാശം. ഞാനാകെ വിറയ്ക്കുന്നുണ്ട്. എങ്കിലും ഞാനെന്റെ സർവശക്തികളുമുപയോഗിച്ച് പ്ലാവിനെ കെട്ടിപ്പിടിച്ചുകൊണ്ട് നിൽക്കുകയാണ്. പിടിവിട്ടാൽ തെറിച്ച് ദൂരെപ്പോകും— തീർച്ചയാണ്.

അപ്പോഴാണ് എന്റെ തോളിൽ എന്തോ ഒന്ന് തൊട്ടതായി എനിക്കു തോന്നിയത്. ഞാനൊന്ന് ഞെട്ടിപ്പോയി. എങ്കിലും എന്റെ കൈ കൊണ്ട് അതൊന്നു തപ്പിനോക്കി. ഒരു മാർദ്ദവമേറിയ മനുഷ്യഹസ്തം. ഞാൻ അൽഭുതപ്പെട്ടുപോയി.

“ഹാരതു്....?” എന്റെ ശബ്ദം അങ്ങ് സഹ്യപർവതവും കഴിഞ്ഞ് പോയിക്കാണും. അത്ര മുഴക്കമുണ്ടായിരുന്നു അതിന്.

“ഹൊ.... എന്തൊരു കാറ്റ്” പ്രത്യുത്തരം— പെണ്ണിന്റെ ശബ്ദം— ആ കൈയുടെ ഉടമസ്ഥയുടെ. പക്ഷേ, ഞാൻ കൈയിൽ നിന്നു വിട്ടില്ല. വിടുവാൻ എനിക്കു ധൈര്യവുമില്ല.

നിങ്ങളെന്തിനിവിടെ വന്നു? ഞാൻ ആ കാറ്റിന്റെ കോലാഹലത്തിനിടയിലും ചോദ്യം നിറുത്തിയില്ല.

“നിങ്ങളെപ്പോലെ തന്നെ.”

“ഉം” എനിക്ക് ഒരു ഇടിവെച്ചുകൊടുക്കാനാണ് തോന്നിയത്. പക്ഷേ, നിലത്തു നിന്നിട്ടു വേണ്ടേ! ഭയങ്കരമായ കാറ്റ്.

മൂകഭീകരങ്ങളായി നിമിഷങ്ങൾ, മിനിട്ടുകൾ, നീങ്ങുന്നു. കാറ്റ് ഒന്ന് കുറഞ്ഞെങ്കിലും എന്റെ ഹൃദയത്തിൽ ഒരു പെരുമ്പറയടിതന്നെ നടക്കുന്നുണ്ടായിരുന്നു. ‘ഈ രാത്രിയിൽ ഒരു പെണ്ണ്....” ഞാൻ സ്തംഭിച്ചുപോയി. കെട്ടിത്തൂങ്ങിച്ചത്ത പെണ്ണാണോ? അവളും അവളുടെ കാമുകനും അവിടെ വച്ചായിരുന്നു സന്ധിക്കാറുള്ളതെന്നു് പറഞ്ഞുകേട്ടിട്ടുണ്ട്. ആ കാമുകിയുടെ സ്നേഹംനിറഞ്ഞ ഹൃദയം തൂങ്ങിക്കിടന്ന പ്ലാവാണു മുകളിൽ. ഹോ ...സംശയങ്ങളുടെയും ഭീരുത്വത്തിന്റെയും ഒരു മഹാസാമ്രാജ്യം തലയിലേക്കു വലിഞ്ഞുകയറുകയാണ്. എനിക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല.

“ഞാൻ പോവ്വാ” കാറ്റ് കുറഞ്ഞപ്പോൾ ഞാൻ യാത്രപറഞ്ഞിട്ട് തിരിഞ്ഞു നടന്നു. അപ്പോഴാണ് എന്റെ ടോർച്ച്ലൈറ്റ് കാലിൽ തട്ടിയത്. ഞാനതു കുനിഞ്ഞെടുക്കുവാൻ ഭാവിച്ചപ്പോഴേക്കും അവളെന്റെ മുമ്പിൽ വന്നു നിന്നുകഴിഞ്ഞു. ഒരു ശോകവും എങ്ങലും— അവൾ കരയുകയായിരിക്കും. ഇരുട്ടത്ത് ഒന്നും കാണുവാൻ വയ്യ. ഞാൻ ടോർച്ചെടുത്ത് അവളുടെ മുഖത്തേക്ക് തെളിച്ചു. വെള്ളച്ചാട്ടത്തിലെ പതഞ്ഞു പൊങ്ങുന്ന നുരികൾ പോലെ വഴുതിയിറങ്ങിയ ജോർജറ്റ് സാരിയും ഒരു പുള്ളിയുള്ള സിൽക്ക് ബ്ലൌസും ഇട്ടിരിക്കുന്ന അവൾ റോസാപ്പൂവുപോലെ സുന്ദരിയാണ്— എന്തിന്, അവളുടെ കരച്ചിലിനുപോലും ഒരു മാസ്മരശക്തിയുണ്ട്. മാദകത്വം തികഞ്ഞ ആകാരസൗഷ്ഠവം. നെറ്റിയിലിട്ടിരുന്ന ഒരു കുംകുമപ്പൊട്ട് മഞ്ഞുതുള്ളി വീണ് നനഞ്ഞ് ചിതറിയിട്ടുണ്ട്.

“ഇതു് യക്ഷിയൊന്നുമല്ല” എന്റെ നിഗമനം തെറ്റാണെന്നു തന്നെ ഞാൻ വിധിച്ചു.

പക്ഷേ, ഇപ്പോളെന്തിനിവളിവിടെ വന്നു? ആ ചോദ്യം അപ്പോഴും അവശേഷിക്കുകയാണ്, സംശയങ്ങളേയും ഭീരുത്വത്തേയും കുത്തിപ്പൊക്കിക്കൊണ്ട്.

ഞാൻ ഒന്നുകൂടി അവളെ സൂക്ഷിച്ചുനോക്കി. രണ്ട് കണ്ണുനീർച്ചാലുകൾ ചെമന്നു തുടുത്ത ആ കവിൾത്തടങ്ങളിൽക്കൂടി ഒഴുകിയിറങ്ങുന്നുണ്ട്.

“എനിക്ക് ആ ടോർച്ചൊന്നു തരാമോ, വീട്ടിലേക്കു പോകുവാനാ....” ആ ശബ്ദത്തിൽ ഒരു ഇടർച്ചയുണ്ടായിരുന്നു.

“എനിക്കിപ്പം മനസ്സില്ല” എന്നു പറയാൻ എനിക്കു തോന്നിയില്ല. പക്ഷേ, അതു കൊടു

ക്കവാൻ അത്ര സമ്മതവും ഇല്ല. ഞാനൊന്നും മിണ്ടാതെ നിന്നതേയുള്ളൂ.

'തരികയില്ലേ? വീണ്ടും ചോദ്യം.

"എവിടെവരെ പോകണം?"

"ഇവിടന്ന് ഒരു ഫർലോങ്ങ് ഉള്ളൂ."

"നാളെ ഇങ്ങ് കൊടുത്തയയ്ക്കുമോ?"

"തീർച്ചയായും."

ഞാൻ ടോർച്ച് കൊടുത്തു. തിരിഞ്ഞു നടക്കുകയും ചെയ്തു. കുറച്ചു നടന്നു കാണും.

"ഓടിവരണേ." അവളുടെ ദീനസ്വരമാണ് ഞാൻ കേട്ടത്.

ഞാൻ അങ്ങോട്ട് ഓടിച്ചെന്നു.

"എന്താ....?"

"എന്തോ ഒന്നനങ്ങി....!

അവൾ ആലിലപോലെ വിറയ്ക്കുകയാണ്.

'എനിക്കു പേടി...യാകുന്നു." അവളൊരുവിധത്തിൽ പറഞ്ഞു തീർത്തു.

"നിങ്ങൾ തനിച്ചു വരാനെന്താ കാരണം"? അതിന് അവളൊന്നും മറുപടി പറഞ്ഞില്ല. ആ തലമുടിയൊന്ന് ഒതുക്കി വക്കുകയാണവൾ. ഒരു ചെറിയ ജാള്യം മുത്തമിടുന്ന ആ ഓമനക്കണ്ണുകൾ ഇറുകി നിന്നു.

പക്ഷേ, ഞാൻ നിറുത്തിയില്ല. വീണ്ടും ചോദിച്ചു.

അവൾ ആദ്യം ഒന്നു തപ്പിയെങ്കിലും ഉത്തരം തന്നു. പിന്നെയും ചോദിക്കുമെന്ന് അവൾ പ്രതീക്ഷിച്ചില്ലായിരിക്കും.

"ഞാൻ പിക്ചറിനു പോയതാണ്. കാറിനു തകരാറു വന്നതുകൊണ്ടു റോഡിൽ നിൽക്കുകയായിരുന്നു. കാറു വന്നപ്പോൾ ഈ പ്ലാവിന്റെ ചുവട്ടിലേക്കു മാറി നിന്നതാണ്."

"ഉം" ഞാനൊന്നു മൂളിനിറുത്തി. ആ മൂളലിൽ ഒരു സംശയം മുന്നിട്ടു നിന്നിരുന്നു. അതവൾ മനസ്സിലാക്കിയിരിക്കണം. അതാണ് പിന്നെയും തുടർന്നത്.

"ഡ്രൈവർ അവിടെ നിൽപ്പുണ്ടാവും."

"ഉം" അതിനും ഞാനൊന്നു മൂളി. അവൾക്കത് ഇഷ്ടപ്പെട്ടോ എന്തോ. ഏതായാലും അതു മുഴുവൻ സത്യമല്ലെന്ന് തീർച്ചയാണ്. അവൾക്ക് തീരെ ഇഷ്ടപ്പെട്ടുകാണുകയില്ല, ഞാൻവീണ്ടും മൂളിയത്. അതിനെനിക്കെന്ത്?

ഞാൻ കൂടുതലൊന്നും അന്വേഷിച്ചില്ല. അപ്പോൾ അതിന്റെ ആവശ്യം തോന്നിയുമില്ല.

"വീടുവരെ എന്റെ കൂടെ ഒന്നു വരാമോ?" പേടിച്ച് വിറച്ച ഒരു കുയിലിന്റെ കരച്ചിലു പോലെ ആ ശബ്ദം മധുരമായിരുന്നു. വെൺമയേറിയ ചിറകില്ലാത്ത മാലാഖപോലെ അവള അങ്ങനെ മൂടിപ്പുതച്ചു നിൽക്കുകയാണ്. ആ അന്ധകാരത്തിലും അവളുടെ കണ്ണുകൾ തിളങ്ങുന്നുണ്ട്. കാതുകൾ ചിരിക്കുന്നുണ്ട്. മാലകൾ പ്രകാശം ചിതറുന്നുണ്ട്....ഞാനൊന്നു ആലോചിച്ചു നോക്കി....

ഒരു സഹോദരിയുടെ അപേക്ഷയാണതു്. അതു നിരസിക്കാമോ? പക്ഷേ, ഈ രാത്രിയിൽ, എനിക്കും കുറേശ്ശേ പേടിയാകുന്നുണ്ട്. എന്നാൽ അതു പറയാനൊക്കുമോ?

"വല്ല യക്ഷിയും...."തലയിലിരുന്ന് ആരോ കുശുകുശുക്കുന്നതുപോലെ.

"എനിക്ക് പറ്റുകില്ല" ഞാൻ തിരിഞ്ഞു നടന്നു തുടങ്ങി. എങ്കിലും ഇടക്ക് ഞാൻ പിറകോട്ട് തിരിഞ്ഞു നോക്കി. അവളും എന്റെ പിറകേതന്നെ വരികയാണ്.

"എന്താ?" എനിക്ക് ദേഷ്യം കൊണ്ടു ശ്വാസം മുട്ടുകയായിരുന്നു.

"സഹോദരാ...." അവളുടെ കവിൾത്തടങ്ങളിൽ കണ്ണുനീർച്ചാലുകൾ പിന്നെയും വഴിവച്ച് നീങ്ങുകയാണ്. കണ്ണുകളിൽ നിസ്സഹായതയുടെ ഓളം വെട്ടൽ....

'ഞാൻ ലൈറ്റ് തന്നാലും പോരാ...."ഞാൻ പിറുപിറുത്തു.

വീണ്ടും ആ കണ്ണുനീർ....നനഞ്ഞു കതിർന്ന കറുകറുത്ത കൺപീലികളിൽ നിന്നും വെള്ളമി

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

റിറാവ് മാറ്റുന്നുണ്ട്—അതിനും ഒരു കലാഭംഗിയുണ്ട്.

എനിക്കൽപ്പം കനിവുതോന്നി.

"എന്നാ വാ" മനസ്സില്ലാ മനസ്സോടെ ഞാൻ അവളുടെ കൂടെ പോകുവാൻ സമ്മതിച്ചു.

ഞങ്ങൾ നടക്കുകയാണ്—ഞാൻ മുൻപിലും അവൾ പിറകിലും. എനിക്ക് അവിടങ്ങളിലുള്ള വഴിയെല്ലാം നിശ്ചയമുണ്ടെങ്കിലും ഞങ്ങൾ നടക്കുന്ന വഴി എനിക്ക് അപരിചിതമാണ്. അതുകൊണ്ട് അവൾ പിറകിൽ നടന്നുകൊണ്ട് വഴി നിർദ്ദേശിക്കുന്നുണ്ട്.

ഒരു ചെറിയ കുറ്റിക്കാട്ടും ഒരു നല്ല വഴിയും കഴിഞ്ഞു. അതിനിടയിൽ ഒരു തോട്ടം കടന്നു. പിന്നീട് കാണുന്നത് ഒരു നല്ല മണലിട്ട റോഡാണ്. അതവളുടെ മാളികയിലേയ്ക്കാണ്—അവളുടെ വീട്.

"ഇതാണ് എന്റെ വീട്."

'ങ് ആഹാ'

"അവളൊരു പ്രഭുകുമാരിയായിരിക്കും" ഞാൻ ഉള്ളിൽ വിചാരിച്ചു.

വഴിവിളക്കുകൾ കത്തുന്നുണ്ട്. ഗേററു തുറന്നാണ് കിടന്നിരുന്നത്.

എന്നാൽ ആ വീട്ടിൽ ആരും ഉള്ളതായി തോന്നുന്നില്ല. ആ ശ്വാസം മുട്ടിക്കുന്ന നിശ്ശബ്ദതയിൽ അവൾ തന്നെയായിരിക്കുമോ ജീവിക്കുന്നത്. അവരെല്ലാം ഉറങ്ങിക്കാണുമായിരിക്കും. എങ്കിലും, ഇവളെക്കാണാതെ അവരെങ്ങനെ കിടന്നുറങ്ങുമോ? ഇനി ഇവളെ തിരക്കി എല്ലാവരും പോയതാകുമോ?....

എന്തോ ആ കെട്ടിടത്തിനൊരു പന്തികേടു പോലെ ...

ആ പ്രദേശത്തെങ്ങും അത്രയും നല്ലൊരു രണ്ടു നിലക്കെട്ടിടം ഞാൻ കണ്ടിട്ടില്ല. ആ പരിസരവും വീട്ടും എനിക്കു അപരിചിതമാണ്.... ഞാൻ ഓർമ്മയിൽ ചികഞ്ഞു നോക്കി.... ഇല്ല.... ഞാൻ കണ്ടിട്ടില്ല.

പടിക്കൽ ചെന്നപ്പോൾ അവൾ മുൻപിൽ കയറി മുററത്തേക്ക് കടന്നുനിന്നിട്ട് എന്നെ ക്ഷണിച്ചു.

"വരുന്നില്ലേ?"

"ഇല്ല."

പകൽപോലത്തെ വെളിച്ചമാണ് ആ ലൈററിനൊക്കെ. ഒരു സ്വർഗ്ഗീയസുന്ദരിയെപ്പോലെ അവൾ പുരികം ഒന്ന് കോട്ടിവളച്ചുകൊണ്ട് ഒന്നു മൂളി.

'ഉം....?'

"ഞാൻ പോട്ടെ."

'കുറച്ചു കാപ്പി.'

'വേണ്ട.'

'ഹെയ്' അവളെന്റെ മുമ്പിൽ വന്ന് നിൽക്കുകയാണ്. ഒരു വിടർന്ന ആമ്പൽപ്പൂവുപോലെ അവളുടെ മുഖം ഒന്നു വികസിച്ചു. ആ കൊച്ചു കൊച്ചരിപ്പല്ലുകൾ നിരന്ന് നിൽക്കുകയാണ്.

അവൾ എന്റെ കൈപിടിച്ച് അകത്തേക്കു കൊണ്ടുപോയി. എന്റെ വീര്യവും ശൗര്യവും എല്ലാം പോയി. ഒരു പൂച്ചക്കുഞ്ഞിനെപ്പോലെ അവളെ അനുഗമിക്കുവാനേ എനിക്കപ്പോൾ സാധിച്ചുള്ളു.

ഞങ്ങൾ വിസിറേറഴ്സ് റൂം നടന്നു കഴിഞ്ഞു. സുഗന്ധവാഹിയായ ഒരു കാററ് അതിലെ വട്ടമിട്ടു ഓടി നടന്നു. അതുകഴിഞ്ഞ് അടുത്തമുറിയിലാണ് മുകളിലത്തെ തട്ടിലേക്കുള്ള കോവണി വെച്ചിരിക്കുന്നത്. ഞങ്ങൾ കോവണി കയറുകയാണ്—തികച്ചും ഞാനപ്പോൾ ഒരു പാവയായിരുന്നു.

ഞങ്ങൾ മുകളിലത്തെ നിലയിൽ എത്തി. എന്നെ ഒരു സോഫായിൽ അവൾ പിടിച്ചിരുത്തി. അവിടെയിരുന്നാൽ എല്ലാം, എല്ലാം കണാം. നീലക്കുറപിടിച്ച ചക്രവാളവും വിശാലമായ മുകൾപ്പരപ്പും എല്ലാം, എല്ലാം കാണാം. ആകെ കവിത തുളുമ്പുന്ന അന്തരീക്ഷം.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

"ഇപ്പോൾ വരാം. ഞാൻ കുറച്ചു് കാപ്പികൊണ്ടുവരട്ടെ" അവളൊന്നു് ചിരിച്ചു. അതിനു് ഒരു ടോർച്ചു് ലൈററിൻെറ പ്രകാശമുണ്ടായിരുന്നു—റോസാപ്പൂവിൻെറ പരിശുദ്ധതയും അതിൽ കലർന്നിരുന്നു. അവൾ വേഗത്തിൽ അകത്തേക്കു പോകുന്നതു് ഞാൻ കുറച്ചുനേരം നോക്കിനിന്നുപോയി.

ഞാൻ മുറിയാകെ ഒന്നു് പാളിനോക്കി. ഒരു പാക്കററു് സിഗരററും ഒരു പുതിയ തീപ്പെട്ടിയും ഒരു ആഷ്ട്രേയും എൻെറ മുൻപിലുള്ള ററീപ്പോയിലിരിപ്പുണ്ടു്.

ഞാൻ ഒരെണ്ണം എടുത്തു് കത്തിച്ചു് സോഫയിലേക്കു് ചാഞ്ഞു. ആ പുകയൊന്നു് നീട്ടിവിട്ടു. ആ തണുപ്പത്തു് ഒന്നു വലിച്ചപ്പോൾ ഒരു സുഖം. എങ്കിലും അവളെക്കുറിച്ചുള്ള ആകാംക്ഷ ഹൃദയത്തിൽ പേക്കുറക്കന്നെപ്പോലെ പാഞ്ഞു നടക്കുകയാണു്. അമ്മയെവിടെ....? അച്ഛനെവിടെ?.... അങ്ങനെ നീണ്ടുപോകും അവളോടു ചോദിക്കേണ്ട ചോദ്യങ്ങളുടെ പട്ടിക.

അവൾ വന്നാലുടനേ ചോദിക്കണമെന്നു തന്നെ നിശ്ചയിച്ചുറച്ചു.

* * * * *

പെട്ടെന്നു് ചക്രവാളത്തിൻെറ അററത്തു നിന്നു് ഒരു പൂവൻ കോഴി നീട്ടിക്കൂകി. അതേത്തുടർന്നു് എനിക്കു് എന്തോ ഒക്കെ സംഭവിച്ചു. എൻെറ വിരലുകളുടെയിടയിൽ വച്ചിരുന്ന സിഗററു് കണ്ടില്ല—വിരലുമാത്രം അങ്ങനെ അകന്നിരിപ്പുണ്ടു്. സോഫായ്ക്കു പകരം ഏതോ വൃക്ഷത്തിൻെറ ശാഖകളും. എന്തു്? എൻെറ ബുദ്ധി പ്രവത്തിക്കുവാൻ തുടങ്ങി.

ഞാൻ കീഴോട്ടു് നോക്കിയതു് അപ്പോഴാണു്.

'ദൈവമേ, ഞാനൊരു പനയുടെ മുകളിലാണോ?" ഞാൻ നിലവിളിച്ചുപോയി.

ഞാനിത്രയും നേരം എങ്ങനെ താഴെ വീഴാതെയിരുന്നു?

കിഴക്കു് ഒരു ചുവപ്പു് തെളിഞ്ഞു വന്നുകഴിഞ്ഞു. അങ്ങകലെ എൻെറ താമസസ്ഥലം—പടർന്നു് പന്തലിച്ച ആ പ്ലാവു്—ഇതു് ഭൂമിതന്നെയാണു്.

"അവളൊരു യക്ഷിയായിരുന്നു" എൻെറ മുഖത്തു് ദേഷ്യവും സങ്കടവും ഒരുമിച്ചു വന്നു. വെളുപ്പിനുള്ള ആരോഗ്യം തരുന്ന ആ തണുപ്പൻ കാററു് എന്നെ തഴുകിക്കൊണ്ടു് കടന്നുപോയി. അപ്പോൾ ഞാൻ ആലോചനയിലാണ്ടിരുന്നു.

"എങ്കിലും അവൾ ഒരു സുന്ദരിയായിരുന്നു" എൻെറ ചുണ്ടുകൾ പിറുപിറുത്തു.

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

# വരില്ലേ?

(കെ. പീതാംബരൻ, കണിയാപുരം II D. C.)

പൂവനമുറങ്ങുന്നു
  പൂമിഴിയിണ പൂട്ടി,-
ക്കാവുകൾക്കുള്ളിൽനിന്നും
  മാരുതനെഴുന്നള്ളി.
തളിരിൽ താളംതെററി
  മഞ്ഞുതുള്ളികൾ വീണു;
പളുങ്കിൻമണിദീയന്തി-
  പ്പുൽത്തലപ്പുകൾ നിന്നു.
താരങ്ങൾ കരം കോർത്തു
  വട്ടമായ് ചുററും നിന്നു
വാരൊളി ചിന്നും പൊന്നു-
  വലയൊന്നിതാ തീർത്തു.
കാന്തിയോടതിനുള്ളിൽ
  പൂന്തിങ്കൾ നിന്നു, നീളെ
നീന്തി നീരദമാല-
  യാവല മുറിച്ചീടാൻ
മാരന്റെ കളിത്തോട്ടം
  കണ്ണുമായ് നിലാവത്തു
പൂമരക്കൊമ്പിൽ വന്നു
  കാത്തിരുന്നൊരു കുയിൽ
എത്രയോ നേരത്തേ ഞാൻ
  വന്നതാണീയുദ്യാന-
മത്രയും തിരഞ്ഞു ഞാ-
  നോമലാൾ വന്നില്ലിന്നും
ഈററിററു സങ്കല്പങ്ങൾ
  വീണു ഭാവനയിങ്കൽ
മൊട്ടിട്ടു നിന്നോർമ്മകൾ
  കരളിൻ കിനാവുകൾ.

ചന്ദനത്തോപ്പിൽക്കൂടി-
  ച്ചന്ദ്രികച്ചാററിൽ മുങ്ങി-
സ്സുന്ദരി കല്ലോലിനി
  മന്ദമായൊഴുകുമ്പോൾ
രാവുകൾ വരും, പോകും,
  മുകളിൽ നീലാകാശം
നോവുകൾ മറന്നെന്നും
  പൂവിടും; ഞാനോർത്തിടും.

* * * * *

…നിന്നെ ഞാൻ സ്നേഹിച്ചോരു
  നാളുകൾ ഞാനോർക്കുന്നു;
പൊന്നുഷസ്സൊളി ചിന്നും
  നിൻമുഖം ഞാൻ കാണുന്നു.
നീലാളകങ്ങൾ വീണു
  കളിക്കും നിന്നാനനം
നീലാർദ്രമിഴിയാളേ,
  നേരിൽ ഞാൻ കാണുന്നിന്നും.
അന്തിയിൽ വിരിയുന്ന
  വെള്ളിനക്ഷത്രം പോലെ-
യന്തരംഗത്തിൽ വന്നു
  മിന്നുമെൻ പുളകമേ,
ചെമ്പനീർപ്പൂവിൻവർണ്ണ
  ഭംഗി പൂങ്കവിളുകൾ-
ക്കെന്തു ചന്തമേകില്ല
  സഖി, നീ ചിരിക്കുമ്പോൾ!
വാസന്തസന്ധ്യാരാഗം
  തുകുന്നതാണാ രണ്ടു
മാകന്ദമനോഹര-
  മാം തളിരധരങ്ങൾ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ചേലുലാവിട്ടും ചില്ലി-
 കൊടിതൻ ചലനങ്ങൾ
മേലാകെയാനന്ദത്തിൻ
 രോമാഞ്ചം വിതയ്ക്കുന്നു.
മാലേയസമീരണൻ
 വാർമഴവില്ലേ, നിന്റെ
വാടിയിൽ വന്നില്ലേയെൻ
 കാരിയം പറഞ്ഞില്ലേ?
ആരോമലാളേ, നീയി-
 പ്പാതിരനിലാവത്തു
നേരിയ നിശ്വാസവു-
 മായെങ്ങാനിരുപ്പാണോ?
രാഗഗീതികൾ പാടാ-
 നാവുമോ നിനക്കിന്നും
രാഗമാധുര്യം തൂകി
 വേണു ഞാൻ വായിക്കുമ്പോൾ?
കുളിയും കഴിഞ്ഞീറൻ
 മുടിയും തോരാതിട്ടു
കളിയും പറഞ്ഞല-
 സാംഗി നീ വരുന്നേരം
അമ്പലക്കടവിൽ ഞാ-
 നൊററയ്ക്കു നിനക്കായ് കൈ-
ക്കുമ്പിളിൽത്തേനൊലുന്ന
 ചെമ്പകമലരുമായ്
നിന്നതും, നിൻകൈകളിൽ
 തന്നതും, നാണം പൂണ്ടു
നിന്ന നിൻ കവിളുക-
 ളെന്തിനോ തുടുത്തതും,
അക്കരെനീലച്ചായൽ
 കെട്ടിവച്ചാനന്ദത്താ-

ലക്കരൾത്തുടിപ്പുക-
 ളെന്നിൽ നീ പകർന്നപ്പോൾ
തങ്ങളിൽ നമുക്കുള്ള
 ദിവ്യാനുരാഗത്തിന്റെ
മംഗല്യപ്പൂവാമുടി-
 ക്കെട്ടിൽ ഞാനർപ്പിച്ചതും
ഞാൻ സഖി, മറന്നില്ല,
 നീയുമെന്നാത്മാവിന്നു
തേൻതുള്ളി യേകുന്നിന്നു-
 മാലോല സ്മരണകൾ.
ശപ്തനല്ലിഹ ഞാനെൻ
 ചോലകൾക്കുള്ളിൽനിന്നും
തപ്തചിന്തകൾ വിട്ടു
 വന്നിതാ വിരുന്നിനായ്
മുഗ്ദ്ധേ നീ മുഖം പൊത്തി
 മുമ്പിലായ് വരുകില്ല,
സ്നിഗ്ദ്ധത നിറം തന്ന
 പീലികൾ തുറന്നുടൻ?
വർഷമേഘത്തിനുള്ളി-
 ലായിതു കല, വീണ്ടും
ഹർഷമീയാമ്പൽപ്പൂവി-
 ന്നെന്നിനി ലഭിക്കുമോ?

* * * * *

ഞാനൊരു കിനാവു ക-
 ണ്ടൊരുനാളുറങ്ങുമ്പോൾ-
വാനമേഖലകളിൽ
 വാർനിലാവണഞ്ഞപ്പോൾ:
"കരയെപ്പുൽകീടുന്നു
 നരഷം കരങ്ങളാം
തിരമാലകൾ നീട്ടി-
 ത്തുടരെപ്പാരാവാരം".

# അക്ബർ ചക്രവർത്തി കാട്ടിത്തന്ന മാർഗ്ഗം

(രാമസ്വാമി സി. I. D. C.)

ഇൻഡ്യ ഇന്നു മഹത്തായ ഒരു പരിവർത്തന ഘട്ടത്തിലെത്തിച്ചേർന്നിരിക്കുകയാണ്. സോഷ്യലിസ്റ്റു മാർഗ്ഗത്തിൽക്കൂടി മാത്രമേ രാഷ്ട്ര പിതാവ് വിഭാവനം ചെയ്ത ക്ഷേമരാഷ്ട്രം കെട്ടിപ്പടുക്കാൻ സാദ്ധ്യമാവൂ.

ദുരുഹമായ ഒന്നും തന്നെ ഇന്നു മനുഷ്യനിൽ അവശേഷിക്കുന്നില്ല. എങ്കിലും സങ്കുചിതമായ ജാതീയചിന്തകൾ അവനെ വീർപ്പു മുട്ടിക്കുന്ന ഒരു കീറാമുട്ടിയാണ്. ഈ ജാതീയ ചിന്തകൾ സോഷ്യലിസ്റ്റു സാമൂഹ്യക്രമത്തിനുപോലും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഒരു ക്ഷേമ രാഷ്ട്രം കെട്ടിപ്പടുക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നതു് വർഗ്ഗീയ വിദ്വേഷമാണ്. ഈ വർഗ്ഗീയ വിഷം അണുബോംബിനെക്കാളും ഭയാനകമത്രേ. ഭാരതം സ്വാതന്ത്ര്യമായപ്പോൾ ഈ വർഗ്ഗീയ വിഷം വീണ്ടും തല പൊക്കി. മുസ്ലീങ്ങൾ പാകിസ്ഥാനെ ഇന്ഡ്യയിൽ നിന്നും പകിട്ടു വാങ്ങി. എന്നിട്ടും കാര്യം അവിടെ അവസാനിച്ചില്ല. കാഷ്മീരിനുവേണ്ടി വീണ്ടും വടംവലിയായി. അവസരം പാർത്തിരുന്ന കാഷ്മീർ സിംഹം സ്വതന്ത്ര കാഷ്മീർ സ്ഥാപിക്കണമെന്നു് ആക്രോശിച്ചു തുടങ്ങിയിരിക്കുകയാണ്. എന്തിനേറെപ്പറയണം. വർഗ്ഗീയവിദ്വേഷം തന്നെയാണ് ഈ നാശങ്ങൾക്കെല്ലാം മൂലകാരണം.

ഇന്നു ജാതിവിരുദ്ധ ചിന്തകൾ വളരെയേറെ ശക്തി പ്രാപിച്ചു വരുന്ന ഒരു കാലഘട്ടമാണ്. ഇതിന്റെ അധിഷ്ഠാനം അക്ബർ രൂപം കൊടുത്ത ദിൻ ഇല്ലാഹി (Divine Faith) തന്നെ ആയിരിക്കണം.

ഇന്നേക്കു ഏകദേശം നാലുശതവർഷങ്ങൾക്കു മുമ്പാണു് അക്ബർ അധികാരത്തിൽ വന്നതു്. ഇൻഡ്യയുടെ സമുദ്ധാരണത്തിനുവേണ്ടി ഇത്ര മാത്രം ആത്മാർത്ഥമായ യത്നം ചെയ്തിട്ടുള്ള ഒരു വ്യക്തിയെ ഇൻഡ്യാചരിത്രത്തിൽത്തന്നെ ചുരുക്കമായേ കാണാൻ കഴിയൂ.

മതത്തിന്റെ പേരിൽപ്പോലും നീകതി ചുമത്തപ്പെട്ട ഒരു കാലഘട്ടമായിരുന്നു അന്നു്. ഭരണമേധാവികളുടെ വർഗ്ഗത്തിനു മാത്രമേ അന്നു മാന്യമായി ജീവിക്കുവാൻ കഴിഞ്ഞിരുന്നുള്ളു. ഇങ്ങനെ പാരതന്ത്ര്യത്തിൽ കിടന്ന വിവിധ മതങ്ങളുടെ വിപരീത മനഃസ്ഥിതിയിൽ സഹതപിച്ച അക്ബർ ചക്രവർത്തി അതിനൊരന്തം കാണാൻ തന്നെ തീരുമാനിച്ചു. ആ മഹത്തായ തീരുമാനത്തിന്റെ വെളിച്ചത്തിലത്രേ ദിൻ ഇല്ലാഹി രൂപം കൊണ്ടതു്.

അക്ബർ ചക്രവർത്തി തന്റെ സദസ്സിൽ സർവ്വ മതസ്ഥരേയും ക്ഷണിച്ചു വരുത്തി അവരുമായി തീവ്രമായ ചർച്ച നടത്തി. ഈ ചർച്ചയുടെ ഒക്കെ ഫലമായിട്ടാണ് 'ദിൻ ഇല്ലാഹി' രൂപം കൊണ്ടതു്. രജപുത്രസ്ത്രീകളുമായി അദ്ദേഹത്തിനുണ്ടായിരുന്ന വേഴ്ചയും മാതാവിന്റെയും ഗുരുവിന്റെയും ഉപദേശങ്ങളും 'ദിൻ ഇല്ലാഹി'യുടെ രൂപീകരണത്തിനു അക്ബറെ ഏറെക്കുറെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. **1582**—ൽ 'ദിൻ ഇല്ലാഹി' സർവ്വജനസമക്ഷം അവതരിപ്പിക്കപ്പെട്ടു. **1572**-ൽ മുസ്ലിം മേധാവിപ്പട്ടം സ്വീകരിച്ച അക്ബർ ദിൻ ഇല്ലാഹിയുടെ ഔന്നത്യത്തിനു വേണ്ടി അതിനെ വലിച്ചെറിഞ്ഞു. മുസ്ലീം ഭ

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

ണത്തിൽപ്പെട്ട വീർപ്പു മുട്ടിക്കഴിഞ്ഞിരുന്ന ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മാത്രമല്ല, മററെല്ലാ മതങ്ങൾക്കും കൂടിയും വെളിച്ചം വീശാൻ 'ദിൻ ഇല്ലാഹി' പര്യാപ്തമായിരുന്നു. നൂററാണ്ടു കാലം കൊണ്ട് അടിമത്തത്തിലാണ്ടു കിടന്ന തന്റെ ജനതയെ ഒരു നല്ല പന്ഥാവിലേക്ക് നയിക്കാനാണ് അക്ബർ ഇതുകൊണ്ട് ഉദ്ദേശിച്ചത്. തന്റെ ജനതയിൽ ശുഭാപ്തി വിശ്വാസമുണ്ടായിരുന്ന അക്ബർ അന്നത്തെ മററു മുസ്ലീം മേധാവികളെപ്പോലെ 'ദിൻ ഇല്ലാഹി'ക്കുവേണ്ടി പ്രചാരണം നടത്തിയില്ല; അഥവാ അതിനെ പ്രോത്സാഹിപ്പിച്ചില്ല.

ഹിന്ദുമതത്തിന്റെയും മുഹമ്മദുമതത്തിന്റെയും, ക്രിസ്തുമതത്തിന്റെയും മർമ്മഭാഗങ്ങൾ ഉൾക്കൊണ്ടതായിരുന്ന അക്ബറുടെ 'ദിൻഇല്ലാഹി'. ലോകത്തിനാകെ വെളിച്ചം വീശാൻ അതു പര്യാപ്തമായിരുന്നു. ഒരു നവോത്ഥാനത്തിന്റെ കാല്പാടുകൾ അതിൽ നിഴലിച്ചിരുന്നു. പക്ഷേ അതു വളർന്നില്ല; അഥവാ അതിനെ വളർത്തിയില്ല.

സമുദായമേധാവികളായ അന്നത്തെ നേതാക്കൾ ജനങ്ങളെ വിഭാഗീയ ചിന്തക്കടിമപ്പെടുത്തുകയും ന്യൂനപക്ഷങ്ങളുടെ നേതൃത്വം കൈയടക്കി വെക്കുകയും ചെയ്തിരുന്നു. ഈ നയം ഇന്നും തുടർന്നുവരികയാണ്. സമുദായമേധാവികളുടെ ഈ കുത്സിതമനോഭാവം തന്നെയാണ് ദിൻ ഇല്ലാഹിയുടെ വളർച്ചക്കും പ്രതിബന്ധം സൃഷ്ടിച്ചത്.

അക്ബർ തുടങ്ങിവിട്ട ഈ വിപ്ലവപ്രസ്ഥാനം ഇന്നും വിടരാത്ത പൂമൊട്ടുപോലെ അവശേഷിക്കുകയാണ്. പലരും അതിന്നനുഗുണമായി പലതും പ്രവർത്തിച്ചു. പക്ഷേ, കാര്യക്ഷമമായ ഒരു പന്ഥാവിൽ ആരുംതന്നെ എത്തിച്ചേർന്നില്ല. അങ്ങിനെ ഇന്നും ആ ചിന്താഗതി തുടരുകയാണ്.

മനുഷ്യസമുദായത്തിന്റെ ഉത്തമ ലക്ഷ്യങ്ങളിൽ അധിഷ്ഠിതങ്ങളാണ് എല്ലാ മതങ്ങളും. ഒരു വിഭാഗം ജനങ്ങളെയെങ്കിലും, സന്മാർഗ്ഗത്തിലേക്കു നയിക്കുന്നതിനു തന്നെയാണ് ഓരോ മതവും ശ്രമിച്ചിട്ടുള്ളത്. ഒററ മതവും ഈ ഭൂമുഖത്തു നിന്നും മറഞ്ഞു പോകാനുള്ളതല്ല. എല്ലാ മതത്തിലും ഉൾക്കൊള്ളിച്ചിട്ടുള്ള എല്ലാ നല്ല വശങ്ങളേയും സ്വീകരിച്ചു ഒററ മതമാക്കി രൂപപ്പെടുത്തണം. മനുഷ്യരാശിക്കാകമാനം അതു ഒരു ഭദ്രദീപമായിരിക്കും. ആ ഭദ്രദീപത്തിന്റെ പ്രകാശമാണ് മനുഷ്യവർഗ്ഗത്തിനു ഇന്നു അത്യന്താപേക്ഷിതം.

സിദ്ധാന്തങ്ങളേയും വിശ്വാസങ്ങളെയും ആചരിക്കാനുള്ള ഒരു പ്രവണത മനുഷ്യവർഗ്ഗത്തിൽ ഇന്നു വളരെ കുറഞ്ഞതാണ് കാണുന്നത്. മാനുഷികമൂല്യങ്ങളെ മണത്തറിയേണ്ട മനുഷ്യൻ ഇന്നു അതിനുള്ള ഉപാധികൾ എന്തെന്നുപോലും ശ്രദ്ധിക്കുന്നില്ല. സമത്വസുന്ദരമായ ഒരു ഭാവി കൈവന്നു കാണാൻ ഇന്നു പലരും ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ടാവാം. പക്ഷേ, സ്വാർത്ഥതാല്പര്യത്തിന്റെ പിന്നിൽ ആ നല്ല ആശയങ്ങളെല്ലാം ചൂളിപ്പോകുന്നു. നൂററാണ്ടുകൾ പിന്നിട്ട മനുഷ്യൻ ആത്മസംസ്കാരം നേടുന്നതിൽ ദയനീയമായി പരാജയപ്പെടുന്നു.

മാനുഷിക മൂല്യങ്ങൾ വിലമതിക്കപ്പെടണമെങ്കിൽ മനുഷ്യൻ അന്യോന്യം സാഹോദര്യത്തോടുകൂടി വർത്തിക്കണം. മനുഷ്യൻ ജാതിക്കുവേണ്ടിയല്ല ജീവിക്കുന്നത്; പ്രത്യുത, ജാതി മനുഷ്യനു വേണ്ടിയാണ്. ജാതിയുടേയും മതത്തിന്റെയും പേരു പറഞ്ഞുള്ള സകല അനാചാരങ്ങളും ദുഷ്പ്രഭുത്വങ്ങളും അവസാനിക്കണം. എല്ലാ ജാതിയും ഒന്നായിത്തീരണം. മനുഷ്യവർഗ്ഗം മുഴുവനും ഒററമതമെന്നോണം വർത്തിക്കണം. അതാണ്, നൂററാണ്ടുകൾ പിന്നിട്ട് സ്പുട്നിക് യുഗത്തിലേക്കു പുരോഗമിച്ച മനുഷ്യനു ഇന്നാവശ്യം.

അക്ബർ ചക്രവർത്തി നാലു ശതവർഷങ്ങൾക്കു മുൻപ് ചൂണ്ടിക്കാട്ടിയതു മനുഷ്യവർഗ്ഗത്തിന്റെ ആ മഹത്തായ ആവശ്യമാണ്.



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

# ഞങ്ങളുടെ ഭാരതപര്യടനം

(പൂവത്തൂർ ശ്രീകൃഷ്ണൻ, IV U. C. B. A.)

മലയാളത്തിലെ മലർക്കാവിൽനിന്നും മധുരസ്മരണകളുമായി മാർ ഈവാനിയോസ് കലാലയത്തിലെ അദ്ധ്യാപകാദ്ധ്യേതൃസംഘം 1958 ഏപ്രിൽമാസം ഏഴാംതീയതി യാത്രയായി ഒരു ഭാരതപര്യടനത്തിന്. നീണ്ട വെളുത്ത നിലയങ്കി ധരിച്ച പ്രിൻസിപ്പലും, അദ്ധ്യാപകരും ജ്ഞാതിവൃന്ദവും ആ സംരംഭത്തിന് ആശിസ്സുകളേകി. ട്രെയിൻ മുന്നോട്ടു പാഞ്ഞു. വേലുത്തമ്പിയുടെ വിപ്ലവകാഹളം പ്രതിധ്വനിച്ച കണ്ടറ കഴിഞ്ഞ് ഞങ്ങൾ ചെങ്കോട്ടയിലെത്തി. പുഷ്പരാഗം വിതച്ച പച്ചപ്പാടങ്ങളും, സാന്ദ്രസംഗീതമുതിർക്കുന്ന വൃക്ഷച്ചോലകളും, പർണ്ണശാലകളെയാവരിക്കുന്ന ലതാനികുഞ്ജങ്ങളും—ആകെക്കൂടി മറവിക്കു മാച്ചുവാനാകാത്ത രംഗങ്ങൾ പിന്നിട്ട് ഞങ്ങളുടെ ട്രെയിൻ തമിഴ്നാട്ടിലേയ്ക്കു പ്രവേശിച്ചു. സന്ധ്യാരാഗത്തിൽ അലിഞ്ഞുചേർന്നുകാണായി, മധുര മീനാക്ഷി ക്ഷേത്രഗോപുരം, തെരുവുകളുടെയും മാളികകളുടെയുമിടയ്ക്ക്. രാത്രിയുടെ ഏകാന്തതയിൽ തൃശ്ശിനാപ്പള്ളിയിലെ വിപുലമായ റയിൽവേസ്റ്റേഷൻ തെളിഞ്ഞുനിന്നു. അങ്ങനെ ഏതാണ്ടൊരുദിവസത്തെ യാത്രയോടുകൂടി ഞങ്ങൾ മദ്രാസിലെത്തി.

## മദിരാശിയിൽ.

ആകെയൊരു പുതുമ നിറഞ്ഞ അന്തരീക്ഷം. ഞങ്ങൾ ഇലക്ട്രിക്ക് ട്രെയിനിൽ നുങ്ങംബാഗം സ്റ്റേഷനിലിറങ്ങി ലയോളാ കാളേജിലേയ്ക്കു കടന്നു. നയനമോഹനമായ ലയോളാ കാളേജും, രക്ഷിഭടന്മാരെപ്പോലെ ചോലമരങ്ങൾ കാവൽ നിൽക്കുന്ന ദേവാലയവും, മഞ്ഞപ്പൂമ്പട്ടു വിരിച്ച നടക്കാവുകളും സർവ്വത്ര പുതുമയുടെ പുളകച്ചാർത്തണിയിക്കുന്ന ദൃശ്യങ്ങൾതന്നെ.

മദിരാശി കാഴ്ചബംഗ്ലാവ്—നല്ലൊരു തടാകവും അതിലൊരു പാലവും. തടാകത്തിലെ ബോട്ടുയാത്ര—അതാണവിടുത്തെ നിറപ്പകിട്ടുള്ള നിമിഷങ്ങൾ. കടൽപ്പുറത്തെയ്ക്കുള്ളൊരു സായന്തന സവാരി ഞങ്ങളിലൊരുത്സവപ്രതീതിയാണുളവാക്കിയത്. ചൈനാബസാർവഴി നടന്ന് ഞങ്ങൾ ഹൈക്കോടതിമന്ദിരത്തിലെത്തി. അതിലെ പ്രധാന ഏടുപ്പിലെ മാളികയത്രെ ലൈററ് ഹൗസ്. കറക്കു ഗോവണിവഴി അതിനു മുകളിലെത്താം. രാത്രിയിൽ കറങ്ങി പ്രകാശിക്കുന്ന ഒരു ആലക്തികദീപമുണ്ടതിനു മുകളിൽ, പട്ടണമാകെ റോന്തു ചുററുന്ന ഒരു പാറാവുകാരനെപ്പോലെ. ഒരഖിലേന്ത്യാ പ്രദർശനപ്പന്തലിന്റെ വലിപ്പത്തിൽ കമ്പോളങ്ങൾ വരിയായിട്ടടുക്കി തരംതിരിച്ച് ഒരു നാലുകെട്ടിൽ കാണുന്നതാണ് മൂർ മാർക്കററ്. ആശുപത്രിഗേററിൽ കാണുന്ന ആ ഡാക്കുരുടെ പ്രതിമ—സേവനത്തിന്റെ സ്മാരകമാണത്. പൊതുജനങ്ങൾ പ്രതിമ സ്ഥാപിക്കുവാൻതക്ക നിപുണനായൊരു ഡാക്കുരുണ്ടായിരുന്നവിടെ—ഞാനൊന്നു നിശ്വസിച്ചു. കാളേജ് വാനിൽ ഗാനങ്ങളാലപിച്ചുകൊണ്ട് ആ സായംസന്ധ്യയിൽ ഞങ്ങൾ വാൾട്ടയർസ്റ്റേഷനിലെത്തി.

## കൽക്കത്തയ്ക്ക്.

വാൾട്ടയറിൽനിന്നും ട്രെയിൻ കയറിയ ഞങ്ങൾക്ക് സഹയാത്രികരുടെ കുടുംബസാമഗ്രികൾ ഒരധികപ്പററല്ലേ? ട്രെയിൻജാലകങ്ങളിലൂടെക്കാണാം നീണ്ടു നിവന്ന നെല്പാടങ്ങളും നീ

ലാകാശത്തിലേയ്ക്ക് തലയുയർത്തി നിൽക്കുന്ന പൂർവ്വപർവ്വതവും. ഗോദാവരി കടക്കുന്ന ട്രെയിൻ രണ്ടുമൈലോളം പാലത്തിലാണ്. വിജയനഗര സംസ്കാരം വിജയക്കൊടി പാറിച്ചിരുന്ന നാട്ടിൽ അദ്ധ്വാനിക്കുന്ന ജനവിഭാഗം കൗപീനമാത്രധാരികളായി തലക്കെട്ടും കെട്ടി പാടത്തു പണിയെടുക്കുന്ന കാഴ്ച കാണാം. ഞങ്ങളുടെ വണ്ടി മൂന്നു മൈലോളം വരുന്ന പാലത്തിലൂടെ മഹാനദി കടക്കുകയായി. ചമതയും എരുക്കും പാച്ചെടിയും മറവും നിരന്നു കാണാം പരമഹംസന്റെയും വിവേകാനന്ദന്റെയും നാട്ടിൽ. കാരിരുമ്പിന്റെയും കായബലത്തിന്റെയും കണക്കുകൂട്ടലിൽ കട്ടനിണംപാറിയ കറുത്ത മണ്ണിലൂടെ ഞങ്ങൾ കൽക്കത്തയ്ക്കു തിരിച്ചു. ജാലകങ്ങളിലൂടെക്കാണാമങ്ങു വിദൂരതയിൽ, മാളികകളുടേയും വ്യവസായസ്ഥാപനങ്ങളുടെയുമിടയിൽ, ഹൗറാപ്പാലത്തിലെ അലൂമിനിയനിറത്തിലുള്ള കാരിരുമ്പുഗോപുരം.

## കാളിഘട്ടത്തിൽ.

വംഗനാട്ടിലെ സെൻറ് സേവിയേഴ്സ് കോളജ് മാളിക ഞങ്ങൾക്ക് സ്വാഗതമരുളി. സ്തൂപികാഗ്രദീപിതമായ സൗധങ്ങൾ, ട്യൂബ്ലൈററിൽ കുളിയ്ക്കുന്ന മണിമേടകൾ, അങ്ങനെ നാഗരികതയുടെ നാഡീസ്പന്ദനംപോലെ പരിഷ്കൃതജനതയുടെ വിഹാരരംഗമാണവിടം, ഞങ്ങൾ റുമേനിയൻ ആർട്ട് ഗ്യാലറിയിലെത്തി. ചിത്രങ്ങൾ, പ്രതിമകൾ, ശില്പകലാവിഹാരങ്ങൾ തുടങ്ങി പാടവമുള്ള മിഴിയ്ക്കുത്സവമായ അമൂല്യസമ്പത്തുകൾ! ഒരു ബിംബത്തിനെതിരെ സ്ഫടികസമാനമായ കുളിർക്കൽത്തറയിലൊരു കലാരസിക, കരിമിഴികൾ നട്ട കടലാസ്സിൽ കരാംഗുലികൾ കുറിയ്ക്കുന്ന രേഖകൾ!—അതേ, തിലസുമനാസികയും തിളങ്ങുന്ന നയനങ്ങളും നിറഞ്ഞുതുളുമ്പുന്ന യുവത്വവും—അവൾ കടലാസ്സിലേയ്ക്കു പതിയ്ക്കുകയായിരുന്നു.

ഹൂഗ്ലീക്കപ്പൽത്താവളത്തിൽനിന്നും വിക്ടോറിയാ സ്മാരകമന്ദിരത്തിലെത്താം. ബ്രിട്ടീഷ് രാജ്യവാഴ്ചയുടെ അധികാരവും അന്തസ്സും ആകാരം പൂണ്ടതാണവിടം. പ്രതിമകളും ചിത്രങ്ങളും ചരിത്രരേഖകളുമുണ്ടവിടെ. വെണ്ണക്കല്ലിലുള്ള വിദ്യാസാഗരന്റെയും തിലകന്റെയും പ്രതിമകൾ വീഥിവക്കിൽകാണാം. കിഴക്കൻ റയിൽവേ ശതവത്സരാഘോഷത്തിൽ കാണായ കലാപരിപാടികൾ നാടൻകലകളുടെ അരങ്ങേറ്റമത്രേ! സാഗരഗേഹം പൂകുന്ന ഗംഗയിൽ ബോട്ടു നങ്കൂരങ്ങൾ കാണാം ഹൗറാപ്പാലത്തിൽ നിന്നാൽ; സ്നാനത്തിനിറങ്ങിയ കരിവീരന്റെ മസ്തകംപോലെ. പാലത്തിനരികിലെ ക്ഷേത്രക്കടവും ഭക്തജനങ്ങളും ആകെ ശബ്ദായമാനമായ രംഗങ്ങൾ തന്നെ. പാലത്തിനക്കരെനിന്നും ഏതാണ്ടൊരാറു മൈൽ പോയാൽ ബൊട്ടാണിക്കൽ ഗാർഡനിലെത്താം. പടർന്നു പന്തലിച്ച ദേവതാരുക്കളും ആമ്പൽപ്പൊയ്കകളും നദീതീരത്തോളം നീണ്ടു നിവർന്നു കിടക്കുകയാണ്. ഇരുനൂറു വയസ്സുള്ളൊരാൽമരം ശാഖോപശാഖകളും ഊന്നുവേരുകളും നിലത്തൂന്നി ഏതാണ്ടൊരു ചതുരശ്രമൈൽ സ്ഥലം മുഴുവൻ നിഴൽപ്പട്ടിനാൽ കൂടാരം തീർത്തിരിയ്ക്കുകയാണ്. കേരളത്തിന്റേതായ കരിക്കുണ്ട് അവിടുള്ള പാനീയക്കടയിൽ. ഞങ്ങൾ ബസ്സിൽ മടങ്ങി 'ലൈററ് ഹൗസ്' തിയേററിൽ സിനിമയ്ക്ക്. ശീതോഷ്ണങ്ങൾ ക്രമപ്പെടുത്തിയ സിനിമാശാലയിൽ വെളിയിലോട്ട് റിക്കാർഡ്സംഗീതമില്ല. മായാദീപരംഗങ്ങൾ മനോമുകുരത്തിൽ സ്വപ്നങ്ങൾ നെയ്യുകയായിരുന്നു.

ഡംഡം വിമാനത്താവളത്തിലേക്കായിരുന്നു പിന്നത്തെ യാത്ര. വഴിയ്ക്കുള്ള ജൈനക്ഷേത്രത്തിൽ ഞങ്ങളിറങ്ങി. വിശാലമായ ഉദ്യാനവും തടാകവും തരണംചെയ്ത് കല്പടി കയറിയാൽ കാണാം ഇരുനിലയിലുള്ള പ്രതിഷ്ഠാമന്ദിരം. പാദുകമൂരി ഞാൻ അകത്തു പ്രവേശിച്ചു.

വെള്ള മാർബിൾ കൊണ്ടുള്ള ശാലയിൽ കതിരു മണ്ഡപംപോലുള്ള ശ്രീകോവിലിലുണ്ട് സുവർണ്ണനിർമ്മിതമായ മഹാവീരപ്രതിമ. നടയിലൊരു സിക്കുവനിതയും കൊച്ചുമകനും സാമ്പ്രാണിയും ഗോതമ്പും വച്ച് ആരാധിക്കുകയായിരുന്നു. തിരികെ ഞങ്ങൾ വിമാനത്താവളത്തിലെത്തി, വീക്ഷണശാലയും മറ്റും ചുറ്റിക്കണ്ടു. പിന്നെ ഷാംബസ്സാറിൽ വന്ന് ചൗരംഗീസ്ട്രീറ്റിലെത്തി. സായംസന്ധ്യയോടുകൂടി ഞങ്ങൾ ഇൻഡ്യൻ റെയിൽവേയുടെ സൂതികാഗൃഹമായ ചിത്തരഞ്ജനിലേക്ക് പോകാൻ അസൻസോളിലേക്ക് യാത്രയായി.

## ചിത്തരഞ്ജനിലേയ്ക്ക്

കരിയും പുകയും വമിച്ചുകൊണ്ട് ട്രെയിൻ മുന്നോട്ടു കുതിച്ചു. വഴിയ്ക്കുവച്ച് കുറേ വേലക്കാർ ഞങ്ങളുടെ മുറിയിൽ വന്നുകയറുകയായി. ഭൂതകാലത്തിന്റെ ഏടുകളിൽ കാണാവുന്ന 'കാമരൂപ'ത്തിലെ ഭടനായകന്മാരെപ്പോലുള്ള അവർ റയിൽവേ ജോലിക്കാരാണത്രേ. അസൻസോളിൽ ചെന്നാൽ ട്രെയിൻ മാറിക്കയറണം ചിത്തരഞ്ജനിലേക്ക്. കാറിക്കാടുകൾക്കിടയിൽ കല്ക്കരി പതിയിരിക്കുകയാവാം. ഇരുട്ടു കീറിക്കൊണ്ട് കാട്ടുതീപോലെ കത്തിജ്വലിക്കുന്ന ദീപശിഖകൾ കണ്ട് ഒരു സുഹൃത്ത് ഓർമ്മിപ്പിച്ചു, കല്ക്കരിഖനിയിൽനിന്നും വരുന്ന അധികവാതകം കത്തിച്ചുകളയുന്നതാണതെന്ന്. പ്രഭാതം പറന്നെത്തി. ഞങ്ങൾ ചിത്തരഞ്ജൻ സ്റ്റേഷനിലിറങ്ങി ഏതാണ്ടൊരു വിളിപ്പാടു നടന്നപ്പോൾ ഒന്നുരണ്ടു പലഹാരക്കടകളും ഒരു പെട്രോൾക്കമ്പനിയും ചില്ലറ വണ്ടിക്കടകളുമുള്ള ഒരു കവലയിൽ ചെന്നുചേർന്നു. ഞങ്ങൾ നടന്നു, മണ്ണിനോടു മാനം തൊടുന്നിടത്തു ഫാക്ടറിക്കെട്ടിടങ്ങൾ കണ്ടുകൊണ്ട്. അങ്ങനെ ആഫീസിലെത്തി. സി. ആർ. ദാസ്സിന്റെ ഒരു അർദ്ധകായ പ്രതിമയുണ്ടവിടെ മാല്യങ്ങളണിഞ്ഞ്.

രാഷ്ട്രപതി രാജേന്ദ്രപ്രസാദ് ഉൽഘാടനം ചെയ്ത ആ യന്ത്രശാലാനഗരം ഏതാണ്ടൊരേഴു ചതുരശ്രമൈൽ ഉണ്ടത്രേ. തീവണ്ടിശകലങ്ങൾ മൂശയിലുരുകുന്നതുമുതൽ പൂർണ്ണാകൃതിയെ പ്രാപിക്കുന്നതുവരെ കാണാമവിടെ. കണ്ണഞ്ചിപ്പിക്കുന്ന ആ പ്രകാശം ഉരുക്കുപാളികളിൽ സുഷിരങ്ങളിടുന്നതാണ്. മനുഷ്യനും യന്ത്രവും ശക്തിയുമായൊരു അഗ്നിപരീക്ഷയാണവിടെ. അനന്തരം ഞങ്ങൾ മൈത്താൻ പ്രോജക്ടിൽ (ദാമോദർവാലി അണക്കെട്ടിൽ) എത്തി. മലയാളികളായ കൂട്ടുകാരൊത്ത് അണക്കെട്ടും തുരങ്കവും ഭീമമായ യന്ത്രസാമഗ്രികളും സന്ദർശിച്ചു. സുഹൃത്തുക്കളുടെ ക്യാമ്പുവഴി രാത്രിയിൽ ഞങ്ങൾ അസൻസോളിലെത്തി ബനാറസ്സിലേക്ക് ട്രെയിൻ കയറി.

## ബനാറസ്സിൽ

അസൻസോളിൽ രജനിയുടെ വക്ഷസ്സിലൂടെ നീങ്ങിയ ട്രെയിൻ പ്രഭാതമായപ്പോൾ ചരിത്രപ്രസിദ്ധമായ പാടലീപുത്രം തരണംചെയ്തു. മഗധാധിപതിയും ചാണക്യനുമെല്ലാം ദിവാസ്വപ്നംപോലെന്റെ സ്മൃതിപഥത്തിലുയർന്നു. പുരാണപ്രസിദ്ധങ്ങളായ പ്രദേശങ്ങളും പഴമയുള്ള പ്രാസാദങ്ങളും പിന്നിട്ട് ഓരോരോ ദേശം കടന്ന് കാശിയിൽ ചെന്നുചേർന്നു. തൊട്ടടുത്ത ബനാറസ് സ്റ്റേഷനിലിറങ്ങി ഞങ്ങൾ ചാപ്പലിലെത്തി. ബംഗാളി-പാശ്ചാത്യരീതികളിലാണ് റയിൽവേസ്റ്റേഷനിൽ ആഹാരം. സാരനാഥം, സാഞ്ചിസ്തൂപം, ബുദ്ധജൈനക്ഷേത്രങ്ങൾ ഇവ ചുറ്റിക്കണ്ടു ആ വൈകിയ സായന്തനവേളയിൽ. സ്വർണ്ണത്തിലുള്ള ബുദ്ധവിഗ്രഹവും ബുദ്ധന്റെ ജീവിതസംക്ഷേപരേഖകളും അവിടെക്കാണാം.

ചാപ്പലിൽ നിന്നും ഗംഗാതീരത്തേയ്ക്ക് ഏപ്രിൽ പതിനേഴാം തീയതി വ്യാഴാഴ്ച പ്രഭാതത്തിൽ ഞങ്ങൾ യാത്രയായി. സൈക്കിൾ റിക്ഷായിൽ കാശിയിലെത്തി. പുരാതന പട്ടണം, ഇടുങ്ങിയ തെരുവീഥികൾ, പഴയ പ്രാസാദങ്ങൾ; എന്റെ ചിന്തകൾ കാശിയിലെവിടെയോ ഉള്ള

MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

സാന്ദീപനിയുടെ വിദ്യാലയോപാന്തത്തിലെത്തി. റിക്ഷ നിന്നു. ക്ഷേത്രമാണെങ്കിൽ വലിയ ഗോപുരവും വിശാലമായ കല്പടികളും സമുന്നതമായ കൊടിമരവും മററും കാണേണ്ടതല്ല! മാർബിൾ കൊണ്ടുള്ള വാതിലിൽ വെള്ളിക്കതകുകൾ കാണാം. നിലത്തെ മാർബിൾ കല്ലുകളിലുള്ള വെള്ളിത്തുട്ടുകൾ കാൽപ്പെരുമാററത്താൽ തേഞ്ഞു കഴിഞ്ഞിട്ടുണ്ടു്. ശ്രീകോവിലിന്മുകളിൽ തങ്കത്താഴികക്കുടവും ധ്വജവും വച്ച സ്വർണ്ണ ഗോപുരം കാണാം. വെണ്ണക്കല്ലിലുള്ള ശ്രീകോവിൽ മദ്ധ്യത്താണു് ഗംഗാജലവും പുഷ്പവും കൊണ്ടാറാടുന്ന കൃഷ്ണശിലയിലുള്ള വിശ്വനാഥവിഗ്രഹം. നാലമ്പലത്തിൽ അന്നപൂർണ്ണ, ഗണപതി, സുബ്രഹ്മണ്യൻ, മഹാവിഷ്ണു എന്നീ മാർബിളിലുള്ള ഉപദേവന്മാരോടൊപ്പം കട്ടി സ്വർണ്ണത്തിൽ ക്ഷേത്രസ്ഥാപിക അഹല്യാറാണിയുടെ പ്രതിമയും വേഷഭൂഷാദികളും പുഷ്പങ്ങളുമണിഞ്ഞു് നിലകൊള്ളുന്നു. ഞങ്ങൾ ഗംഗാഘട്ടത്തിലിറങ്ങി, മണികർണ്ണിക തുടങ്ങിയ സ്നാനഘട്ടങ്ങൾ കാണാൻ.

ഉച്ച കഴിഞ്ഞു് ബനാറസ്സ് ഹിന്ദുയൂണിവേഴ്സിററിയിലേയ്ക്കായിരുന്നു യാത്ര. കാഷായവർണ്ണത്തിലുള്ള മണിമന്ദിരങ്ങൾ ചുററി പാതകൾ ഏകോപിപ്പിക്കുകയാണു്, മദ്ധ്യത്തുള്ള വിശ്വനാഥക്ഷേത്രത്തിൽ. മാളവ്യജിയുടെ കഴിവും മിഴിവും രൂപം പൂണ്ടതാണു് ആ സരസ്വതീമന്ദിരമെങ്കിൽ ബിർളായുടെ ധനവും മഹാമനസ്കതയും പടുത്തുയർത്തിയതാണാക്ഷേത്രം. മടങ്ങി ചാപ്പലിൽ വന്നു് അലഹബാദിലേയ്ക്കു ഞങ്ങൾ ട്രെയിൻ കയറി.

## അല്ലഹബാദിൽ.

രാത്രിയുടെ ഏകാന്തത ഭഞ്ജിക്കുന്ന ട്രെയിനിന്റെ ആരവങ്ങൾക്കുമപ്പുറത്തു് കൂരിരുട്ടിൽ മാളികകൾ മൂകമായുറങ്ങുകയാണു്. പുലർകാലമായപ്പോഴേയ്ക്കും സ്റ്റേഷനിൽ നിന്നും ഞങ്ങൾ ടോംഗയിൽ നഗരത്തിലേക്കു പോയി. പുരാതന കെട്ടിടങ്ങളും തെരുവുകളും ഇടതൂർന്ന വീഥിയിൽ കാണാം കാളയേയും പോത്തിനേയും കെട്ടുന്ന ഭാരവണ്ടികൾ. യമുനാതീരത്തിലൂടെയായി പിന്നെ യാത്ര. ടോംഗ നിറുത്തി ത്രിവേണിയിലേയ്ക്കു ഞങ്ങൾ ബോട്ടുകയറി. "മരതകത്തൊട്ടിലിൽ മലയാഴികൾ താരാട്ടു"ന്ന കേരളഗാനം യമുനാതരംഗങ്ങളേററു പാടി. നദിയുടെ കരയിലുണ്ടു് അശോക കൊട്ടാരവും കോട്ടകൊത്തളങ്ങളും. കോട്ട മതിലിൽ കാവി പൂശിയ അശോകചക്രം ഇന്നും കാണാം: ഗംഗയിലെ തെളിഞ്ഞ ജലവും യമുനയിലെ നീലജലവും തമ്മിൽ സമ്മേളിക്കുകയാണു് ത്രിവേണിയിൽ. ഹർഷചക്രവർത്തി ദാനമേള നടത്തിയ ആ പുളിനത്തിൽ ഞങ്ങളിറങ്ങി. വൃന്ദാവനം തഴുകി വന്ന യമുനാകല്ലോലങ്ങൾ അഭിവാദനങ്ങളർപ്പിച്ചു ചിരിച്ചു കൊണ്ടു മടങ്ങി. അലഹബദ് യൂണിവേഴ്സിററി മന്ദിരം വഴി ഞങ്ങൾ ആനന്ദഭവനിൽ പ്രവേശിച്ചു. പച്ചപ്പുൽമേടുകളും പൂന്തോട്ടവും പരമശിവപ്രതിമയുമുണ്ടു് സ്തൂപികാ മകുട ശോഭിതമായ ആ മാർബിൾ മാളികയ്ക്കരികിൽ. പണ്ഡിതജിയ്ക്കു കിട്ടിയ സർട്ടിഫിക്കേററുകളും സമ്മാനങ്ങളും കാണാം അലഹബാദ് മ്യൂസിയത്തിൽ. അവിടെ ദന്തത്തിലുള്ള ഒരു പാർത്ഥസാരഥിശില്പമുണ്ടു്, വിഗ്രഹങ്ങളുടെയും ചിത്രങ്ങളുടെയും കൂട്ടത്തിൽ.

## താജിന്റെ നാട്ടിൽ.

അലഹാബാദ് സ്റ്റേഷനിൽ നിന്നും ഞങ്ങൾ ആഗ്രായ്ക്കു് ട്രെയിൻ കയറി. തുണ്ഡലാ സ്റ്റേഷനിൽ നിന്നും വണ്ടി മാറിക്കയറണം ആഗ്രായ്ക്കു്. ചക്രവാളരേഖവരെ കാണാം ഇരുവശവും വിശാലമായ കുററിക്കാടുകളും കാററാടി മരങ്ങളും. യമുനാപ്പാലം കടന്ന ട്രെയിനിലെ ജാലകങ്ങളിലൂടെ നദിയിൽ കാണായി സ്തൂപിക വച്ചൊരു മണ്ഡപം. റയിൽവേസ്റ്റേഷനിൽ സ്നാനാഹാരാദികൾ കഴിച്ചു് ഞങ്ങൾ ആഗ്രായുടെ അന്തഃപുരത്തിലേക്കു് ടോംഗ നയിച്ചു. ചരിത്ര

പ്രസിദ്ധങ്ങളായ സ്മാരക മന്ദിരങ്ങളും തകർന്ന കോട്ടകൊത്തളങ്ങളും അങ്ങിങ്ങായി ഗംഗാ നിറത്തിയാൽ ഇറങ്ങി കാണാം. ത്രിവർണ്ണ പതാക പാറിക്കളിക്കുന്ന ആഗ്രാക്കോട്ടയ്ക്കുള്ളിൽ സ്ത്രൂപിക വച്ച മാളികകളും അന്തഃപുരങ്ങളും തങ്കത്താഴികക്കുടങ്ങൾ വച്ച പള്ളികളും രാജമണ്ഡപങ്ങളും കാണാം. മാർബിൾ കൊണ്ടൊരു നാകലോകമാണവിടം. ജുമാമസ്ജിത്, മോത്തിമസ്ജിത് രംഗ്മഹാൾ, ജഹാംഗിരി മഹാൾ ഇവ കൊത്തുപണിയുടെ കേളീരംഗമാണ്. സ്നേഹമൂകമായ അന്തരീക്ഷത്തിൽ കാരുണ്യത്തിന്റെ കൈത്തിരിയുമായി വന്ന കേരളത്തിന്റെ സന്ദേശവാഹകർ യമുനയുടെ മറുകരയിൽ കണ്ടെത്തിയത്, നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരിൻഡ്യാ ചക്രവർത്തി തന്റെ പ്രാണപ്രേയസി അന്ത്യവിശ്രമം കൊള്ളുന്ന ആ മോഹനസൗധത്തെ നോക്കി നെടുവീർപ്പിടുന്നതാണ്. പച്ചക്കുന്നുകൾ പിന്നിട്ട് ആററിലെ പാലം വഴി ദർഗ്ഗയിൽ താജിന്റെ കവാടത്തിലെത്താം. അരുണവർണ്ണമായ സിംഹദ്വാരങ്ങളും പൂവാടിയും വെള്ളച്ചാട്ടങ്ങളും മാർബിൾ ഗോവണികളും പിന്നിട്ടാൽ താജിന്റെ മന്ദിരമായി. പ്രവേശനദ്വാരത്തിലെ സിംഹകവാടത്തിലുള്ളത് അറബി അക്ഷരത്തിലുള്ള ഖുർആൻ വേദസാരങ്ങളത്രേ. ഷാജഹാന്റെയും മുംതാസ് മഹാളിന്റെയും കുടീരങ്ങളുള്ള ഹാൾ സൂക്ഷിപ്പുകാരൻ മോദീൻ ബാങ്ക് വിളിച്ചത് കുറേ നേരത്തെയ്ക്കു ശോഷനാദത്തോടെ പ്രതിധ്വനിച്ചു. രത്നപ്രഭയിൽ കാണേണ്ട അടിക്കല്ലറയും രാജകീയ കുടീരങ്ങളും റാന്തൽ വെളിച്ചത്തിലാണ് ഇന്ന് കാണുന്നത്. സന്ധ്യാരാഗത്തിൽ അലിഞ്ഞുചേർന്ന താജും മനവുമായി ഞങ്ങൾ മടങ്ങി. സൂര്യോദയത്തോടുകൂടി ദില്ലിപട്ടണോപാന്തത്തിലെത്തി.

## ന്യൂഡൽഹിയിൽ.

ഭാരതത്തിന്റെ ധാരാനഗരിയിൽ ഞങ്ങളെത്തിച്ചേർന്നു, ഏപ്രിൽ മാസം ഇരുപതാം തീയതി പ്രഭാതത്തിൽ. മാർബിൾ പതിച്ച അച്ചുസ്ഫടികമയമായ ക്ലാസ്സുമുറികളുള്ള സെയിന്റ് കൊളംബാ ഹൈസ്കൂൾ ദില്ലിയിൽ ഞങ്ങളുടെ ക്യാമ്പായിരുന്നു. സ്കൂൾവാനിൽ അക്ബർ കുടീരം, ഹുമയൂൺ കുടീരം ഇവ പിന്നിട്ട് കുട്ടബ് മീനാറിലെത്തി. ചരിത്രവസ്തുക്കൾ ചിതറിയ പൂന്തോട്ടത്തിലുണ്ട് ആനന്ദത്തിമിർപ്പിന്റെ ആലക്തികപ്രവാഹം. 377-കരക്ക ഗോവണിപ്പടികൾ വഴി സ്തംഭത്തിന്റെ ഏഴാമത്തെ നിലയിലെത്താം. സ്തംഭമാകെ അറബി അക്ഷരങ്ങളിടകലർന്ന കൊത്തുപണിയാണ്. ആധിപത്യം കൈയടക്കിയ അടിമരാജാക്കന്മാരുടെ രക്തപങ്കിലമായ കൊടിമരമാണ് ആ ശോണിമയാർന്ന സ്തംഭം. രാമലീല സ്ക്വയർ വഴി ഞങ്ങൾ 'ചെങ്കോട്ട'യിലെത്തി. അകത്തുണ്ട് ആഗ്രയിലെപ്പോലെ ജുമാമസ്ജിത്, മോത്തിമസ്ജിത്, രംഗ്മഹാൾ, ജഹാംഗീരി മഹാൾ തുടങ്ങിയ പ്രാസാദങ്ങൾ. ബ്രിട്ടീഷ് പട്ടാളത്തിന്റെ ആയുധ പ്രദർശനശാലയാണ് അംബനഗേററിനു മുകളിലെ ഹാൾ. അതിനകത്ത് ദിവാനിആം ദിവാനിഖാസ് തുടങ്ങിയ മാർബിളും വെള്ളിയും കൊണ്ടുള്ള രാജമണ്ഡപങ്ങളും തങ്കത്താഴികക്കുടങ്ങൾ വച്ച പള്ളികളും ശീതോഷ്ണങ്ങൾ വേറിട്ട നീരാഴിയും—അങ്ങനെ കാലത്തിന്റെ കാല്പാടുകൾ! മയൂരസിംഹാസനം സ്ഥിതി ചെയ്ത കുളിർകല്ത്തറ കാണാമവിടെ ആ രാജമണ്ഡപത്തിൽ, ചന്ദ്രനില്ലാത്ത രാത്രി പോലെ.

വിശാല വീഥികളും മണിമന്ദിരങ്ങളും പിന്നിലാക്കിക്കൊണ്ട് ഞങ്ങൾ ബസ്സിറങ്ങി ഒരു ദിക്കിൽ—ഭാരതത്തിന്റെ ആധ്യാത്മവിദ്യാലയമായ രാജഘട്ടത്തിൽ. മാർബിൾ പതിച്ച കുളിർകൽത്തറയല്ല, സിമന്റിട്ട സമാധിപീഠമാണത്. പക്ഷേ, ഗാന്ധിസൂക്തങ്ങളവിടെ ആധ്യാത്മികത പരത്തുന്നുണ്ട്. വീഥിവക്കിലുള്ള സിംഹകവാടം കയറിച്ചെല്ലുന്നതാണ് ലക്ഷ്മീനാരായണക്ഷേത്രം അഥവാ ബിർളാമന്ദിർ. പുരാണകഥാപാത്രങ്ങളും പൂങ്കാവനങ്ങളും അവയ്ക്കിടയിലൂടെ പൊങ്ങിമറി

MAR IVANIOS COLLEGE LIBRARY
DIGITAL REPOSITORY

യുന്ന ജലധാരകളുമാകെ അവിടമൊരു ഇന്ദ്രലോകത്തിന്റെ പ്രതീകമെന്നു തോന്നും. ഇൻഡ്യാഗേററ് കയറിച്ചെന്നാൽ ദില്ലിയിലെ ഹൃദയഭാഗമുണ്ട് രാഷ്ട്രപതിമന്ദിരം, പാർലമെൻറ് മന്ദിരം അങ്ങനെ ഭാരതത്തിന്റെ ഹൃദയസ്പന്ദനങ്ങൾ. ഭീമാകാരമായി ഇൻഡ്യാഗേററിനു വെളിയിലുള്ള വെള്ളച്ചാട്ടങ്ങൾ രക്ഷിഭടന്മാരെപ്പോലെ ചക്രവർത്തിപ്രതിമയ്ക്കു അകമ്പടി സേവിക്കുകയാണ്. കാഷായനിറത്തിലുള്ള ആ കേന്ദ്രസെക്രട്ടറിമന്ദിരത്തിലാണ് ധാരാസഭ മുതലുള്ള ഭാരതത്തിന്റെ ഭാഗ്യചക്രങ്ങൾ. പ്രധാനമന്ത്രിയുടെ ഭവനം, അശോകാഹോട്ടൽ എന്നിവ തരണം ചെയ്ത് ഞങ്ങൾ മടങ്ങി. കൽക്കത്തയിലെപ്പോലെ പച്ച, മഞ്ഞ, ചുവപ്പ് നിറങ്ങളിലുള്ള ലൈററ് ട്രാഫിക്ക് സ്റ്റാപ്പുണ്ട് കവലകളിൽ. പഴയ ദില്ലി റയിൽവേസ്റ്റേഷനിൽ നിന്നും പത്താൻകോട്ടേയ്ക്കു ഞങ്ങൾ ട്രെയിൻ കയറി കാശ്മീരിലേക്കു പോകാൻ.

## ഗാന്ധാരദേശത്തേയ്ക്ക്

രാത്രിയുടെ ഏകാന്തതയിൽ ദില്ലിയും പരിസരങ്ങളും പിന്നിലാക്കിക്കൊണ്ട് ഗോതമ്പുമണികൾ പവിഴം വിതറുന്ന പഞ്ചാബിലൂടെ ഞങ്ങൾ പത്താൻകോട്ടേക്കു ഗമിച്ചു. പിറേറ ദിവസം പ്രഭാതമായപ്പോൾ പത്താൻകോട്ട് റയിൽവേസ്റ്റേഷനിലിറങ്ങി. പിന്നീട് ബസ്സിലാണ് യാത്ര ശ്രീനഗറിലേക്ക്. കുഗ്രാമങ്ങൾ കടന്ന് ചൂനാർമരങ്ങൾ തിങ്ങിയ കുന്നുകൾവഴി റാവി, ചീനാബ് നദികളിലെ ഇരട്ടപ്പാലങ്ങൾ തരണം ചെയ്ത് ഞങ്ങളുടെ ബസ്സ് വളഞ്ഞുപുളഞ്ഞ്, മാനസസരസ്സും മഹാമേരുവും കാണാനെന്നവിധം, മേല്പോട്ട് കയറി. വഴിയിൽ പള്ളികളും, പുൽമാടം പോലുള്ള പഹാടി വീടുകളും, ഒപ്പം പട്ടാളത്താവളങ്ങളുമുണ്ട്. ഉച്ചയ്ക്ക് ജമ്മുവിലെ ഡാക്ക്ബംഗ്ലാവിൽ വിശ്രമിച്ചശേഷം ഞങ്ങൾ യാത്ര തുടർന്നു. വഴിയ്ക്കൊരു കവലയിൽ പാസ്പോർട്ട് പരിശോധിക്കുകയായി. ഹിമവാന്റെ ഉത്തുംഗശൃംഗങ്ങളിലൂടെ, പാറക്കൂട്ടങ്ങളും പൈൻവൃക്ഷങ്ങളും, പതഞ്ഞൊഴുകുന്ന അരുവികളും തരണം ചെയ്ത് സന്ധ്യയായപ്പോൾ ഞങ്ങൾ ത്ധലം നദിയുടെ കരയിലുള്ള ബെനിഹാളിലെത്തി. രാത്രിയിൽ ബസ്സ്‌യാത്ര ഇല്ലാത്തതിനാൽ വിശ്രമമാണന്ന്. മരം കോച്ചുന്ന തണുപ്പാണവിടെ. പ്രഭാതമായതോടെ ഞങ്ങൾ പർവ്വതശൃംഗങ്ങളെ പ്രദക്ഷിണം വച്ച് വീണ്ടും ഹിമവാന്റെ നെറുകയിലെത്തി. മഞ്ഞു മൂടിക്കിടക്കുകയാണവിടെ ഞങ്ങളുടെ ബസ്സ് ഒരു തുരങ്കം കടന്നപ്പോൾ. കുമിഞ്ഞുകൂടിയ മഞ്ഞുമലയിൽ കയറിനിന്നാൽ കേൾക്കാം ചിന്താമൂകമായൊരു മൗനസംഗീതം. ഞങ്ങൾ താഴ്‌വരയിലേയ്ക്കിറങ്ങി വെരിനാഗിലെത്തി—ത്ധലം നദിയുടെ ഗർഭഗൃഹത്തിൽ. ഷാജഹാനും ജഹാംഗീറുംകൂടി ആ പുഷ്കരണീപരിസരം ഒരു പൂവനമാക്കി. മഞ്ഞണിഞ്ഞ ഹിമവൽശൃംഗങ്ങൾ ചക്രവാളത്തിലവശേഷിപ്പിച്ചുകൊണ്ട് ഞങ്ങൾ ശ്രീനഗറിന്റെ പുരോഭാഗത്തെത്തി.

## ശ്രീനഗരത്തിൽ

ശ്രീനഗറിൽ തടാകങ്ങളും തോടുകളും വരിവരി നിൽക്കുന്ന പൈൻവൃക്ഷങ്ങളുംകൂടി സമ്മേളിയ്ക്കുകയാണ്. ത്ധലംനദിയിലെ ഹൗസ്ബോട്ട്—നാഗരികതയുള്ളൊരു നൗകാഗൃഹമാണത്. നദിയിൽ കരയടുപ്പിച്ച് കാണാം വരിയിട്ട വിൻസർ, നൂർജഹാൻ ആദിയായ പല ബോട്ടുകൾ. കാശ്മീരിലാണ് ഷാജഹാന്റെയും ജഹാംഗീറിന്റെയും കലാകുശലത കരുപ്പിടിപ്പിച്ചിരിക്കുന്ന മുഗളപ്പൂന്തോട്ടങ്ങൾ. പന്ത്രണ്ടു തട്ടുകളിലായി പച്ചവിരിച്ച് പൂന്തണലിട്ട പൂന്തോട്ടമാണ് നിഷാദ് പാർക്ക്. ഷാലിമാറിലുണ്ട് ഷാജഹാന്റെ അന്തഃപുരങ്ങളും മണ്ഡപങ്ങളും—അങ്ങനെ മാർബിളിലുള്ള മണിയറകൾ. റിയാസത്തിന്റെ കൊട്ടാരവും, മന്ത്രിമന്ദിരവും, പണ്ഡിതജിയുടെ വസതിയും റോഡരികിൽ കാണാം. നഗരമദ്ധ്യത്തിലായിട്ടൊരുന്നതമലയിലാണ് ശ്രീശങ്കരാചാര്യക്ഷേത്രം. ധവളഗിരി

(ശേഷം 47-ാം പേജിൽ)

# ഞാൻ വിഭാവനംചെയ്യുന്ന നഗരോദ്യാനം

(കെ. ശേഖരൻ, IV B. Sc.)

പ്രകൃതിരമണീയതയുടെ പരിലാളന പരിലസിക്കുന്ന കൊച്ചുപച്ചക്കാടുകൾക്കിടയിൽ, പ്രപഞ്ചൈകതയാകമാനം കോൾമയിർക്കൊള്ളിക്കുമാറുള്ള വികാരവിശേഷങ്ങളെ ഉത്തേജിപ്പിക്കുവാൻ പര്യാപ്തമായ ഒരു പൊയ്കയിൽ പൂത്തു പൊലിഞ്ഞു നിൽക്കുന്ന വൃക്ഷങ്ങളുടെ വാസന്തിക സൗകുമാര്യത്തെ അതിലംഘിച്ചു് തണ്ണീർത്തത്തയിൽ നൃത്തംവച്ചുകൊണ്ടു്, മന്ദമാരുതനിൽ ചാഞ്ചാടിക്കൊണ്ടിരിക്കുന്ന കോമളസിതപങ്കജങ്ങൾ. മതിൽക്കെട്ടുകൾക്കുള്ളിൽ, തെരുവീഥികളുടെ ഇരുവശങ്ങളിലും വാനോടൊപ്പം ഉയർന്നുനിൽക്കുന്ന മനോഹരമായ മണിമേടകളെക്കൊണ്ടു് മായാപ്രപഞ്ചം സൃഷ്ടിക്കുന്ന നഗരത്തിൽ, രാജപാതകളിലൂടെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യസഞ്ചയങ്ങളേയും ഇതരവാഹനങ്ങളേയും പിന്നിട്ടുകൊണ്ടു് മിന്നൽവേഗത്തിൽ മത്തുപിടിച്ചു കുതിരകളെപ്പോലെ പായിച്ചുപോകുന്ന കാറുകൾ—ഇവ ഒരു സ്വാതന്ത്ര്യമനുഷ്യന്റെ ഹൃദയത്തിൽ ജനിപ്പിക്കുന്ന ചിന്താവിശേഷങ്ങൾ നിസ്സന്ദേഹമായും വ്യത്യസ്തങ്ങളായിരിക്കും. ഒരിടത്തു് അവൻ ദർശിക്കുന്നതെന്താണു്?—പ്രാകൃതിക സൗന്ദര്യത്താൽ അനുഗൃഹീതമായ ഒരു ദൈവഭൂവിഭാഗം; മറുഭാഗത്താകട്ടെ, മനുഷ്യന്റെ കർമ്മകുശലതയുടെയും, കലാബോധത്തിന്റെയും, വരിഷ്ടകാര്യസിദ്ധിയുടെയും പ്രാതിനിധ്യം വഹിക്കുന്ന ഒരു കൃത്രിമഭൂവിഭാഗം. ഇരുവശത്തും അവൻ സൗന്ദര്യം ദർശിക്കുന്നുണ്ടു്. ഇവ രണ്ടും പ്രഥമവീക്ഷണത്തിൽത്തന്നെ അവനെ ആനന്ദതുന്ദിലനാക്കുന്നുണ്ടു്. അപ്രകാരമായിരുന്നാൽ ഇവ രണ്ടും തമ്മിലുള്ള സൗന്ദര്യത്തിന്റെ ആന്തരികസത്തയിലുള്ള വ്യതിവൈകല്യങ്ങളും വൈവിധ്യവിശേഷതകളും എന്തിൽ സ്ഥിതിചെയ്യുന്നു? കുറച്ചു ചിന്തിച്ചാൽ മനസ്സിലാകുവാൻ സാധിക്കുന്നതാണു്. ഒന്നിൽ സ്ഥിതിചെയ്യുന്ന ആന്തരികശക്തി സുസ്ഥിരമായ സൗന്ദര്യബോധത്തേയും, മറുവശത്തുള്ളതു് താൽക്കാലികമായ സൗന്ദര്യബോധത്തേയും ഉളവാക്കുവാൻ മാത്രം പര്യാപ്തമായിട്ടുള്ളതാണെന്നു്. അപ്രകാരമുള്ള പ്രകൃതിയുടെ സൗന്ദര്യത്തെക്കുറിച്ചാണു് കവികൾ പാടിയിട്ടുള്ളതു്. ആ സൗന്ദര്യത്തിന്റെ തൂലികാസ്ഫുരങ്ങളാണു് കാളിദാസൻ, വേഡ്സ്‌വർത്ത് തുടങ്ങിയ വിശ്വവിശ്രുതരായ കവികുലശ്രേഷ്ഠന്മാരുടെ സംഭാവനകൾ. അപ്രകാരമുള്ള പ്രകൃതിയെ ഇണക്കിയെടുത്തു് സ്വായത്തമാക്കി തന്റെകൂടെ പാർപ്പിക്കുവാൻ ശ്രമിക്കുകയാണു് ആധുനികമനുഷ്യൻ. അവന്റെ പ്രവൃത്തിയിൽ പരിപൂർണ്ണമായ പരാജയം കൈവരാനിടയില്ല. എങ്കിലും പ്രകൃതിയുടെ പവിത്രതയെ മനുഷ്യൻ കൃത്രിമതയിലേക്കു വിവർത്തനം ചെയ്താൽ വൈകല്യരഹിതമായ വിജയം കൈവരിക്കുവാൻ ഇടയാകുന്നതല്ല.

അവ്യക്തമായ നിരവധി താത്ത്വിക ചിന്താശകലങ്ങളാൽ സംവിധാനം ചെയ്യപ്പെട്ടതാണു് ആ പവിത്രത. അതിനു് അല്പംപോലും കോട്ടമോ ഉടവോ തട്ടാതെ പ്രകൃതിയെ ഒന്നിച്ചു വാരിയെടുത്തു് നമ്മുടെ നഗരത്തിൽ നിക്ഷേപിക്കുന്നപക്ഷം അതു് വിജയകരമായിരിക്കുമെന്നു് തോന്നുന്നില്ല. എങ്കിലും തോട്ടത്തിൽ മുഴുവൻ കൃത്രിമസൗന്ദര്യത്തെ അടിച്ചേൽപ്പിക്കുന്ന മനുഷ്യൻ പ്രകൃതിയിലും ആ വേലതന്നെ ചെയ്തുവരുന്നു. അതുകൊണ്ടു മുൻ പറഞ്ഞ പവിത്രതയ്ക്കു് അല്പം മ്ലാനത കൈവരുന്നുണ്ടെങ്കിലും ബാഹ്യരൂപത്തിനു് ഗണ്യമായ ദോഷങ്ങളൊന്നും സംഭവിക്കുന്നില്ല. തന്മൂലം പ്രകൃതിപാഠങ്ങളെ അഭ്യസിക്കുവാനെന്ന പ്രതീതി ഉളവാക്കുമാറു്, പ്രകൃതിയുടെ വിഭവങ്ങൾ നാഗരികതയുടെ കരിമ്പടമുപയോഗിച്ചു് കൃത്രിമവേഷമണിയിച്ചുകെട്ടിച്ചമച്ചൊരുക്കി നഷ്ടമായ തേജസ്സിനെ വീണ്ടെടുക്കുവാൻ വേണ്ടി പട്ടണങ്ങളിൽ ചമയിച്ചുണ്ടാക്കിയ പ്രാകൃതികവസ്തുവിശേഷതകളാണു് നമ്മളിന്നു വീക്ഷിക്കുന്ന നഗരോദ്യാനങ്ങൾ. അവയുടെ വ്യക്തിത്വത്തെ ജനിപ്പിക്കുന്ന വിശേഷതകൾ മനുഷ്യന്റെ കൈകടത്തൽ മൂലം കുറഞ്ഞു വരുന്നതായി അനുഭവപ്പെടുന്നുണ്ടെങ്കിലും പട്ടണവാസികൾക്കു് അവ സുനിശ്ചിതമായും അനുഗൃഹീതമായ ചില വസ്തുക്കളാണെന്നു് പറയേണ്ടിയിരിക്കുന്നു.

ഒരു ഗ്രാമീണമനുഷ്യന്റെ പ്രകൃതിയോടുള്ള ബന്ധവും ഒരു നാഗരികന്റെ പ്രകൃതിയോടുള്ള ബന്ധവും തമ്മിൽ സാരമായ വ്യത്യാസം കാണാവുന്നതാണു്. നാഗരികന്റെ ഹൃദയമാകട്ടെ കൺകുളിർമ്മ നൽകുന്ന ഒരു പ്രകൃതിവിഭാഗത്തിന്റെ

പ്രഥമവീക്ഷണത്തിൽത്തന്നെ അതിന്റെ ലാവണ്യത്തിൽ ലയിച്ചുപോകുന്നു—ചിര വിരഹത്തിനുശേഷം ആദ്യമായി തന്റെ കാമിനിയെ ദർശിക്കുന്ന കാമുകന്റെ ഹൃദയമെന്നപോലെ, ഒരു ഗ്രാമീണൻ നിത്യപാനം ചെയ്യുന്നതാണ് പ്രകൃതിലാവണ്യം. അതിലവന് ആർത്തിയില്ല, നീരസവുമില്ല, ദൈനംദിന ബുഭുക്ഷയെ ശമിപ്പിക്കുന്ന ഒരു മാന്ത്രികാഹാരം മാത്രമായിട്ടാണ് അവനതനുഭവപ്പെടുന്നത്.

പ്രഥമവേളയിൽ ഞാനൊരു നഗരോദ്യാനത്തിൽ പ്രവേശിക്കുമ്പോൾ കണ്വാശ്രമത്തിലെ പ്രകൃതിയല്ല എനിക്കനുഭവപ്പെടുന്നത്. ശകുന്തളയേയോ സഖിമാരേയോ ഞാനവിടെ വീക്ഷിക്കുന്നില്ല. മാത്രമല്ല, സ്വമനസ്സാലെത്തന്നെ സാലവൃക്ഷങ്ങളെ കെട്ടിപ്പുണർന്നു നിൽക്കുന്ന മുല്ലവള്ളികളേയോ, ആത്മസംതൃപ്തിയോടുകൂടി യഥേഷ്ടം ചുററിയുലാത്തി മനുഷ്യരോടൊന്നിച്ച് നടക്കുന്ന മാൻപേടകളേയോ ഞാനവിടെ ദർശിക്കുന്നില്ല. പഴമയുടെ പൊട്ടിയ ഇഴകളിൽ പിടിച്ചുനിന്നുകൊണ്ട് മുറവിളികൂട്ടുകയാണ് പ്രകൃതിയുടെ നിയമങ്ങൾ എന്ന ധാരണയാൽ സൗകര്യാർത്ഥം സജ്ജീകൃതമാക്കിയമട്ടിലാണ് ഇന്നത്തെ നഗരോദ്യാനങ്ങളെ അണിയിച്ചൊരുക്കിയിരിക്കുന്നത്. നഗരോദ്യാനത്തിൽ പ്രവേശിച്ചു കഴിഞ്ഞാൽ ജനബാഹുല്യം കുറഞ്ഞ ഒരു കോണിൽച്ചെന്ന് പച്ചപ്പുല്ലുവിരിച്ച പരവധാനിയിൽ കാലും നിവർത്തി ഇരിപ്പുറപ്പിക്കും ഞാൻ. പൂററമുള്ള ചില കരിമ്പനകളിന്മേൽ പൂത്തുനിൽക്കുന്ന ലതകളെ ചരടുകൊണ്ട് ബന്ധിച്ചു നിറുത്തിയിരിക്കുന്നതായിക്കാണാം—ആത്മസ്വാതന്ത്ര്യത്തെ അവഗണിച്ച് അന്യകാമുകരിൽ നിർബ്ബന്ധിച്ചേല്പിക്കപ്പെട്ട പെൺകൊടികളെപ്പോലെ. ആ വഴിക്കുവരുന്ന നിരവധി ജനങ്ങൾ പൂത്തുനിൽക്കുന്ന ആ വള്ളികളിൽത്തന്നെ ഉററുനോക്കിക്കൊണ്ട് പോകുന്നതുകൊണ്ടുള്ള ലജ്ജനിമിത്തമെന്ന് തോന്നിക്കുമാറ് അവയുടെ ശിരസ്സുകൾ നമ്രങ്ങളായിരിക്കുന്നതായി കാണാം. സായാഹ്നസൂര്യന്റെ സൗവർണ്ണകിരണങ്ങളേററ് മിന്നിത്തിളങ്ങുന്ന, മണിമാളികകളിന്മേലെ കണ്ണാടികളിൽ നിന്ന് പ്രതിഫലിക്കുന്ന കിരണങ്ങളേററ് എന്റെ കണ്ണുകൾ പലപ്പോഴും അഞ്ചിപ്പോകാറുണ്ട്. പതികൾ വേർപിരിഞ്ഞുപോകുന്ന പതിവ്രതമാരെപ്പോലെ ചില വൃക്ഷങ്ങളുടെ ഇലകൾ, പകൽ മുഴുവൻ തങ്ങൾക്ക് ചൂടും വെളിച്ചവും തന്ന് സംരക്ഷിച്ചിരുന്ന സൂര്യൻ വിടവാങ്ങുമ്പോൾ, ദുഃഖസമേതം ആലസ്യത്താലെ അടഞ്ഞുപോകുന്നു. കുഞ്ഞിളംകാററിൽപ്പെട്ട് കൗതുകത്തോടെ ആടിയുലയുന്ന ആരാമ രാജ്ഞിമാരെക്കണ്ട് ഞാൻ പലപ്പോഴും അന്ധാളിച്ചിരുന്നുപോയിട്ടുണ്ട്. ഒരുപക്ഷെ, അവരെന്റെ മനസ്സിലുണർത്തുന്ന അന്യോന്യബന്ധത്തിന്റെ തീക്ഷ്ണതകൊണ്ടായിരിക്കാമത്. എങ്കിലും അതിനെപ്പററി കൂടുതലായി ആലോചിക്കുന്തോറും അവ്യക്തമായ പ്രശ്നങ്ങളാണ് എനിക്കഭിമുഖീഭവിക്കാറുള്ളത്.

ഒന്നുരണ്ടു കൊച്ചാറുകൾ വളഞ്ഞു പുളഞ്ഞൊഴുകുന്ന ഒരു സാനുപ്രദേശം, അവയുടെ കരകളിൽ പച്ചപിടിച്ചുനിൽക്കുന്ന വൃക്ഷലതാദികൾ; വാസന്തികവിലാസംകൊണ്ട് പുഷ്പിച്ചുനിൽക്കുന്ന തരുലതാദികളിൽ ചെന്ന് പററിക്കൂടുന്ന വണ്ടുകൾ—ഈ വിധത്തിലുള്ള ഒരാരാമം നഗരത്തിൽ കെട്ടിച്ചമക്കുവാൻ അസാദ്ധ്യമാണ്. ഒരു നഗരത്തിൽ വസിക്കുന്ന ജനവിഭാഗത്തിൽ ഭൂരിപക്ഷവും ഓരോ പ്രവൃത്തികളിൽ ഏർപ്പെട്ടിരിക്കുകയാണ്. വൈകുന്നേരത്തെ ക്ഷണിക വിശ്രമമാണു അവർക്കാശ്വാസം നൽകുന്നത്. പരിഷ്കാരം പുരോഗമിക്കുന്നതോടൊന്നിച്ച് സമയത്തിന്റെ വില വർദ്ധിച്ചിരിക്കുകയാണ്. അതിനാൽ കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ആവശ്യങ്ങൾ സാധിച്ചുകിട്ടുക എന്നായിത്തീർന്നിരിക്കുകയാണ് ആധുനികമനുഷ്യന്റെ നില. നാനാപ്രവൃത്തികളിലും സമയം ലാഭിക്കുവാൻ ശ്രമിക്കുന്ന ആധുനികമനുഷ്യൻ വിശ്രമത്തിലും സൗന്ദര്യാസ്വാദനത്തിലും അതേ നിലതന്നെ സ്വീകരിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. ഒരു നഗരവാസിക്ക് സ്വന്തം കൃഷിചെയ്തെടുത്ത് കിട്ടുന്ന സാധനങ്ങൾ ഭക്ഷിക്കുവാൻ സാധിക്കുന്നതല്ല. അതുപോലെത്തന്നെ എന്നു പറയാം പ്രകൃതിയുടെ സൗന്ദര്യാസ്വാദനവും. പല ഭാഗങ്ങളിലും നിന്ന് ഊററിയെടുത്തുകൊണ്ടുവന്ന് പ്രകൃതിയുടെ സത്ത നഗരത്തിലെവിടെയെങ്കിലും നിക്ഷേപിക്കപ്പെടുന്നു. അതാണ് നാഗരീകന്റെ പ്രകൃതിപാഠം. ആ വിധത്തിലുള്ള ഒരു നഗരോദ്യാനമാണ് ഞാൻ വിഭാവനം ചെയ്യുന്നത്.

(44-ാം പേജിന്റെ തുടർച്ച)

കൾ നീലാകാശത്തോട് നമ്മസല്ലാപംചെയ്യുകയാണവിടെ. നടക്കാവുകളും പൂഞ്ചോലകളുംകൊണ്ടുള്ളൊരുദ്യാനത്തിൽ ചിരിച്ചുകൊണ്ടൊഴുകുന്നൊരു കാട്ടരുവിയാണ് വാട്ടർവർക്ക്സ്.

അടുത്തദിവസത്തെ പരിപാടി ഗുൽമാർഗ്ഗിലേക്കായിരുന്നു. മഴയേയും തണുപ്പിനേയും വെല്ലുവിളിച്ചുകൊണ്ട് കമ്പിളിയുമായി ഞങ്ങൾ ബസ്സിൽ യാത്രയായി. മനംകവരുന്ന മായാസൗന്ദര്യമാണ് തങ്കമാർഗ്ഗ്‌വരെയുള്ള ബസ്സ്യാത്രയിൽ അനുഭവപ്പെടുന്നത്. ബസ്സ് നിന്നു. ഞങ്ങൾ കുതിരപ്പുറത്ത് യാത്രയായി ഗുൽമാർഗ്ഗിലേക്ക്. ഏതാണ്ട് നാലുമൈൽദൂരം കീഴ്ക്കാംതൂക്കായ പാതയിലൂടെ ഗുൽമാർഗ്ഗിലെത്തി ഹിമപ്പരപ്പിൽ വിശ്രമിക്കുന്നതിനിടെ അങ്ങകലെ താഴ്വരയിൽ കാണായ താഴികക്കുടംവച്ച ക്ഷേത്രത്തിലെത്തി എന്റെ നയനങ്ങൾ. തിരികെ തങ്കമാർഗ്ഗിൽ വന്ന് ഞങ്ങൾ ബസ്സിൽ മടങ്ങി. പിറേറദിവസം രാവിലെ മടക്കയാത്ര ആരംഭിക്കുകയായി.

## പഠാൻകോട്ട്.

പത്താൻകോട്ടേയ്ക്ക് ബസ്സ് നീങ്ങി. അകൃത്രിമസുന്ദരമായ പ്രകൃതിമനോഹാരിത ഹൃദയം നിറഞ്ഞൊഴുകുകയായങ്ങനെ. പട്ടണപ്രാന്തത്തിൽ കാണാമൊരു അമ്പലത്തിന്റെ അസ്ഥിവാരം. ദ്വാരപാലകരും ദീപവാഹികളും സോപാനവും മററും ചിന്നിച്ചിതറിയ കൽത്തുണ്ടുകളിൽ സ്പഷ്ടമായിക്കാണാം. പ്രൗഢഗംഭീരങ്ങളായ ഹിമവൽശൃംഗങ്ങളിലൂടെ ഞങ്ങൾ മൂടൽമഞ്ഞിനേയും തകർത്തുകൊണ്ട് ത്വരിതഗമനംചെയ്തു. കാമധേനുവും ദിലീപനും ആ ഹിമവൽസാനുക്കളിൽക്കൂടി ഇന്നും ജീവിക്കുകയാണ്. സന്ധ്യയോടുകൂടി ഞങ്ങൾ ജമ്മുവിലെ ഡാക്ക്ബംഗ്ലാവിലെത്തിച്ചേർന്നു. പിറേറദിവസം പ്രഭാതം പൊട്ടിവിടരുംമുമ്പേ ഞങ്ങളുടെ ബസ്സ് വീണ്ടും ഹിമവാന്റെ നെറുകയിലെത്തി. ഝലംനദി കടന്ന് പത്താൻകോട്ടെത്തി റയിൽവേസ്റ്റേഷനടുത്തുള്ള മലയാളിഹോട്ടലിൽ നിന്നും ഞങ്ങൾ ഊണുകഴിച്ചു. 'മാതൃഭൂമി'പ്പതിപ്പുണ്ടായിരുന്നവിടെ, കൃഷ്ണന്റെയും പരമശിവന്റെയും വള്ളത്തോളിന്റെയും പടങ്ങൾ പതിച്ച ഹോട്ടൽ മുറിയിൽ. വൈകുന്നേരമായപ്പോൾ ദില്ലിയ്ക്ക് ഞങ്ങൾ യാത്രയായി.

## ദില്ലിവഴി ബോംബേയ്ക്ക്.

നിശാദേവിയുടെ അന്തർധാനത്തോടെ ന്യൂഡൽഹി റയിൽവേസ്റ്റേഷനിൽ ഞങ്ങളെത്തിച്ചേർന്നു. മുന്നിലെ പൂന്തോട്ടത്തിലുണ്ട് മാർബിളിലൊരു വീണാവാദിനി. വായുനിബദ്ധമായ മുറികളിലാണ് പരിപാടികൾ—സംഗീതം, നാടകം അങ്ങനെ പലതും. സുപ്രീംകോടതി സന്ദർശിച്ച് മടങ്ങവേ മദ്രാസിഹോട്ടലിൽ നിന്ന് ഊണുകഴിഞ്ഞ്, ഞങ്ങൾ പഴയ ദില്ലിയിലേക്കു തീവണ്ടി കയറി. ജാലകങ്ങളിലൂടെക്കാണാം പല സ്മാരകമന്ദിരങ്ങൾ, ഹിന്ദുമുസ്ലീം മൈത്രിയുടെ സുന്ദരഭാവങ്ങളിൽ. ത്രിവർണ്ണപതാക പാറുന്ന ജയ്പ്പൂർ കോട്ടകൊത്തളങ്ങൾ കാണായി രജപുത്രരുടെ രാജഗൃഹത്തിൽ. രാജസ്ഥാനിലെ പുറംപൊള്ളുന്ന ചൂടുകൊണ്ട് ട്രെയിൻ മുന്നോട്ടു കുതിച്ചു. മുസൽമാന്റെ മുമ്പിൽ മുട്ടുകുത്താത്ത മഹാറാണായുടെ വീര്യം വിജയിക്കുകയാണാ പർവ്വതപ്രാന്തങ്ങളിൽ. സന്ധ്യയോടടുത്ത് ട്രെയിൻ നിന്നു ഒരു സ്റ്റേഷനിൽ. രജപുത്രർ വാളും കഠാരയും വിൽക്കുകയാണവിടെ. രാജപുഠാണാ മണൽത്തരിയ്ക്കുമുണ്ട് പ്രതാപന്റെ മാനസംരക്ഷണവീര്യം. ട്രെയിൻ സബർമതിയാററിലെ പാലം കടന്നപ്പോൾ ഒരു സഹയാത്രികനോർമ്മിപ്പിച്ചു, അന്ധകാരാവൃതമായ ചുററുപാടിലൂടെ ഉററുനോക്കിക്കൊണ്ടു ആലക്തികദീപങ്ങൾ അങ്ങു വിദൂരതയിൽ നിൽക്കുന്ന അവിടെയാണ് സബർമതി ആശ്രമമെന്ന്. എന്റെ ചിന്തകൾ സബർമതിയിൽവച്ചു നടത്തപ്പെട്ട ആ യജ്ഞത്തിന്റെ രംഗങ്ങളിലേക്കു പറന്നെത്തി. ആ കാലത്തിലേക്കുയർന്നുനിൽക്കുന്ന തുണിമില്ലുക



MAR IVANIOS COLLEGE LIBRARY DIGITAL REPOSITORY

ളിലെ പുകക്കുഴലുകൾ പർവ്വതാകാരമായിക്കാണാം.

ട്രെയിൻ പ്രയാണമാരംഭിച്ചു. രാത്രിയുടെ ഏകാന്തതയിൽ വിന്ധ്യനിരകൾക്കപ്പുറത്തു് ഭാവനയിൽ തെളിയുകയായി ഉജ്ജയിനിയും വിക്രമാദിത്യനും കാളിദാസനും ഭവഭൂതിയും, അങ്ങനെ ചരിത്രത്തിന്റെ ശോഭായമാനമായ ഏടുകൾ. കാലത്തിന്റെ യവനിക മാററിക്കൊണ്ടു് ട്രെയിൻ മുന്നോട്ടാണു്. മേയ് ഒന്നാംതീയതി "മൗനമായ് രഹസ്യങ്ങളോതുന്ന സൗധങ്ങൾ" നിറഞ്ഞ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ ഇളം ചേവടികൾ പതിഞ്ഞ മണ്ണിൽ—ബോംബെയിൽ—ഞങ്ങളെത്തി.

## ബോംബെയിൽ.

